Reg. No. M. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻ്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 26 | 1128 മിഥുനം 17—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1953 ജൂലൈ 1 | ലക്കം 43

## ജൂലൈ 3 — നമ്മുടെ പിതൃദിനം

(ഫാ. ജെ. ഹില്ലാരിയോൻ ടി. ഒ. സി. ഡി., എം. എ.)

ജൂലൈ മൂന്നാം തീയതിയാണല്ലോ നമ്മുടെ പിതൃദിനം. അന്നാണു് നമ്മുടെ "ജാതീയദിന"മെന്നു് പറഞ്ഞാൽ അതു് വിഭാഗികമായ ഒരു "ചിന്താസന്താന"മായി വല്ലവരും പരിഗണിച്ചേക്കുമെന്നു് ഭയന്നാണു് പിതൃദിനമെന്നു് "ദുക്റാനാ" ദിനത്തെ നാമകരണം ചെയ്തിരിക്കുന്നതു്. സന്താനസഹജമായ ആനന്ദത്തിൻ്റേയും അഭിമാനത്തിൻ്റേയും ഭക്തിപ്രചുരിമയുടേയും പ്രത്യേകമായ പ്രകടനദിവസമാണതു്. ഈ സുദിനത്തിലാണു് കത്തോലിക്കർ, പ്രത്യേകിച്ചു് മലങ്കരനസ്രാണികൾ മാർത്തോമ്മാശ്ലീഹായുടെ മരണസ്മരണ ഭക്ത്യാദരപൂർവ്വം ആചരിക്കുന്നതു്.

ക്രിസ്തുമതത്തിൻ്റെ ജനനാബ്ദത്തിൽത്തന്നെ നമ്മുടെ പൂർവ്വികന്മാരെയും അവർവഴി നമ്മെയും ക്രിസ്തുവിൽ ജനിപ്പിച്ച നമ്മുടെ ആദ്ധ്യാത്മികപിതാവാണു് മാർത്തോമ്മാശ്ലീഹ. ഈ പ്രേഷിതവീരൻ്റെ കേരളപ്രവേശം, മതപ്രബോധനം, ദേവാലയസ്ഥാപനം, ധീരചരമം മുതലായ സംഭവങ്ങൾ അനിഷേദ്ധ്യങ്ങളായ വസ്തുതകളാണെങ്കിലും ചില പണ്ഡിതമ്മന്യന്മാർ, ഈ അടുത്ത കാലത്തുപോലും നമ്മുടെ ചില കത്തോലിക്കാ പത്രങ്ങൾ വഴി അവയുടെ വാസ്തവികതയെ ചോദ്യംചെയ്യുകയും മൈലാപ്പൂരിലേക്കും മററുമുള്ള ഭക്തതീർത്ഥകരെ അധിക്ഷേപിക്കുകയും ചെയ്യുകയുണ്ടായല്ലോ. ഇങ്ങനെയുള്ളവർ പത്രോസിൻ്റെ റോമാപ്രവേശത്തേയും പാവനമായ മററു സത്യങ്ങളേയും ചോദ്യം ചെയ്യുകയില്ലേ എന്നു സംശയിക്കുന്നു. എന്നാൽ "വസ്തുതയ്ക്കെതിരായ ന്യായമില്ലെ"ന്നു മാത്രം പറഞ്ഞുകൊള്ളട്ടെ.

സംശയാതീതമായ മറെറാരു സംഗതിയാണു്, നമ്മുടെ പിതാവിൻ്റെ ചരമദിവസം "ദുക്റാനാ" തിരുനാൾ (ജൂലൈ 3-ാംനു-)തന്നെയാണെന്നുള്ളതു്. ആദ്യശതാബ്ദത്തിൽത്തന്നെ വിരചിതമായ ഒരു ചരിത്രഗ്രന്ഥത്തെ ആധാരമാക്കി നമ്മുടെ പിതാവിൻ്റെ ഒരു ജീവചരിത്രസംഗ്രഹം 1601-ൽ ഒരു മലയാളി വൈദികൻ വിരചിക്കയുണ്ടായി. ഇതിൽ നമ്മുടെ സിദ്ധൻ ക്രിസ്ത്വബ്ദം 72 ജൂലൈ മൂന്നാം തീയതി മൈലാപ്പൂരിൽവച്ചു് വിശ്വാസത്തെപ്രതി ചോരചൊരിഞ്ഞു് മരിച്ചെന്നു് സുവ്യക്തമായി പ്രസ്താവിക്കപ്പെട്ടിരിക്കുന്നു. നാലാം ശതകത്തിൽ ജീവിച്ചിരുന്ന പണ്ഡിതാഗ്രേസരനായ വി. അപ്രേം പ്രസ്തുതതീയതിയിൽത്തന്നെ ശ്ലീഹായുടെ മരണത്തിരുനാൾ കേരളത്തിലും സിറിയായിലും ആഘോഷിക്കപ്പെട്ടിരുന്നെന്നും പറയുന്നുണ്ടു്. അപ്രകാരം തന്നെ മെസൊപ്പൊട്ടോമിയാ, പാലസ്റ്റൈൻ, പേർഷ്യ മുതലായ രാജ്യങ്ങളിലെ വ്യത്യസ്തറീത്തുകാരായ ക്രിസ്ത്യാനികളും ഈ സുദിനത്തെയാണു് അവിടത്തെ നിര്യാണദിവസമായി പരിഗണിച്ചു് ആചരിച്ചുപോരുന്നതു്.



ശ്ലീഹായുടെ വീരചരമരംഗമായ മൈലാപ്പൂരിൽത്തന്നെ അവിടത്തെ മൃതശരീരം സംസ്കരിക്കപ്പെട്ടു. ക്രിസ്ത്വാബ്ദം 232-ൽ പൂജ്യാവശിഷ്ടങ്ങൾ അവിടെനിന്നും അക്കാലത്തു് ഒരു ക്രിസ്തീയ കേന്ദ്രമായി പരിലസിച്ചിരുന്ന എദേസായിലേക്കും അനന്തരം കീയോസ് (Chios) ദ്വീപിലേക്കും അവിടെനിന്നു് വീണ്ടും 13-ാം ശതാബ്ദത്തിൻ്റെ ആരംഭഘട്ടത്തിൽ ഇററലിയുടെ പൂർവ്വതീരത്തു് സ്ഥിതിചെയ്യുന്ന "ഓർത്തോന"നഗരത്തിലേക്കും മാററിസ്ഥാപിക്കപ്പെട്ടു. തോമ്മാശ്ലീഹായുടെ നാമത്തിലുള്ള അവിടത്തെ ഭദ്രാസനദേവാലയത്തിൽ സൂക്ഷിക്കപ്പെട്ടിരുന്ന പ്രസ്തുതാവശിഷ്ടങ്ങൾ കഴിഞ്ഞ സമരസാഹചര്യങ്ങളിൽ ഭദ്രമായിരിക്കുന്നതിനുവേണ്ടി ഡോൻ പിംത്രോനി ഫൾവയായിലെ പ്രസ്ബിററിയിലേക്കു് മാററപ്പെടുകയുണ്ടായി. പ്രസ്തുത ദേവാലയം ജർമ്മൻകാരുടെ ബോമ്പിനു് ഇരയായിത്തീർന്നെങ്കിലും വിശുദ്ധ ശിരസ്സിനും മററും യാതൊരു കേടും സംഭവിച്ചില്ലെന്നുള്ളതു് ക്രിസ്തീയ ലോകത്തിനു പൊതുവിലും, കേരളീയക്രിസ്ത്യാനികൾക്കു് പ്രത്യേകിച്ചും സന്തോഷാവഹമാണു്.

ഓർത്തോനാനിവാസികൾക്കു് ഈ വിശുദ്ധൻ്റെ നേർക്കുള്ള ഭക്തി അത്ഭുതാവഹമാണെന്നാണു് അടുത്തകാലത്തു് അവിടം സന്ദർശിച്ച കേരളീയർ പ്രസ്താവിച്ചതു്. ഓർത്തോനായിൽ മാത്രമല്ല മററു പല സ്ഥലങ്ങളിലും അവിടത്തെ തിരുനാൾ ഭക്ത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്നുണ്ടു്. വിദേശീയവിശ്വാസികൾ ഇത്ര വലിയ മാർത്തോമ്മാഭക്തരെങ്കിൽ, മാർത്തോമ്മാക്രിസ്ത്യാനികളെന്ന അപരാഭിധാനത്തിൽ സന്യായം അഭിമാനിക്കുന്ന നാം നമ്മുടെ പിതാവിനോടു് എമ്മാത്രം ഭക്തിസ്നേഹാദരങ്ങൾ പ്രകടിപ്പിക്കേണ്ടതാണെന്നു് പ്രത്യേകം പറയണമെന്നില്ലല്ലോ. ഇക്കാര്യത്തിൽ നമ്മുടെ പൂർവ്വികന്മാർതന്നെ നമുക്കു് മാർഗ്ഗദർശികളായിരിക്കേണ്ടതാണു്. മദ്ധ്യശതകങ്ങളിൽ കേരളത്തിൽവന്ന ഒരു വൈദേശികവൈദികൻ അന്നത്തെ കേരളീയരുടെ മാർത്തോമ്മാഭക്തിയെക്കുറിച്ചു് പ്രസ്താവിച്ചിരിക്കുന്നതിൽനിന്നും അതു് എത്ര അധികമായിരുന്നുവെന്നു് ഏറെക്കുറെ നമുക്കും മനസ്സിലാക്കാവുന്നതാണു്. (Cf. "മാർത്തോമ്മാക്രിസ്ത്യാനികൾ" Vol. II. P. 92) പിതൃഭക്തരായിരുന്ന അവരെ അനുകരിച്ചു് മാർത്തോമ്മാഭക്തിയിൽ അനുദിനം നമുക്കു അഭിവൃദ്ധി പ്രാപിക്കാം.

എന്നാൽ "ആത്മശോധ"നകളുടെ ഈ കാലത്തു് നാം, വൈദികരും അത്മായരും, ഒന്നു ചിന്തിക്കണം. വെറും ഒച്ചപ്പാടിൻ്റേയും ആർഭാടത്തിൻ്റേയും ഈകാലത്തു്, ശബ്ദായമാനമായി, വിദേശപത്രങ്ങളിൽപ്പോലും വലിയ അക്ഷരത്തിൽ നമ്മുടെ ശതാബ്ദജൂബിലിയാഘോഷങ്ങളുടെ റിപ്പോർട്ടുകൾ പ്രസിദ്ധപ്പെടുത്തിയതുകൊണ്ടോ, വമ്പിച്ചതോതിൽ ബാങ്ക്വററുകളും, തിരുനാളാഘോഷങ്ങളും നടത്തുന്നതുകൊണ്ടോ, മാർത്തോമ്മാശ്ലീഹായോടുള്ള നമ്മുടെ ഭക്തിപ്രകടനത്തിൻ്റെ പാരമ്യത്തിൽ എത്തിച്ചേർന്നെന്നു് നാം വിചാരിക്കുന്നെങ്കിൽ അതിൽപ്പരം മൗഢ്യം ഇല്ലതന്നെ. നാം നമ്മെത്തന്നെ നന്നാക്കണം. ക്രിസ്തുകേന്ദ്രീകൃതവും വരപ്രസാദസമ്പൂർണ്ണവുമായ ഒരു ജീവിതം നാം ജീവിക്കണം. നമ്മുടെ വിചാരത്തിലും, നോക്കിലും, വാക്കിലും, പ്രവൃത്തിയിലും നമ്മുടെ കത്തോലിക്കത്വം പ്രത്യക്ഷപ്പെടണം. അനുനിമിഷ കത്തോലിക്കരായി നാം ജീവിക്കണം. നാമെല്ലാവരും, വൈദികരും അൽമായരും, വിമർശാതീതരാണെന്നു് വിചാരിച്ചു് സ്വയം നീതീകൃതരായി കഴിഞ്ഞുകൂടിയാൽ, നമ്മുടെ രഹസ്യമായ നിസ്സാരചലനങ്ങളെ

പ്പോലും സൂക്ഷ്മമായി നിരീക്ഷണംചെയ്തുകൊണ്ടിരിക്കുന്ന ലോകം തൃപ്തിപ്പെടുവാൻ പോകുന്നില്ല. നമ്മുടെ പിതാവു് തത്വങ്ങൾക്കനുസൃതമായി ജീവിച്ചവനാണു്. സ്വന്തം മനോബോദ്ധ്യത്തിൻെറ ധൈര്യവും വീര്യവും അനുസരിച്ചു് നാം ജീവിക്കണം. താല്ക്കാലികമായ ലാഭത്തിനോ നാമത്തിനോ, സ്വന്തം നാടിൻേറയും പ്രവിശ്യയുടേയും ചില വ്യക്തികളുടേയും അഭിലാഷത്തെ തൃപ്തിപ്പെടുത്തുന്നതിനോ വേണ്ടി നമ്മുടെ ന്യായമായ ബോദ്ധ്യങ്ങളെ നാം ബലികഴിക്കരുതു്. തത്വങ്ങൾക്കനുസൃതമായ ഒരു ജീവിതംതന്നെയാണല്ലോ (Life dominated by Principles) സ്വഭാവം (character) എന്നു പറയുന്നതു്. നമ്മുടെ കത്തോലിക്കാസ്വഭാവംതത്വങ്ങൾക്കനുസൃതമായിരിക്കണം. എന്നാലേ നമ്മുടെ കത്തോലിക്കത്വം നമ്മുടെ പിതാവു് ആഗ്രഹിക്കുന്ന തരത്തിലുള്ളതായിരിക്കയുള്ളു.

മാത്രമല്ല കേരളനൃപൻെറ പണംവാങ്ങി ദരിദ്രക്കുകൊടുത്തിട്ടു് സ്വർഗ്ഗത്തിൽ കൊട്ടാരം പണിതീർത്ത വി. തോമ്മാശ്ലീഹാ ദരിദ്രജനസേവനത്തിൻെറ ഉത്തമമാതൃകയാണു്. നാം ഇന്നു് കമ്മ്യൂണിസത്തെപ്പോലുള്ള നശീകരഇസങ്ങളെ ആട്ടിപ്പായിക്കുന്നതിനു് വെമ്പൽകൊള്ളുകയാണല്ലോ. അതിനായി പല നവംനവ പദ്ധതികളും നാം വെട്ടിത്തുറക്കുന്നുമുണ്ടു്. എന്നാൽ പ്രായോഗികമായ പലേ തുറകളും ഇനിയും കിടപ്പുണ്ടെന്നുള്ളതു് നാം വിസ്മരിക്കരുതു്. കത്തോലിക്കാ സാഹിത്യപ്രചരണം നല്ലതുതന്നെ, സംശയമില്ല. എന്നാൽ ഇംഗ്ലീഷിൽ അടിക്കപ്പെടുന്ന പത്രമാസികകൾ അമേരിക്കയിൽനിന്നുംമററും ഇവിടെ വരുത്തി പ്രചരിപ്പിക്കുന്നതുകൊണ്ടു് കുറച്ചുപേർക്കുമാത്രമേ പ്രയോജനമുണ്ടാകയുള്ളുവെന്നു് നാം അനുസ്മരിക്കണം. ഇന്നു് ബി. എ. ബിരുദം സമ്പാദിച്ചു പുറത്തിറങ്ങുന്നവർക്കുപോലും ഇത്തരം പത്രമാസികകൾ വായിച്ചു് കാര്യം മുഴുവൻ മനസ്സിലാക്കാൻ തക്ക ഭാഷാപ്രാവീണ്യമുണ്ടോ എന്നു് അങ്ങനെയുള്ളവരെ പഠിപ്പിച്ചുകൊണ്ടിരിക്കുന്ന ഈയുള്ളവനെപ്പോലുള്ളവർക്കു് ഏറെക്കുറെ അറിയാം. അതുകൊണ്ടു് മലയാളത്തിലുള്ള കത്തോലിക്കാസാഹിത്യമാണു് ഇന്നത്തെ ഏററം വലിയ ഒരാവശ്യം.

മാത്രമല്ല മാന്യകുടുംബത്തിൽ പെട്ടവരും എന്നാൽ ദരിദ്രരും, ഭിക്ഷ യാചിക്കുന്നതിനു് കുടുംബാഭിമാനം അനുവദിക്കാത്തവരുമായ അനേകംപേർ നമ്മുടെ നാട്ടിലുണ്ടു്. അങ്ങനെയുള്ളവരുടെ കുടുംബങ്ങളിലെ പെൺകുട്ടികളെ ജീവിതാന്തസ്സിൽ പ്രവേശിപ്പിക്കുന്നതിനു് ആവശ്യമായ പണമില്ലാത്തതുകൊണ്ടു് മനഃക്ലേശം അനുഭവിക്കുന്നവരായി ഇന്നു് നമ്മുടെയിടയിൽ പലരുമുണ്ടു്. ഇങ്ങനെയുള്ളവരെ സഹായിക്കുന്ന ധനികർ വളരെവളരെ ചുരുക്കമാണു്. അതുകൊണ്ടു് തൊഴിലാളിയും സാധുജനസ്നേഹിയുമായ നമ്മുടെ പിതാവിൻെറ മരണസ്മരണ ആഘോഷിക്കുന്ന ഈ അവസരത്തിൽ, മേൽപ്പറഞ്ഞ നമ്മുടെ സഹോദരങ്ങളെ സഹായിക്കുന്നതിനുള്ള ഒരു മൂലധനം നിർമ്മിക്കുന്നതിനു് നമ്മുടെ ധനികരായ പ്രമാണികൾ മുന്നോട്ടുവരട്ടെ. കോൺഗ്രസുകളും കോൺഫറൻസുകളും ധാരാളമുണ്ടാകുന്നുണ്ടെങ്കിലും, പ്രമേയങ്ങൾ പലതും പാസാകുന്നുണ്ടെങ്കിലും, ഏതാദൃശരായ "പാവങ്ങളു"ടെകാര്യം അവിടെയുണ്ടോ പര്യാലോചനയ്ക്കു് വിഷയമാകാൻപോകുന്നു! ഈ തുറയിൽ നാം എന്തെങ്കിലും കാര്യക്ഷമമായി പ്രവർത്തിക്കണം. ഇന്നത്തെ യാചകപ്രശ്നത്തെക്കാൾ വലിയ ഒരു പ്രശ്നമാണിതു്.

മറെറാരു സംഗതി, നമ്മുടെ പിതാവിനോടുള്ള നമ്മുടെ ഭക്തി യഥാർത്ഥമാണെങ്കിൽ അവിടുത്തെ അനുഗമിച്ചുകൊണ്ടു് മതപ്രചരണാർത്ഥം, ആത്മാർത്ഥമായി നാം പ്രവർത്തിക്കാതിരിക്കയില്ല. ഈ അപ്പസ്തോലവര്യൻെറ പ്രേഷിതരംഗമായ ഭാരതം 19 നൂററാണ്ടുകൾക്കുശേഷവും ഒരു അക്രൈസ്തവരാജ്യമായിത്തന്നെ സ്ഥിതിചെയ്യുന്നു എന്നുള്ളതു് എത്രയോ മർമ്മഭേദകമായ ഒരു സംഗതിയാണു്. "ഭാരതമേ, നിൻെറ രക്ഷ നിൻെറ സന്താനങ്ങളിലത്രെ സ്ഥിതിചെയ്യുന്നതു്" എന്നുള്ള ഭാഗ്യസ്മരണാർഹനായ 13-ാം ലെയോൻ മാർപ്പാപ്പായുടെ ചിന്താപ്രചോദകമായ വാക്കുകളാൽ പ്രബുദ്ധരും പ്രേരിതരുമായി നമ്മുടെ യുവതീയുവാക്കന്മാർ ഭാരതത്തിൻെറ നാനാഭാഗങ്ങളിലേക്കും പോയി അപ്പസ്തോലജോലി സ്തുത്യർഹമായി നിർവഹിച്ചുപോരുന്നു എന്നുള്ളതു് ചാരിതാർത്ഥ്യജനകംതന്നെ. എന്നാൽ വിളവു് അധികവും വേലക്കാർ വിരളവുമാണെന്നുള്ള നമ്മുടെ കർത്താവിൻെറ ഹൃദയരോദനം ഇന്നും തുടർന്നുകൊണ്ടുതന്നേയിരിക്കുന്നു. ആകയാൽ ദൈവാഹ്വാനം ശ്രവിക്കുന്നവരെല്ലാം കർമ്മധീരതയോടും, ത്യാഗസന്നദ്ധതയോടുംകൂടെ പ്രേഷിതരംഗത്തേക്കു് ഇറങ്ങി പുറപ്പെടട്ടെ. പ്രത്യേകമായ ഈശ്വരാഹ്വാനം ലഭിക്കാത്തവർ തങ്ങളുടെ ജീവിതായോധനരംഗങ്ങളിൽത്തന്നെ, അൽമായാപ്പസ്തോലന്മാരായി പ്രവർത്തിച്ചുകൊണ്ടു് പ്രേഷിതവൃത്തിയിൽ വൈദികവൃന്ദത്തെ ഉദാരഹൃദയരായി സഹായിക്കട്ടെ. ധനദാനം, കത്തോലിക്കാസാഹിത്യപ്രചരണം, പ്രായശ്ചിത്തത്തോടുകൂടിയ പ്രാർത്ഥന, എല്ലാററിലും ഉപരിയായി മാതൃകാപരമായ കത്തോലിക്കാജീവിതം, എന്നീ വിവിധങ്ങളായ പ്രായോഗികമാർഗ്ഗങ്ങളിലൂടെ നമ്മുടെ മാതൃഭൂമിയായ ഭാരതത്തിൻെറ മതാത്മകമായ പരിവർത്തനം വേഗം സാധിതമാകട്ടെ. രാഷ്ട്രീയവും സാമുദായികവുമായ പ്രതിബന്ധങ്ങൾ പലതുമുണ്ടായെന്നുവരും. എന്നാൽ നാം ഭഗ്നാശരാകരുതു്. അവയെ മാററുന്നതിനു് പരമാവധി നാം പരിശ്രമിക്കണം. അധഃകൃതരും സാധുക്കളുമായവരെ മാത്രമല്ല നമുക്കു് മാനസാന്തരപ്പെടുത്തുവാനുള്ളതു്. പണ്ഡിതരേയും, ധനികരേയും, രാഷ്ട്രീയനേതാക്കന്മാരേയും നാം മാനസാന്തരപ്പെടുത്തണം. ഇതു് സമരപ്രഖ്യാപനമാണു്. ഇതു് ഒരു രഹസ്യമൊന്നുമല്ല. മിശിഹായുടെ അനുശാസനമാണു്. അതു് നിർവഹിക്കേണ്ടതു് അവിടുത്തെ അനുയായികളുടെ കടമയുമാണല്ലോ. ഹിററ്ലർ "മെയിം കാംഫി"ൽ പറഞ്ഞിട്ടുണ്ടു്, കത്തോലിക്കാസഭയുടെ മതപ്രചരണപ്രസ്ഥാനം പാശ്ചാത്യഭൂവിഭാഗത്തിൽ അവർക്കുണ്ടായിട്ടുള്ള രാഷ്ട്രീയനഷ്ടത്തെ പരിഹരിക്കാനുള്ള ഒരു സൂത്രമാണെന്നു്. എന്നാൽ നമുക്കറിയാം രാഷ്ട്രീയമായ ഒരു സ്ഥാപനമല്ല കത്തോലിക്കാസഭയെന്നു്. അതു് ആദ്ധ്യാത്മികമാണു്. രാഷ്ട്രങ്ങൾക്കും ജാതികൾക്കും അതീതമാണു്. "അവനോടുകൂടി പോയി നമുക്കും മരിക്കാം" എന്നു് നമ്മുടെ പിതാവിനോടുകൂടി നമുക്കു പറയാം.

കേരളകത്തോലിക്കർക്കു് അതിവാഹ്ലാദകരമായ ഈ പിതൃദിനത്തിൽ, നമ്മുടെ വത്സലപിതാവു്, നമ്മുടെമേലും ഭാരതവർഷത്തിന്മേലും അവിടുത്തെ ആശിസ്സുകൾ സമൃദ്ധമായി പൊഴിഞ്ഞരുളട്ടെയെന്നു് അകമഴിഞ്ഞു് പ്രാർത്ഥിച്ചുകൊണ്ടു് ഈ ലേഖനം ഉപസംഹരിച്ചുകൊള്ളുന്നു.

## ജീവചരിത്രപംക്തി

### ലേണാർഡോ ദ വീഞ്ചി

ഒരുത്തമകത്തോലിക്കനായി ജീവിച്ചു് മൃതിയടഞ്ഞ ഒരു പ്രസിദ്ധ കലാകാരനും ശാസ്ത്രജ്ഞനുമാണു് ലേണാർഡോ ദ വീഞ്ചി. "മതം കൂടാതെയുള്ള ശാസ്ത്രം ചുക്കാനില്ലാത്ത കപ്പൽപോലെയാണു്", "നന്നായി വിനിയോഗിക്കുന്ന ഒരു ജീവിതം ദീർഘമായ ഒരു ജീവിതമായി പരിഗണിക്കപ്പെടാം" എന്നിങ്ങനെയുള്ള അദ്ദേഹത്തിൻെറ പ്രസ്താവങ്ങൾ അദ്ദേഹത്തിൻെറ മതനിഷ്ഠയേയും ജീവിതാദർശത്തേയും തുറന്നുകാണിക്കുന്നുണ്ടു്.

1452-ൽ ദ വീഞ്ചി, ഇററലിയിൽ അഞ്ചിയാനോ എന്ന സ്ഥലത്തു ജാതനാകയും 1519-ൽ മൃതിയടയുകയും ചെയ്തു. അങ്ങനെ 67 കൊല്ലംദീർഘിച്ച ആ ജീവിതത്തിനിടയ്ക്കു്, അദ്ദേഹം കലാദൃഷ്ട്യാ അനന്യസാധാരണമായ മേന്മയുള്ള നിരവധി ചിത്രങ്ങൾ വരയ്ക്കുകയുണ്ടായി. അവയിൽവച്ചു് വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണു് "ഒടുവിലത്തെ അത്താഴ"ത്തിൻെറ ചിത്രം. അദ്ദേഹമെഴുതിയ സ്വന്തം ചിത്രമാണു് മുകളിൽ കൊടുത്തിരിക്കുന്നതു്.



അദ്ദേഹത്തിൻെറ നോട്ടുബുക്കുകൾ എല്ലാംകൂടി ഏതാണ്ടു് 4000 പേജുകൾ വരും. അവ ലോകത്തിനു ലഭിച്ചിരിക്കുന്ന ഒരമൂല്യസമ്പത്താണെന്നു നിസ്സംശയം പറയാം. അദ്ദേഹം പലപ്പോഴായി കുത്തിക്കുറിച്ച അഭിപ്രായങ്ങളും നിരീക്ഷണങ്ങളും, ലേഖനംചെയ്ത സ്കെച്ചുകളും അവയിൽ പെടുന്നു. ശരീരശാസ്ത്രം, സസ്യശാസ്ത്രം, ജ്യോതിശ്ശാസ്ത്രം, രസതന്ത്രം മുതലായ വിജ്ഞാനശാഖകളിൽ അദ്ദേഹം പല കണ്ടുപിടിത്തങ്ങളും നടത്തിട്ടുണ്ടു്. പ്രസ്തുതവിഷയങ്ങൾ സംബന്ധിച്ചു് പുരോഗമനാത്മകങ്ങളായ പല വിവരങ്ങളും ദ വീഞ്ചിയുടെ നോട്ടുബുക്കുകളിൽ കാണാം.

### നാസ്തിക കന്യാസ്ത്രീയായി— ധന്യയുമായേക്കാം

ദക്ഷിണാഫ്റിക്കയിലെ പരേതയായ ഒരു കന്യാസ്ത്രീയുടെ മാദ്ധ്യസ്ഥ്യത്താൽ അവിടത്തെകത്തോലിക്കർക്കു് പല അനുഗ്രഹങ്ങളും അസാധാരണങ്ങളായ രോഗശമനങ്ങളും ലഭിച്ചുവരുന്നതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു. കന്യാസ്ത്രീയുടെ പേരു ത്രിത്വത്തിൻെറ സിസ്റ്റർ മേരി എന്നാണു്. 1942-ൽ അവർ നിര്യാതയായി. 1901-ൽ പ്രെറോറിയ എന്ന സ്ഥലത്താണു് അവർ ജാതയായതു്. ആദ്യത്തെ പേർ ലൂയിസ ജാക്സ് എന്നായിരുന്നു. പിതാവു് ഒരു പ്രോട്ടസ്റ്റൻറു് മിഷനറിയായിരുന്നു. മാതാവു് ലൂയിസയെ പ്രസവിച്ചപ്പോൾ മൃതിയടഞ്ഞു. തന്മൂലം സ്വിററ്സർലണ്ടിലെ ചില മിത്രങ്ങളാണു് ശിശുവിനെ വളത്തിയതു്. പില്ക്കാലത്തു് ജീവിതാരിഷ്ടതകൾമൂലം ലൂയിസനൈരാശ്യത്തിലും, തദ്വാരാ നിരീശ്വരത്വത്തിലും നിപതിക്കാൻ ഇടയായത്രെ. പിന്നീടു് അവളൊരു കത്തോലിക്കയാകയും പത്തുകൊല്ലങ്ങൾക്കുശേഷം ഒരു കന്യാസ്ത്രീയാകയും ചെയ്തു. അനന്തരജീവിതം അതിമനോഹരമായിരുന്നു. നിഷ്കന്മഷതയുടേയും അനുസരണത്തിൻേറയും പരസ്നേഹത്തിൻേറയും മാതൃകയായി ലൂയിസ (സിസ്റ്റർ മേരി) പരിലസിച്ചു. ഫാദർ ലാംബർട്ടു് ല്യൂസൻ ഒ. എസ്സു്. ബി. ഈ സഹോദരി ധന്യപദം പ്രാപിക്കാൻ ഇടയാകുന്നതിനുവേണ്ടി പ്രാർത്ഥിക്കാൻ ഉദ്ബോധിപ്പിച്ചിരിക്കുന്നു.

## ജനകീയസാഹിത്യമുന്നണി

(ജോസഫ് മീനാട്ടൂർ)

കമ്മ്യൂണിസ്റ്റു് വിരുദ്ധമുന്നണിയുടെ നേതൃത്വത്തിൽ ഒരു ജനകീയസാഹിത്യമുന്നണി ഉടലെടുത്തതിൽ ആനന്ദിക്കുന്നു. സാഹിത്യമുന്നണിയിലെ അംഗങ്ങൾ ശ്രദ്ധിക്കേണ്ട ഒന്നു രണ്ടു കാര്യങ്ങളെപ്പററി പറഞ്ഞാൽ അവർ തെററിദ്ധരിക്കുകയോ കോപിക്കുകയോ ചെയ്യുകയില്ലെന്നു പ്രതീക്ഷിക്കുന്നു.



കമ്മ്യൂണിസ്റ്റുരെപ്പററി എഴുതുമ്പോൾ പ്രതിപക്ഷബഹുമാനത്തോടെ എഴുതേണ്ടതാണു്. ഒരു തുള്ളി തേനിനു് ഒരു കലം വിനാഗരിയെക്കാൾ വശ്യശക്തിയുണ്ടെന്നുള്ള സലേസീയനിർദ്ദേശം നാം വിസ്മരിക്കരുതു്. കമ്മ്യൂണിസ്റ്റുമാർ ഉപയോഗിക്കുന്ന ഉപവികലരാത്ത ഭാഷയാണു് നാമും ഉപയോഗിക്കുന്നതെങ്കിൽ, അവരെക്കാൾ നമുക്കു സാരമായ മേന്മയൊന്നുമില്ലെന്നു് അനുവാചകന്മാർ ധരിച്ചേക്കും. "കണ്ണിനു കണ്ണു് മൂക്കിനു മൂക്കു്" എന്ന പഴയ നിയമവിധികളല്ലല്ലോ പരസ്നേഹചൈതന്യംകൊണ്ടു നിറഞ്ഞ നാം സ്വീകരിച്ചിട്ടുള്ളതു്.

"കമ്മ്യൂണിസ്റ്റു് കഴുതകൾ" എന്നും മററും കമ്മ്യൂണിസ്റ്റുരെ വിളിക്കുന്നതു ഉപവിയല്ലെന്നു മാത്രമല്ല, പരമാർത്ഥവുമല്ല. ധീശക്തി തികഞ്ഞ ചിലർ കമ്മ്യൂണിസ്റ്റുരാണെന്നുള്ള കാര്യം വ്യസനപൂർവ്വം സമ്മതിക്കേണ്ടിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകൾ എന്നു പറയുന്നതുതന്നെ മലയാളഭാഷയിലെ സാധാരണ പ്രയോഗം അനുസരിച്ചു നോക്കിയാൽ വർജ്ജ്യമാണു്. കമ്മ്യൂണിസ്റ്റുമാർ, കമ്മ്യൂണിസ്റ്റുർ, കമ്മ്യൂണിസവാദികൾ, കമ്മ്യൂണിസക്കാർ എന്നു ഏതെങ്കിലും പറയുന്നതാണു് മെച്ചം. (ഇംഗ്ലണ്ടുകാർ എന്ന അർത്ഥത്തിൽ ഇംഗ്ലീഷുകാർ എന്നു പ്രയോഗിച്ചുകാണാറുണ്ടെങ്കിലും കമ്മ്യൂണിസ്റ്റുകാർ എന്ന പ്രയോഗം ശരിയല്ലെന്നു തോന്നുന്നു.)

കമ്മ്യൂണിസ്റ്റുരെപ്പററി കഥകൾ എഴുതുമ്പോൾ അവരെയെല്ലാം അസാന്മാർഗ്ഗികജീവിതം നയിക്കുന്നവരായി ചിത്രീകരിക്കുന്നതും ശരിയല്ല. ചില കഥകൾ വായിക്കുമ്പോൾ തോന്നിപ്പോകും അവർ കമ്മ്യൂണിസ്റ്റുരായതുതന്നെ അസാന്മാർഗ്ഗികജീവിതം കഴിക്കുവാൻ വേണ്ടിയാണെന്നു്. മററു പല "ഇസ"ക്കാരുടെ ഇടയിലും വിഷയസുഖലോലുപന്മാരുള്ളതുപോലെ അവരുടെ ഇടയിലും കാണും. അവരുടെ ഇടയിൽ ആത്മാർത്ഥമായി കമ്മ്യൂണിസത്തിൽ വിശ്വസിക്കുന്ന ചില ആദർശവാദികളുണ്ടെന്നും ഈ ആദർശവാദികൾ കമ്മ്യൂണിസത്തിൽ വിശ്വസിക്കുന്നതും അതു പ്രചരിപ്പിക്കുവാൻ ശ്രമിക്കുന്നതും സദുദ്ദേശത്തോടുകൂടിയാണെന്നും ഉള്ള പരമാർത്ഥം വിസ്മരിച്ചുകൂടാ.

ക്രിസ്തീയ സാമൂഹ്യതത്വങ്ങൾ പാലിക്കുന്ന ധനവാന്മാരെ, അതിശയോക്തികൂടാതെ, കഥകളിൽ ചിത്രീകരിക്കുന്നതു്, കമ്മ്യൂണിസ്റ്റുരെ അപലപിക്കുന്നതിനെക്കാൾ, സമുദായോന്നമനത്തിനു പ്രയോജനകരമായിരിക്കും. അവർക്കു് അനുഗമിക്കുവാൻ സാധിക്കുന്ന മാതൃകകൾ അവരുടെ മുന്നിൽ പ്രദർശിപ്പിക്കുകയാണു് സാധാരണന്മാർക്കു് പ്രയോജനകരം. മുതലാളിമാരെ, വിശുദ്ധ ഫ്റാൻസിസ് അസീസിയുടെ തനിപ്പകർപ്പായി എടുത്തുകാണിച്ചാൽ അവർക്കു യഥാർത്ഥഗുണം ഒട്ടും ഉണ്ടായിരിക്കയില്ല. സാമാന്യ മനുഷ്യത്വമുള്ളവരും ക്രിസ്തുസാമൂഹ്യതത്വങ്ങൾ ഗ്രഹിച്ചിട്ടുള്ളവരുമായ മുതലാളിമാരേയും അവരോടൊത്തു സംതൃപ്തിയോടും സൗഭാഗ്യത്തോടുംകൂടി കഴിയുന്ന തൊഴിലാളിമാരേയും ചിത്രീകരിക്കുന്ന കഥകളായിരിക്കും കമ്മ്യൂണിസ്റ്റു് വിരുദ്ധപ്രസ്ഥാനത്തിൽ കൂടുതൽ പ്രയോജനപ്പെടുന്നതു്.

കമ്മ്യൂണിസ്റ്റുരെ സ്നേഹിക്കുകയും കമ്മ്യൂണിസ്റ്റു സിദ്ധാന്തത്തെ വെറുക്കുകയുമാണല്ലോ ഒരു ക്രിസ്ത്യാനിയുടെ ധർമ്മം. അവർ ചെയ്യുന്നതു് എന്താണെന്നു അവർ അറിയുന്നില്ല, എന്നുള്ളതു മാത്രമാണു് അവരുടെ പ്രധാനമായ അപരാധം.

——

തൈക്കാട്ടുമൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ (റെയിൽവെസ്റ്റേഷനു സമീപം)
എല്ലാ വ്യാഴാഴ്ചയും ഒരുമണിമുതൽ അഞ്ചുമണിവരെ
ഇ. ടി. ആര്യൻമൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതുമാണു്.

# വൈദികനും സൺഡേസ്കൂളും

(ഫാ. ഫിലിപ്പ് ആലുംപറമ്പിൽ)

വൈദികൻ വേദോപദേശം പഠിപ്പിക്കണം. സമത്ഥരായ അദ്ധ്യാപകർ ഇക്കാര്യത്തിൽ വൈദികൻ്റെ വലംകൈയായി വർത്തിക്കണം. നാം വിശ്വസിക്കയും അനുസരിക്കയും ചെയ്യേണ്ടവയാണു വേദോപദേശത്തിൻ്റെ ഉള്ളടക്കം. അതു ദൈവവചനത്തിൻ്റെ സംഗ്രഹമാണ്. പ്രഖ്യാതമായ പല പുസ്തകങ്ങളിൽ കാണുന്നതിനെക്കാൾ ശ്രേഷ്ഠമായ ആത്മീയാഹാരവും ചിന്താവിഷയവും വേദപാഠത്തിൽ കാണുന്നു.

ചെറുപ്പത്തിൽ പഠിച്ച ചെറിയ വേദോപദേശമാണു നിയമപരമായ തൻ്റെ അറിവിൻ്റെയെല്ലാം അടിസ്ഥാനമായി നില്ക്കുന്നതെന്നു ചീഫ് ജസ്റ്റിസ് Tony ഒരിക്കൽ പ്രസ്താവിക്കയുണ്ടായി.

രക്ഷാകരസത്യങ്ങൾ പ്രസംഗിക്കുവാൻ ക്രിസ്തുവിൻ്റെ പ്രാതിനിധ്യം വഹിക്കുന്ന വൈദികൻ ബാദ്ധ്യസ്ഥനാണ്. അതു ദേവാലയത്തിൽ ഒരുമിച്ചു കൂടുന്നവരോടു മാത്രമല്ല. എല്ലാവരോടും. കുട്ടികളും അതിൽ ഉൾപ്പെടുന്നു. സ്കൂളിൽവച്ചായാലും പള്ളിയിൽവച്ചായാലും അവരെയും പഠിപ്പിക്കണം. പ്രായത്തിനും ഗ്രഹണശക്തിക്കും അനുസരണമായ വിധത്തിൽ അഭ്യസിപ്പിക്കണം. വി. അപ്പസ്തോലൻ ചെയ്തതുപോലെ "ക്രിസ്തുവിൽ ശിശുക്കളെപ്പോലെ ദുർബലരായവക്കു പാലും ശക്തന്മാക്കു ഗുരുഭക്ഷണവും" കൊടുക്കുവാൻ വൈദികനു ചുമതലയുണ്ട്. ബാല്യാൽപ്രഭൃതി അതു നൽകപ്പെടണം. അപ്പോൾ കൂടുതൽ എളുപ്പമാകും. ഫലപ്രദമാകും. ആകയാൽ മിശിഹായുടെ സന്ദേശവാഹിയായ പുരോഹിതനു തൻ്റെ ചുമതലകളിൽ ഏററം സ്വാഭാവികമായിത്തോന്നേണ്ടതും ഏററം ആനന്ദപ്രദമായി തീരേണ്ടതുമത്രേ വേദപാഠം പഠിപ്പിക്കൽ.

കുട്ടികളെ മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനു പുരോഹിതനുള്ള ന്യായം ക്രിസ്തുവിൻ്റെ ന്യായംതന്നെയാണ്; ഏററം വലിയ പ്രേരണ ക്രിസ്തുനാഥൻ്റെ മാതൃകതന്നെയാണ്. ശിശുക്കളെ സംബന്ധിച്ച് അവിടുന്നു അരുളിയ വചനങ്ങൾതന്നെ നമുക്കു ഒരുമിച്ചുവച്ചുനോക്കാം. അവയിൽനിന്നു വ്യക്തമാകും അവരോടുള്ള അവിടുത്തെ വാത്സല്യം എത്ര സീമാതീതമാണെന്നു്.

"ആകാശത്തിൻ്റെയും ഭൂമിയുടേയും നാഥാ, ഞാൻ നിന്നെ സ്തുതിക്കുന്നു. എന്തുകൊണ്ടെന്നാൽ നീ ഇവ ബുദ്ധിമാന്മാരിൽനിന്നും വിവേകികളിൽനിന്നും മറച്ച് ശിശുക്കൾക്കു വെളിപ്പെടുത്തിയിരിക്കുന്നു." (മത്താ: XI-25)


"ഈശോ തൻ്റെ പക്കലേക്കു ഒരു കുട്ടിയെ വിളിച്ച് അവനെ അവരുടെ മദ്ധ്യത്തിൽ നിറുത്തിയിട്ടു പറഞ്ഞു: സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ മാനസാന്തരപ്പെട്ടു ശിശുക്കളെപ്പോലെ ആകുകയില്ലായെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. ഈ കൊച്ചു കുട്ടിയെപ്പോലെ തന്നത്താൻ എളിമപ്പെടുത്തുന്നവനാരോ അവൻ സ്വർഗ്ഗരാജ്യത്തിൽ വലിയവൻ ആയിരിക്കും. എൻ്റെ നാമത്തിൽ ഇത്തരം ഒരു ശിശുവിനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുവനെ ഉതപ്പിക്കുന്നവൻ അവൻ്റെ കഴുത്തിൽ ഒരു തിരികല്ലുകെട്ടി സമുദ്രത്തിൻ്റെ ആഴത്തിൽ താഴ്ത്തപ്പെടുന്നതു അവനു നല്ലതാകുന്നു." "അപ്പോൾ അവരുടെമേൽ കൈവച്ചു പ്രാത്ഥിക്കുന്നതിനു ശിശുക്കൾ അവൻ്റെ പക്കൽ കൊണ്ടുവരപ്പെട്ടു. ശിഷ്യന്മാരോ അവരെ ശാസിച്ചു. എന്നാൽ ഈശോ അവരോടു പറഞ്ഞു: "ശിശുക്കൾ എൻ്റെ പക്കൽ വരുവാൻ അനുവദിക്കുക. അവരെ തടയേണ്ട. സ്വർഗ്ഗരാജ്യം അവരെപ്പോലുള്ളവർക്കാകുന്നു". പിന്നെ അവൻ അവരുടെമേൽ കൈവച്ചശേഷമോ അവിടെനിന്നു പോയി."

"ദാവീദിൻ്റെ പുത്രനു് ഓശാന എന്നു ആർപ്പുവിളിക്കുന്ന കുട്ടികളെ കണ്ടപ്പോൾ പ്രധാനാചാര്യന്മാക്കും പ്രീശക്കും നീരസമുണ്ടായി. ആകയാൽ അവർ അവനോടു്: ഇവർ പറയുന്നതു് എന്തെന്നു നീ കേൾക്കുന്നുവോ? എന്നു ചോദിക്കുന്നു. ഈശോ അവരോടു അരുൾചെയ്യുന്നു: ഉവ്വ് പൈതങ്ങളുടേയും ശിശുക്കളുടേയും വായിൽനിന്നു നീ പുകഴ്ച ഉറപ്പിച്ചു എന്നു നിങ്ങൾ ഒരിക്കലും വായിച്ചിട്ടില്ലയോ?"

ശിശുക്കളുടെ നൈമ്മല്യം അവരെ ദൈവവചനത്തിൻ്റെ ഉത്തമപാത്രങ്ങളാക്കുന്നു; സ്വർഗ്ഗരാജ്യത്തിൻ്റെ യോഗ്യരായ അവകാശികളാക്കുന്നു. അവിടുന്നു സ്നേഹസമന്വിതം അവരെ ആലിംഗനം ചെയ്തു; ആശീർവ്വദിച്ചു അവരെ ഉതപ്പിക്കുന്നവരെ കഠിനമായി ശകാരിച്ചു. ശിക്ഷിക്കുമെന്നു ഭയപ്പെടുത്തി. അവരെ തന്നിൽനിന്നു് അകററാൻ ശ്രമിച്ചവരെ നിരോധിച്ചു. അവരോടു കാണിക്കുന്ന പൈതൃകമായ സ്നേഹം തന്നോടുതന്നെ കാണിക്കുന്നതായി അവിടുന്നു പരിഗണിക്കുന്നു. ജനതയുടെ പ്രശംസയിൽനിന്നു് ഓടിയകന്ന നാഥൻ, അവർ രാജാവാക്കാൻ വന്നപ്പോൾ മാഞ്ഞുകളഞ്ഞ അവിടുന്നു്, ശിശുക്കളുടെ "ഓശാന" സാനുഭാവം സ്വീകരിക്കുന്നു. കുഞ്ഞാടിൻ്റെ ദഹനബലി നിത്യപിതാവിനു പ്രസാദിച്ചതുപോലെ ക്രിസ്തീയ സമൂഹത്തിലെ ശിശുക്കളുടെ "ഓശാന" സുതനായ ദൈവത്തിനു സുതരാം പ്രസാദകരമാകുന്നു.

ക്രിസ്തുവിൻ്റെ മനോഹരമായ ഈ മാതൃക കൺമുമ്പിലുണ്ടായിരുന്ന സഭാപിതാക്കന്മാർ, അവിടുത്തെ ആശയം യഥാതഥം ഗ്രഹിച്ച പ്രശസ്തന്മാരായ മെത്രാന്മാർ, വൈദികർ, പണ്ഡിതന്മാർ, അപ്പസ്തോലിക ചൈതന്യം ഉടലെടുത്ത മിഷനറിമാർ ഇവരെല്ലാം എവിടെയും, എക്കാലവും ബാലികാബാലന്മാരെ വേദപാഠം പഠിപ്പിക്കുന്നതിൽ അതീവ ശ്രദ്ധ പതിപ്പിച്ചിരുന്നു.

നമുക്കും അവരെ അനുകരിക്കാം. സൺഡേസ്കൂൾ കൂടുതൽ കാര്യക്ഷമമാക്കാം. ക്ലാസുമുറകൾ ക്രമപ്പെടുത്തിയ മതതത്വബോധിനി ഭാഗ്യവശാൽ ഇന്നു നമുക്കുണ്ടു്. അവ എല്ലാ കുട്ടികളും ഉപയോഗിക്കണം. സമത്ഥന്മാരായ അദ്ധ്യാപകർ നമുക്കുണ്ടു്. അവരുടെ സഹകരണം നാം സമ്പാദിക്കണം. ക്ലാസ് ഏററം ആകർഷകമാക്കിയാൽ പഠിക്കുവാൻ വരുന്ന കുട്ടികളുടെ സംഖ്യയും വർദ്ധിക്കും. സാദ്ധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ച് ഓരോ ഇടവകയിലേയും സൺഡേസ്കൂൾ അങ്ങേ അററം പ്രയോജനകരമാക്കാൻ നമ്മൾ ശ്രമിച്ചിരുന്നെങ്കിൽ!!



Sr. Alphonsa, I.C.

In profound gratitude to Sr. Alphonsa.

Fr. Paul A. George

# പുസ്തകാഭിപ്രായം

## സ്നേഹഗായികയും ശോകനായികയും

(അനുവാദകൻ: പി. എക്സ്. പുല്ലുവിള പ്രസാധകർ: എസ്. എച്ച് ലീഗ് അപ്പസ്തോലിക്ക് സെമിനാരി, ആലുവാ. വില 6-0 7-0 അണ വീതം)

വിശ്വവിഖ്യാതനായ മോൺ. ഫുൾട്ടൺ ജെ. ഷീൻ തിരുമേനിയുടെ "ദി വേൾഡ്സ് ഫസ്റ്റ് ലവ്" എന്ന പ്രസിദ്ധഗ്രന്ഥത്തിൽനിന്നും തയാറാക്കിയ രണ്ടു ലഘുഗ്രന്ഥങ്ങളാണ് സ്നേഹഗായികയും ശോകനായികയും വിജ്ഞമായ പ്രദേശങ്ങളുകൂടി യാത്രയാരംഭിച്ച് അൽത്തിക്കേള്ള നഗരങ്ങളിലെത്തിക്കുന്ന ഷീൻ തിരുമേനിയുടെ ഗ്രന്ഥങ്ങളുടെ പ്രത്യേകതി ഈ ലഘുഗ്രന്ഥങ്ങളിലുമുണ്ട്.

സ്വാതന്ത്ര്യത്തിൻ്റെയും സ്നേഹത്തിൻ്റെയും ചേരുവയാണു് സ്വർഗ്ഗസ്നേഹമെന്നും, കന്യകാമറിയത്തോടുള്ള മംഗലവാത്തയിലും അതിൻ്റെ സ്വീകരണത്തിലും രാസയോഗം സംഭവിച്ച ധാതുക്കളാണിവയെന്നും അതിൽനിന്നും ഉടലെടുത്ത സ്നേഹത്തിൻ്റെയും സേവനത്തിൻ്റെയും വിപ്ലവഗീതമാണ് "മാഗ്നിഫിക്കാത്ത" എന്ന ഗീതമെന്നും, വിദ്വേഷത്തിൻ്റെയും വിപ്ലവത്തിൻ്റെയും പുറകേ പായുന്ന ലോകത്തിനു് യേശുവിൻ്റെ അനുസരണയും അധ്വാനവും പാഠമാണെന്നും കൃശിതനായിക്കിടന്ന യേശു മനുഷ്യരാശിയുടെ മാതാവായി കല്പിച്ചുതന്ന കന്യകാമറിയം അനുഭവിക്കേണ്ടിവന്ന പീഡനങ്ങൾ മറിയത്തിൻ്റെ മനുഷ്യവംശത്തോടുള്ള അനന്തസ്നേഹത്തിൽ ലീനമാണെന്നും മറിയം സഹിക്കേണ്ടിവന്ന ഏഴു വ്യാകുലവെഡ്ഗപ്രയോഗങ്ങൾ മനുഷ്യരാശിയോടുള്ള പുത്രവാത്സല്യത്തിൻ്റെ മൂത്തിഭാവമാണെന്നും ഈ ലഘുഗ്രന്ഥങ്ങളിൽ വ്യവഹരിക്കുന്നു.

ആഴവും ഒഴുക്കുമുള്ള ആശയങ്ങൾ ഷീൻ തിരുമേനിയുടെ കൈവിരുതോടും ശാസ്ത്രവൈദഗ്ദ്ധ്യത്തോടുംകൂടിത്തന്നെ ഈ ലഘുഗ്രന്ഥങ്ങളിലും പ്രകാശിപ്പിക്കപ്പെട്ടിട്ടുണ്ട്. തോമസ് മോർട്ടൻ്റെയും വേർഡ്സ്വത്തിൻ്റെയും ഗീതങ്ങളിലെങ്കിൽത്തന്നെ പ്രൗഢമായ ആശയങ്ങൾ, അവയുടെ ദ്രാവിഡവൃത്തത്തിലുള്ള പരിഭാഷയോടുകൂടി പരിപുഷ്ടമാക്കപ്പെട്ടിട്ടുമുണ്ട്. യുക്തിയും വിശ്വാസവും പൊരുത്തപ്പെടുത്തുന്ന ഇത്തരം ഗ്രന്ഥങ്ങളാണ് ഇന്നത്തെ ആവശ്യവും. ഒഴുക്കും ഓമനത്തവുമുള്ള ഗദ്യസാഹിത്യം സ്വാധീനമുള്ള ഇതിൻ്റെ ഗ്രന്ഥകത്താവിൽനിന്നും കൂടുതൽ അഴകും ആകർഷകത്വവുമുള്ള സംഭാവനങ്ങൾ സഭയും കൈരളിക്കും പ്രതീക്ഷിക്കാവുന്നതാണ്. (എം.)

# ചോദ്യോത്തരപംക്തി

**ചോ:** ഒരു പാപിയെ നിത്യകാലം ശിക്ഷിക്കുന്നതു ഭയങ്കരമായി തോന്നുന്നു. കുറെ നാളത്തെ ശിക്ഷയ്ക്കുശേഷം സ്വർഗ്ഗപ്രവേശമനുവദിക്കുന്നതല്ലേ കൂടുതൽ ഉചിതമായിട്ടുള്ളതു്?

**ഉ:** കുറെനാളത്തെ ശിക്ഷയ്ക്കുശേഷം പാപികളായി മരിച്ച മനുഷ്യർക്കുപോലും സ്വർഗ്ഗപ്രവേശം ലഭിക്കുമെങ്കിൽ, പാപം ചെയ്യുന്നതിനു് അധികം പേർക്കും ഭയം തോന്നുകയില്ല. എങ്ങനെയൊക്കെയായാലും അവസാനം സ്വർഗ്ഗത്തിൽ ചെന്നെത്താമല്ലോ എന്നുള്ള സംഗതി അനർഹമായ ഒരു സുരക്ഷിതത്വം അവക്കു പ്രദാനംചെയ്യും. അങ്ങനെ ദൈവം ഏൎപ്പെടുത്തിയിട്ടുള്ള ധാമ്മികനിയമങ്ങൾതന്നെ നിരത്ഥകങ്ങളായി ഭവിക്കും. പാപത്തിനുള്ള ശിക്ഷ നിത്യമാണെന്നു അറിഞ്ഞിരുന്നിട്ടുകൂടി, ശങ്കാലേശമെന്യേ പാപം ചെയ്യുന്നവർ പലരുമുള്ള സ്ഥിതിക്കു്, ശിക്ഷ നിത്യമല്ലെന്നു വന്നാലത്തെ സ്ഥിതി പറയണമോ! ഒരു സാധാരണ മനുഷ്യൻ ശുദ്ധീകരണസ്ഥലത്തെ അത്രയധികം ഭയപ്പെടുന്നില്ലെന്നുള്ളതു—അത്രെത്ര ബുദ്ധിശൂന്യമായിരുന്നാലും—ഒരു പരമാത്ഥമാണ്. അവിടത്തെ ശിക്ഷയ്ക്കു അവസാനമുണ്ടെന്നുള്ളതാണ് അതിനു കാരണം. നരകശിക്ഷ നിത്യമായിരിക്കുന്നതിനുള്ള താത്വികമായ ന്യായങ്ങളെപ്പററി മുൻലക്കങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതാണ്. അതിലേക്കു വായനക്കാരൻ്റെ ശ്രദ്ധയെ വീണ്ടും ക്ഷണിച്ചുകൊള്ളുന്നു.

**ചോ:** അച്ചന്മാർ നരകത്തെപ്പററിയും മററും പ്രസംഗിച്ചു ജനങ്ങളെ ഭയപ്പെടുത്തുന്നതു കഠിനമല്ലേ?

**ഉ:** ഏതാണു കഠിനതരം, നരകത്തെപ്പററി ഇപ്പോൾ പറഞ്ഞു കേൾക്കുന്നതോ, മരണാനന്തരം നരകത്തിൽ നിപതിക്കുന്നതോ? —"പാപം ചെയ്താൽ നരകശിക്ഷയ്ക്കു വിധിക്കപ്പെടും, ആകയാൽ അനുതപിക്കുക" എന്നു കേൾക്കുന്നതോ, "നീ പാപം ചെയ്തതിനാൽ നരകശിക്ഷയ്ക്കു വിധിക്കപ്പെട്ടിരിക്കുന്നു; ഇനി ഗത്യന്തരമില്ല" എന്നു കേൾക്കുന്നതോ? എങ്ങനെയായാലും, യാതൊരു പുരോഹിതനും നമ്മുടെ കത്താവിനെക്കാളും ശ്ലീഹന്മാരെക്കാളും വിവേകമതിയും ബുദ്ധിമാനും ആകേണ്ടതില്ലല്ലോ. "ശപിക്കപ്പെട്ടവരേ, എന്നിൽനിന്നകന്നു പിശാചിനും അവൻ്റെ ദൂതന്മാക്കുമായി ഉണ്ടാക്കപ്പെട്ടിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ." (മത്തായി 25, 41), "നിൻ്റെ കൈയോ നിൻ്റെ കാലോ നിനക്കു ഇടച്ചുവരുത്തുന്നുവെങ്കിൽ നീ അതു നിന്നിൽനിന്നു വെട്ടി എറിഞ്ഞുകളയുക എന്തുകൊണ്ടെന്നാൽ നീ ഇരുകൈകളുമോ ഇരുകാലുകളുമോ ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ മുടന്തനായോ അംഗഹീനനായോ ആയുസ്സിലേക്കു പ്രവേശിക്കുന്നതു നിനക്കു നല്ലതാകുന്നു." (മത്തായി 18, 8); "...കളകൾ തിരഞ്ഞെടുത്തു അവ ചുട്ടുകളയേണ്ടതിനു കെട്ടുകളായി കെട്ടുവിൻ" (മത്തായി 13 30); "ദൈവത്തെ അറിയാതിരുന്നവരോടും, നമ്മുടെ കത്താവായ ഈശോമിശിഹായുടെ സുവിശേഷം അനുസരിക്കാതിരുന്നവരോടും അഗ്നിജ്വാലകൊണ്ടു് പ്രതികാരം ചെയ്യുമ്പോൾ....." (II തെസ. 1, 8); ഇത്യാദിപ്രസ്താവങ്ങളിലെ ഭയാനകത്വം ആർക്കാണു മാക്കുവാനോ മറയ്ക്കുവാനോ സാധിക്കുക? വലിയ ത്രേസ്യാ പുണ്യവതി പറഞ്ഞുവന്നല്ല് ഇഹത്തിൽവച്ചു നരകത്തെ ഭയപ്പെടാത്തവർ അവിടെ ചെന്നു പതിക്കാൻ ഇടയുണ്ടെന്നാണു്. ഫാത്തിമായിലെ കുട്ടികൾക്കുണ്ടായ നരകദശനമാണു, പാപികളുടെ മാനസാന്തരത്തിനുവേണ്ടി നിരന്തരം പ്രാത്ഥിക്കുവാനും പ്രായശ്ചിത്തകൃത്യങ്ങളനുഷ്ഠിക്കുവാനും അവക്കു പ്രേരണനൽകിയതു്. ആകയാൽ നരകഭയം രക്ഷാകരമാണ്; നരകത്തെപ്പററി പ്രസംഗിക്കുന്നതും ക്ഷേമാകരമാണു്.

# വിനോദവീഥി

ഭത്താവു്: ഇന്നാൾ ഞാനൊരു ചെറിയ കാറപകടത്തിൽപ്പെട്ടു് എൻ്റെ ബോധം പോയി.

ഭാര്യ: ഇനി എന്നാ ബോധം തിരികെ കിട്ടുക?

* * *



"ലെ പാപ്പച്ചൻ കേറുന്ന കേററംകണ്ടോ? അവനോടിങ്ങു താഴെ ഇറങ്ങിപ്പോവാൻ പറയുന്നുണ്ടോ?"

"വേണ്ടടി. കേറട്ടെ. എവറസ്റ്റു കേറിയവനു് വീരമുദ്രകിട്ടി. അവനും കേറി പഠിക്കട്ടെ!!"

* * *

ഒരു ജനപ്രമാണിയുടെ 99-ാമത്തെ ജന്മദിനം പ്രമാണിച്ചു് പത്രറിപ്പോർട്ടർ അദ്ദേഹത്തെ സന്ദശിച്ചു് അനുമോദനങ്ങൾ സമപ്പിച്ചു മടങ്ങിപ്പോന്നപ്പോൾ റിപ്പോർട്ടർ പറഞ്ഞു: "അടുത്ത കൊല്ലം വന്നു 100-ാമത്തെ ജന്മദിനത്തിൽ അങ്ങയെ അനുമോദിക്കാൻ സാധിക്കുമെന്നാണു് എൻ്റെ പ്രതീക്ഷ."

വൃദ്ധൻ: "അതിനെന്താ സംശയം? എൻ്റെ നോട്ടത്തിൽ മോനു് യാതൊരു സുഖക്കേടുമുള്ളതായി തോന്നുന്നില്ല."

* * *



"ഷർട്ടിലെന്താ ഇൗ നൂലുംകെട്ടിയിരിക്കുന്നതു്?"

"പുതിയ കുടയാ. വല്ലേടത്തും വച്ചു മറന്നുപോയാൽ പോയില്ലെ കാര്യം! മറക്കാതിരിക്കാനൊരുപായമാണിക്കെട്ടു്."

സുപ്രസിദ്ധങ്ങളായ 3 സിദ്ധൗഷധങ്ങൾ
നിംബാസവം, ദ്രാക്ഷാംഘൃതം, ശാരിബാതൈലം
കൂടുതൽ വിവരങ്ങൾ "അറിയേണ്ടും കാര്യങ്ങൾ" എന്ന പുസ്തകത്തിൽ.
കാളൻ, നെല്ലായി

# ബാലപാഠം

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,

ലോകത്തിൽ ഒരിൻഡ്യാക്കാരന് അടുത്തയിടെ വലിയ ഒരു നേട്ടമുണ്ടായി. കുഞ്ഞുങ്ങൾക്ക് അതെന്താണെന്നു് അറിയാമായിരിക്കും. നിങ്ങളൊക്കെ പത്രംവായിക്കാറുണ്ടാകും. ലോകത്തിലെ ഏററവും ഉയരംകൂടിയ എവറസ്റ്റ് കൊടുമുടിയുടെ മുകളിൽ ടെൻസിങ്ങ് എന്ന ഇൻഡ്യാക്കാരനും ഹിലാറി എന്ന ഒരു സായിപ്പും കൂടി കയറി. അതുകൊണ്ട് എന്താണെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. ഇതുവരേയും ഒരുത്തരെക്കൊണ്ടും, കഴിഞ്ഞ 25 കൊല്ലത്തെ ശ്രമംകൊണ്ട് എത്തിച്ചേരാൻ സാധിക്കാഞ്ഞ മഞ്ഞു മൂടിക്കിടക്കുന്ന ആ പർവ്വതശിഖരത്തിൽ മനുഷ്യൻ കയറിപ്പററി എന്നതു് അത്ഭുതമല്ലേ? കീഴ്ക്കാംതൂക്കായ പാറകൾ, വെള്ളം മഞ്ഞുകട്ടിയാകുന്ന തണുപ്പ്, ഭയങ്കര കാററ്, ഒരു ജീവരാശി പോലുമില്ലാത്ത നിശ്ശബ്ദത ഇവയെല്ലാം അവഗണിച്ച്, ശ്വാസംകഴിക്കാനുള്ള ശുദ്ധവായു പോലും കുററികളിലാക്കി പുറത്തു കെട്ടിയിട്ടുകൊണ്ട്, ജീവനെ ബലികഴിക്കാനും ഒരുങ്ങിക്കൊണ്ടാണവർ കൊടുമുടി കയറിത്തുടങ്ങിയതു്. ടെൻസിങ്ങാണെങ്കിൽ ഇതിനുമുമ്പ് ഏഴുപ്രാവശ്യം എവറസ്റ്റ് കേറാൻ ശ്രമിച്ചു. അതിലൊക്കെ അയാൾ തോററു. എന്നാലിപ്രാവശ്യം, കഴിഞ്ഞ മേയ് 29-ാംനു, ടെൻസിങ്ങ് വിജയിച്ചു. അദ്ദേഹം ലോകത്തിലെ ഏററവും വലിയ പർവ്വതശിഖരത്തിൽ എത്തി. അവിടെ കൊടി നാട്ടി. ഇരുപതു മിനിട്ടു നേരം അതിന്റെ മുകളിൽ കൂട്ടുകാരനായ ഹിലാറിയുമൊത്തു് കഴിച്ചുകൂട്ടി. ലോകം മുഴുവൻ ടെൻസിങ്ങിന്റെയും ഹിലാറിയുടേയും ധീരതയെ വാഴ്ത്തുന്നു. അവർക്ക് ഗംഭീരങ്ങളായ സ്വീകരണങ്ങളും സമ്മാനങ്ങളും കൊടുക്കുന്നു. ശ്രമിച്ചാൽ എന്തും സാധിക്കാമെന്നതിന് ഒരു ഉദാഹരണമാണ് എവറസ്റ്റ് വീരന്മാർ നമ്മെ പഠിപ്പിക്കുന്നതു്.

ടെൻസിങ്ങിന്റെയും ഹിലാറിയുടേയും മഹത്തായ നേട്ടത്തെ കുഞ്ഞുങ്ങൾ വിസ്മരിച്ചുകളയരുതു്. നിങ്ങളെല്ലാം ടെൻസിങ്ങിന്റെ സ്ഥിരോത്സാഹവും ക്ലേശങ്ങൾ സഹിക്കുന്നതിനുള്ള കരുത്തും ഉള്ളവരായിരിക്കണമെന്നു കുഞ്ഞമ്മാവനാഗ്രഹമുണ്ട്. എവിടെയെങ്കിലും ഒരു തോൽവി പററിയാൽ ഉടൻ നിരാശരാകുന്ന കുട്ടികളുണ്ട്. ഈയിടെതന്നെ പരീക്ഷയിൽ തോററെന്ന കാരണത്താൽ എത്രയോ കുട്ടികൾ ആത്മഹത്യചെയ്യാൻ ഒരുമ്പെട്ടു. വെറും മൂഢന്മാരാണ് തോൽവിയെ ഭയപ്പെടുന്നതു്. തോൽവി വിജയത്തിന്റെ സോപാനമാണെന്നോർക്കണം. നിങ്ങളെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ ഔന്നത്യത്തിലെത്താനാഗ്രഹമുള്ളവരായിരിക്കണം. ശുദ്ധമായ ഒരാശ നിങ്ങൾക്കുണ്ടാകയും അതു സാധിക്കുന്നതിനു് കഠിനമായി നിരന്തരം പ്രവർത്തിക്കയും ചെയ്യണം. തോൽവികളെയോ കഷ്ടപ്പാടുകളെയോ ഭയന്നു് പിൻതിരിയാതിരിക്കുക. എന്നാൽ ടെൻസിങ്ങിനെപ്പോലെ ഒരു മഹത്തായ വിജയം നിങ്ങൾക്ക് ഒരിക്കൽ അനുഭവമാകുന്നതാണ്. വീടിനടുത്തുള്ള മലകേറുവാനും മരം കേറി അഗ്രത്തിലെത്താനുംമററും ചിലർ ശ്രമിച്ചേക്കാം. പക്ഷെ, അതൊന്നും ഒരു നേട്ടമാവില്ല. മഹാകൃത്യങ്ങൾ സാധിക്കുന്നതിനായിരിക്കണം നിങ്ങൾ പരിശ്രമിക്കേണ്ടതു്.

നിരന്തരമുള്ള അഭ്യാസത്തിന്റെയും വിഷമതകൾ സഹിക്കാനുള്ള ശക്തിയുടെയും ഉദാ

എന്റെ ഭാര്യയുടെ സുഖക്കേട്, വി. യൗസേപ്പിതാവിന്റേയും കൊച്ചുത്രേസ്യാപുണ്യവതിയുടെയും മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഭേദമായതിനു് കൃതജ്ഞത.

ഇ. ജെ. തയ്യൻ, കോതമംഗലം

ഹരണമാണ് ബോംബെക്കാരനായ ഹൈദരാലിയെന്ന ചെറുപ്പക്കാരൻ ഈയിടെ കോയമ്പത്തൂരുവച്ച് നമുക്കു കാണിച്ചുതന്നതു്. 110 മണിക്കൂറുനേരം തുടർച്ചയായി സൈക്കിളോടിച്ചുകൊണ്ട് ആ വാഹനത്തിൽത്തന്നെ അദ്ദേഹം കഴിച്ചുകൂട്ടി. ലോകത്തിൽ ഇന്നുവരെ ഒരുത്തരും ഇത്ര അധികസമയം ഒരു സൈക്കിളിൽ സഞ്ചരിച്ചുകൊണ്ടിരുന്നിട്ടില്ല. 110 മണിക്കൂറിനുള്ളിൽ ഒരു മനുഷ്യനു വേണ്ട ദിനകൃത്യങ്ങളെല്ലാം ഓടിക്കൊണ്ടിരിക്കുന്ന സൈക്കിളിൽ ഇരുന്നുകൊണ്ടാണ് മി. ഹൈദരാലി നിർവഹിച്ചതു്. ആഹാരം, കുളി, വസ്ത്രംമാറൽ, മുഖക്ഷൗരം ഇതെല്ലാം.

ഏതു കാര്യത്തിലും വിജയം നേടുന്നതിനു് സ്ഥിരോത്സാഹത്താൽ സാധിക്കുമെന്നു് പഠിക്കാൻ ഈ അടുത്ത കാലത്തു് നടന്ന എവറസ്റ്റാരോഹണവും 110 മണിക്കൂർ തുടർച്ചയായ സൈക്കിൾസവാരിയും നിങ്ങൾക്ക് മാർഗ്ഗദർശം നൽകട്ടെ!

നിങ്ങളുടെ സ്വന്തം
കുഞ്ഞമ്മാവൻ



ജീവനെ ബലികഴിക്കാനുംകൂടി ഒരുങ്ങിക്കൊണ്ടാണവർ കൊടുമുടി കയറിയതു്.

# സംഭവകഥകൾ

## പ്രതികാരം

സിറാക്കൂസിലെ രാജാവായിരുന്ന ഡയണീഷ്യസ് നിർദ്ദയഹൃദയനും ദുർമാർഗ്ഗിയുമായിരുന്നു. ആകയാലൊരു തത്വജ്ഞൻ അദ്ദേഹത്തെ സമീപിച്ച് അദ്ദേഹത്തിനു നല്ലൊരു താക്കീതു നൽകുകയുണ്ടായി. രാജാവു് പ്രതികാരത്തിനുള്ള മാർഗ്ഗമാലോചിച്ചു. അവസാനം രാജാവു കണ്ടുപിടിച്ച വിദ്യയിതാണ്. തത്വജ്ഞന്റെ പുത്രനെപ്പിടിച്ചു മതത്തോടും സന്മാർഗ്ഗത്തോടും ബഹുമാനമില്ലാതിരുന്നവനും ദുഷിച്ച ജീവിതം നയിച്ചിരുന്നവനുമായ ഒരദ്ധ്യാപകനെ ഏല്പിച്ചു. അദ്ധ്യാപകൻ അവനു നൽകിയ ശിക്ഷണം രാജാവിനെ പരിപൂർണ്ണമായി തൃപ്തിപ്പെടുത്തി. തത്വജ്ഞന്റെ മകൻ ക്രൂരതയുടേയും നികൃഷ്ടതയുടേയും മൂർത്തീഭാവമായി വളർന്നു. തത്ഫലമായി ലജ്ജാവിവശനും വ്യസനാക്രാന്തനുമായി തത്വജ്ഞൻ ഇഹലോകവാസം വെടിയുന്നതിനു് ഇടവരികയും ചെയ്തു.

## തിരഞ്ഞെടുപ്പു നേരത്തെ നടത്തിയതാണു

ചിക്കാഗോ നഗരത്തിലെ ഒരാസ്പത്രിയിൽ മരണാസന്നനായി കിടന്നിരുന്ന ഒരു രോഗിയുടെ പക്കലേക്ക് അദ്ദേഹത്തിന്റെ ഭാഗിനേയനായ വൈദികൻ പരി. കുർബാനയുമായി പാഞ്ഞെത്തി. പക്ഷെ അടുത്തു ചെല്ലുവാനും രോഗിയോടു സംസാരിക്കുവാനുമുള്ള അനുമതി നിഷേധിക്കപ്പെട്ടു. രോഗി കിടന്നിരുന്ന മുറിക്കു തൊട്ടടുത്തുള്ള മുറിയിൽ, രോഗിയിൽനിന്നും ഏകദേശം പത്തടി അകലെയായി, അയാൾ അന്ത്യശ്വാസം വെടിയുന്നതുവരെ ഏതാണ്ടഞ്ചുമണിക്കൂർ സമയം മാതുലഭക്തനായ ആ വൈദികൻ തന്റെ ദൈവത്തേയും കീശയിലടക്കിക്കൊണ്ട് കഴിച്ചുകൂട്ടി. യാതൊരു ഫലവുമുണ്ടായില്ല. ആ മനുഷ്യൻ വിവാഹമോചനം പ്രാപിച്ച ഒരു സ്ത്രീയുമായി പ്രണയബന്ധത്തിലേപ്പെട്ടിട്ട് കൊല്ലങ്ങൾ പന്ത്രണ്ടുകഴിഞ്ഞിരുന്നു. അയാളും ദൈവവും തമ്മിലുള്ള ഐക്യത്തിനു വിലങ്ങുതടിയായി ഭവിച്ചിരുന്ന ആ സ്ത്രീ രോഗശയ്യക്കു സമീപം കാത്തുനില്പുണ്ടായിരുന്നു. വൈദികൻ അകത്തു പ്രവേശിക്കുന്നതിനെ അവർ സർവ്വശക്തിയുമപയോഗിച്ചു പ്രതിഷേധിക്കുകയും നിരോധിക്കുകയുംചെയ്തു. ആ മനുഷ്യന്റെ നിർഭാഗ്യകരമായ അന്ത്യത്തിൽ എന്തിനാശ്ചര്യപ്പെടുന്നു? അയാൾ തന്റെ തിരഞ്ഞെടുപ്പു നേരത്തെ നടത്തിയതാണ്. അതു് ഈ മുഹൂർത്തത്തിൽ മുദ്രിതമായി എന്നുമാത്രം. "വൃക്ഷം ചാഞ്ഞിരിക്കുന്ന വശത്തേക്കുതന്നെ വീഴുകയും ചെയ്യും."

## അവിടെ സ്നേഹമില്ല പ്രേമവുമില്ല

മറെറാരു സംഭവം. ഒരാളുടെ ജീവിതമാകുന്ന വിളക്ക് അണയാൻ പോകയായിരുന്നു. അഞ്ചുമിനിട്ടിൽ കൂടുതൽ ഇനി അയാൾ ജീവിക്കയില്ല. ക്രിസ്തുവിന്റെ പുരോഹിതൻ കേണപേക്ഷിച്ചു. മരണശയ്യക്കു സമീപംനിന്നിരുന്ന ആ ദുഷ്ടസ്ത്രീയുമായുള്ള ന്യായരഹിതമായ വിവാഹബന്ധം വിച്ഛേദിക്കുവാൻ. മരണവക്ത്രത്തിലമർന്നു കഴിഞ്ഞിരുന്ന ആ ഹതഭാഗ്യൻ സർവ്വശക്തിയും സംഭരിച്ചുകൊണ്ട് ആക്രോശിച്ചു: "ഇല്ല, ഒരിക്കലുമില്ല. ഞാനവളോടു പോകാൻ പറകയില്ല. ഞാനവളെ സ്നേഹിക്കുന്നു. നരകത്തിലും ഞാനവളെ സ്നേഹിക്കുന്നതായിരിക്കും."

മൂഢതയുടെ മൂർദ്ധന്യം!! നരകത്തിൽ സ്നേഹമില്ല; പ്രേമവുമില്ല. അവിടെ വെറുപ്പും വിദ്വേഷവുമാണു ഭീകരഭരണം നടത്തുന്നതു്. അവൻ, തന്റെ നാശത്തിനു വഴിതെളിച്ച ആ "പ്രേമഭാജന"ത്തെ വെറുക്കുകയും കാലാകാലത്തോളം ശപിക്കുകയുമായിരിക്കും ചെയ്യുന്നതു്.

# അറിയിപ്പ്

ഞങ്ങളുടെ ഏജൻറുമാർവഴി പത്രം വാങ്ങുന്ന വരിക്കാർ യഥാസമയം പത്രവില മുൻകൂർ കൊടുക്കാത്തതുകൊണ്ടു ഏജൻറുമാർക്ക് ആപ്പീസിൽ നേരത്തെ അഡ്വാൻസടച്ച് പത്രം വരുത്തുന്നതിന് അസൗകര്യവും താമസവും നേരിടുന്നുവെന്നും വിവരം വരിക്കാരുടെ അറിവിലേക്കായി പരസ്യപ്പെടുത്തണമെന്നും ആവശ്യപ്പെട്ട് പല ഏജൻറുമാരും ഞങ്ങൾക്കെഴുതിയിരിക്കുന്നു. എന്നാൽ ഓരോരുത്തർക്കുമായി പ്രത്യേകം പ്രത്യേകം ഈ വിവരം പരസ്യപ്പെടുത്താൻ നിവൃത്തിയില്ലാത്തതുകൊണ്ട് മേലാൽ ഏജൻറുമാരിൽനിന്നു യഥാസമയം പത്രം കിട്ടണമെന്നാഗ്രഹിക്കുന്നവർ പത്രവില മുമ്പേറായി കൊടുത്തിരിക്കണമെന്നും അല്ലാത്തപക്ഷം പത്രം കിട്ടുന്നതല്ലെന്നുമുള്ള വിവരം എല്ലാ ഏജൻറുമാർക്കുംവേണ്ടി പരസ്യപ്പെടുത്തിക്കൊള്ളുന്നു. ഇക്കാര്യത്തിൽ ആപ്പീസുമായി യാതൊരെഴുത്തുകുത്തുകൾക്കും ആവശ്യമില്ലാത്തതാകുന്നു.

മാനേജർ, സത്യദീപം



പരി. മാതാവ്, വി. യൗസേപ്പ്, വി. കൊച്ചുത്രേസ്യ, ശുദ്ധീകരണാത്മാക്കൾ, വി. റീത്ത, വി. ശൗര്യാർ, വി. ഫിലോമിന മുതലായവരുടെ മാദ്ധ്യസ്ഥതാലും, ബ. അൽഫോൻസാമ്മയുടെ പ്രത്യേക സഹായത്താലും അസാദ്ധ്യമെന്നുകരുതിയിരുന്ന രണ്ടു കാര്യങ്ങൾ സാധിച്ചതിനു കൃതജ്ഞത.

A firm believer

For Favours Received through Sr. Alphonsa, I. C.

M. V. Rosy,
Edavanakad

# രാഷ്ട്രീയനേതാവിന്റെ ധ്യാനപ്രതിജ്ഞകൾ

ഐറിഷ് സ്വാതന്ത്ര്യസമരത്തിന്റെ നേതൃത്വം വഹിച്ച ഡാനിയേൽ ഒക്കോണൽ (1775-1847) ഒരേകാന്തധ്യാനത്തിനുശേഷം എഴുതിവച്ച പ്രതിജ്ഞകളാണിവ:

1. ക്രൂശിതനായ എന്റെ രക്ഷകനു് എന്നെത്തന്നെ സമർപ്പിച്ചുകൊണ്ട് ഓരോ ദിവസവും ആരംഭിക്കുക; അവിടുത്തെ അപരിമേയയോഗ്യതകളേയും ദിവ്യസ്നേഹത്തേയുംപ്രതി, എല്ലാ കാര്യങ്ങളിലും എന്നെ നിയന്ത്രിക്കുകയും ഭരിക്കുകയും ചെയ്യാൻ അവിടുത്തോടു അഭ്യർത്ഥിക്കുകയും ചെയ്യുക.
2. ദിവസവും അര മണിക്കൂർ സമയമെങ്കിലും ധ്യാനിക്കുക.
3. എന്റെ എല്ലാ പ്രവൃത്തികളിലും ദൈവത്തെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കുക; സമ്മാനത്തെപ്പററിയുള്ള പ്രതീക്ഷ, ശിക്ഷയെക്കുറിച്ചുള്ള ഭയം എന്നിവയെ അപേക്ഷിച്ച് ദൈവത്തിന്റെനേരെയുള്ള സ്നേഹത്താൽ നയിക്കപ്പെടുവാൻ യത്നിക്കുകയും ചെയ്യുക.
4. പ്രലോഭനാവസരങ്ങളെ ഒരിക്കലും ക്ഷണിച്ചുവരുത്താതിരിക്കുക.
5. പ്രലോഭനങ്ങൾ യഥാർത്ഥത്തിൽ ഉദയംചെയ്യുമ്പോൾ ദൈവത്തോടു പ്രാർത്ഥിക്കയും പരിശുദ്ധ മാതാവിന്റെ സഹായമഭ്യർത്ഥിക്കുകയും ചെയ്യുക.
6. ദിവസവും വിശ്വാസത്തിന്റേയും ശരണത്തിന്റേയും ഉപവിയുടേയും പ്രകരണങ്ങൾ ചൊല്ലുക.

## ആരോഗ്യപംക്തി

# ടെററനസ്സ്

(കെ. ഗോപാലകൃഷ്ണൻ
എം. ബി. ബി. എസ്.)

ദേഹത്തിലെവിടെയെങ്കിലും ഒരിക്കലെങ്കിലും ഒരു മുറിവു പററാത്തവരെ കാണുവാൻ പ്രയാസമാണ്. മുറിവുകളിൽക്കൂടി (അവ എത്ര നിസ്സാരമായാലും) മനുഷ്യരെ ബാധിക്കുന്ന ഒരു ഭയങ്കരരോഗമാണു ടെററനസ്സ്. അനേകം നൂററാണ്ടുകൾക്കുമുമ്പു തന്നെ ആയുർവ്വേദാചാര്യന്മാർ ഈ രോഗത്തെ ധനുർവ്വാതം എന്ന പേരിൽ വിവരിച്ചിട്ടുണ്ട്. അന്നു തക്കതായ ചികിത്സയില്ലാത്തതുകൊണ്ടു രോഗലക്ഷണം കണ്ടുതുടങ്ങിയാൽ രോഗിയെ ഉപേക്ഷിക്കുവാനാണു വിധിച്ചിട്ടുള്ളത്. ആധുനികശാസ്ത്രജ്ഞന്മാരുടെ നിരന്തരപരിശ്രമംകൊണ്ടു ഈ രോഗത്തിൻെറ നിവാരണവും ചികിത്സയും വളരെ പുരോഗമിച്ചിട്ടുണ്ട്. പക്ഷെ അജ്ഞത മൂലം വളരെപ്പേർ ഇപ്പോഴും ആധുനികരീതിയിലുള്ള ചികിത്സക്കു വിധേയരാകാതെ ഈ രോഗംകൊണ്ടു മരിക്കുന്നുണ്ട്.

സൂക്ഷ്മദർശിനിയുടെ സഹായം കൊണ്ടുമാത്രം കാണുവാൻ കഴിയുന്ന ക്ലോസ്റ്റ്റീഡിയം (Clostridium Tetani) എന്ന അണുജീവിയാണു ടെററനസ്സ് ഉണ്ടാകുന്നത്. നല്ല വളമുള്ള കൃഷിസ്ഥലങ്ങളിലും കുതിരച്ചാണകം വീഴുന്ന സ്ഥലങ്ങളിലും റോഡുകളിലും ഈ അണുക്കൾ ധാരാളമുണ്ട്. ഈ സ്ഥലങ്ങളിൽവച്ചു പററുന്ന മുറിവുകളിൽ അണുക്കൾക്കു പ്രവേശിക്കാനുള്ള സാദ്ധ്യത കൂടുതലാണ്. എല്ലാ ജീവികൾക്കും ജീവിക്കുവാൻ പ്രാണവായു അത്യാവശ്യമാണ്. എന്നാൽ ഇവയുടെ വളർച്ചക്കു പ്രാണവായു തീരെ പത്ഥ്യമല്ല. ഈ ഒരു കാരണംകൊണ്ട് ആണികൊണ്ടോ സൂചികൊണ്ടോ ഉണ്ടാകുന്ന ആഴമേറിയ മുറിവുകളിൽ അണുക്കൾ പ്രവേശിച്ചാൽ അവിടെ പ്രാണവായു (Oxygen) ലഭിക്കാൻ പ്രയാസമായതുകൊണ്ട് അവ വേഗം വളർന്നു അപകടമുണ്ടാക്കുന്നതാണ്. ഡിഫ്ത്തീരിയാ അണുക്കളെപ്പോലെ ഇവയും ഒരിക്കലും രക്തത്തിൽ പ്രവേശിക്കുകയില്ല. ഇവയും വളരെ ശക്തിയുള്ള വിഷം (Toxin) വിസർജ്ജിക്കുന്നു. ഈ വിഷത്തിനു ഒരു പ്രത്യേകതയുണ്ട്. അതു ആദ്യമായി മുറിവിൻെറ പരിസരങ്ങളിലുള്ള ഞരമ്പുകളുടെ (Nerves) ലോലമായ ശാഖകളിൽ പ്രവേശിക്കുന്നു. ഈ ശാഖകളിൽക്കൂടി ഏതെങ്കിലും പ്രധാനമായ ഞരമ്പിൽ പ്രവേശിച്ച് അവിടെനിന്നു സുഷുമ്നാ (Spinal cord) യിൽക്കൂടി തലച്ചോറിലേക്കു വ്യാപിക്കുമ്പോൾ രോഗി മരിക്കുന്നു.

### രോഗലക്ഷണം

ടെററനസ്സ് ബാധിച്ച് ആശുപത്രിയിലേക്കു കൊണ്ടുവരുന്ന മിക്ക രോഗികളുടെയും അവയവങ്ങളിലോ ദേഹത്തിലോ പത്തു പതിനഞ്ചു ദിവസങ്ങൾക്കുള്ളിൽ പററിയ മുറിവു കാണാൻ കഴിയുന്നതാണ്. ചിലപ്പോൾ മുറിവ് ഉണങ്ങിയതിനുശേഷമായിരിക്കാം രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങുന്നത്.

മുറിവിൻെറ സമീപത്തുള്ള മാംസപേശികളുടെ ദാർഢ്യമാണ് (Rigidity) ആദ്യത്തെ രോഗലക്ഷണം. മുഖത്തെ മാംസപേശികളെയാണ് പിന്നീടു ബാധിക്കുന്നത്. വായ് അടയ്ക്കുവാനും തുറക്കുവാനും സഹായിക്കുന്ന പേശികൾക്കു കോച്ചൽ (Spasm) ഉണ്ടായി അവ നിശ്ചലമാകുന്നു. അപ്പോൾ രോഗിക്കു വായ് തുറക്കുവാൻ സാദ്ധ്യമല്ലാതായിത്തീരുന്നു. ബലം പ്രയോഗിച്ചുപോലും വായ് തുറക്കാൻ വിഷമമാണ്. ഈ ലക്ഷണംകൊണ്ടു ടെററനസ്സിനു ഹനുസ്തംഭമെന്ന പേരും ഉണ്ടായിട്ടുണ്ട്. ഈ സമയം രോഗിയുടെ ഓർമ്മശക്തിക്കു യാതൊരു വ്യത്യാസവുമുണ്ടാകയില്ല. പിന്നീടു കഴുത്തിലെയും ദേഹത്തിലെയും മാംസപേശികൾക്കു കോച്ചലുണ്ടാകുന്നു. മാംസപേശിയുടെ കോച്ചലിൻെറ ശക്തികൊണ്ടു രോഗി ചിലപ്പോൾ കിടക്കയിൽ വില്ലുപോലെ വളഞ്ഞുകിടക്കുന്നതു കാണാവുന്നതാണ്. പേശികളുടെ കോച്ചൽ അസഹനീയമായ വേദനയും ക്ഷീണവുംഉണ്ടാക്കുന്നു. ഈസമയത്തു് പനി 105 ഡിഗ്രിയിൽമീതെഉണ്ടാവുന്നതാണ്. മാംസപേശികളുടെ ദാർഢ്യം തുടങ്ങുമ്പോൾത്തന്നെ തക്കതായ ചികിത്സ ചെയ്യില്ലെങ്കിൽ രോഗി രക്ഷപെടുകയില്ല.

### നിവാരണവും ചികിത്സയും

എത്ര നിസ്സാരമായാലും ദേഹത്തിൽ ഒരു മുറിവുതട്ടിയാൽ 24 മണിക്കൂറിനകം 3000 യൂണിററ്സ് A. T. S. എന്ന മരുന്നു കുത്തിവെക്കേണ്ടതാണ്. ശരിക്കു 24 മണിക്കൂറിനകം മേൽപ്പറഞ്ഞ മരുന്നു കുത്തിവെക്കുകയാണെങ്കിൽ ടെററനസ്സ് ബാധിക്കുവാനുള്ള സാദ്ധ്യത ഉണ്ടാകുന്നതല്ല. ടെററനസ്സ് ബാധിച്ചു മരിക്കുന്ന രോഗി അനുഭവിക്കുന്ന കഷ്ടങ്ങൾ ഒരിക്കൽ കാണുവാൻ ഇടവന്നവരുടെ മനസ്സിൽനിന്നു ആ ദാരുണചിത്രം മായുവാൻ വളരെ വിഷമമാണ്.

രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാൽ രോഗിയെ ഉടനെ ആസ്പത്രിയിലേക്കു നീക്കുന്നതാണ് ഉത്തമം. A. T. S. പെനിസിലിൻ മുതലായ കൈകണ്ട ഔഷധങ്ങൾ തക്കസമയത്തു പ്രയോഗിക്കുവാൻ ലഭിക്കയാണെങ്കിൽ ചില രോഗികളെ മരണത്തിൽനിന്നു രക്ഷിക്കാൻ കഴിയുന്നതാണ്.

(സഹോദരൻ)

——

## നിർമ്മല കോളെജ്

മൂവ്വാററുപുഴയിലെ നിർമ്മല കോളെജ് ജൂൺ 29-ാംനു- അനൗപചാരികമായി ഉദ്ഘാടനം ചെയ്തശേഷം അടച്ചിരിക്കുകയാണ്. അടുത്ത തിങ്കളാഴ്ചമുതൽ മുറയ്ക്കു പാഠനം തുടങ്ങുന്നതാണെന്നറിയുന്നു. റവ. ഫാ. തോമസ് നെടുംകല്ലേൽ എം. എ. ബി. ടി. കോളെജിൻെറ പ്രിൻസിപ്പലും ശ്രീ വി. ജെ. ജോസഫ് എം. എ. വൈസ് പ്രിൻസിപ്പലുമാണ്. സർവ്വകലാശാലാ പരീക്ഷകളിൽ പ്രശസ്തമായി വിജയം വരിച്ചിട്ടുള്ള റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. (കണക്കു I ക്ലാസ്സ്), റവ. ഫാ. ജയിംസ് വെമ്പിളി എം. എ., എൽ. പിഎച്ച്. എൽ. ഡി(ധനതത്വശാസ്ത്രം II ക്ലാസ്സ്), റവ. ഫാ. അഗസ്റ്റിൻ കണ്ടത്തിൽ ബി. എസ്സി. (ഓണേഴ്സ്), എൽ. പിഎച്ച്., എൽ. ഡി. (കെമിസ്ട്രി 1 ക്ലാസ്സ്), റവ. ഫാ. മാത്യു പാലമററം എം. എ. ബി. ഡി. (ഇംഗ്ലീഷ് II ക്ലാസ്സ്) എന്നീ വൈദികരും സ്റ്റാഫംഗങ്ങളായി ചാർജേററിരിക്കുന്നു.

# ബട്ടൺ

(Z. E. James)

വസ്ത്രംകൊണ്ടു ശരീരം മറയ്ക്കുന്നതു് പരിഷ്ക്കാരത്തിൻേറയും പദവിയുടേയും ചിഹ്നമായി ഇന്നാൾവരെ ആദരിക്കപ്പെട്ടുപോന്നു. എന്നാൽ ഇന്നത്തെ ചിട്ടയില്ലാത്ത വസ്ത്രധാരണസംരംഭങ്ങൾ കാണുമ്പോൾ നാം പഴയ കിരാതത്വത്തിലേക്കു മടങ്ങുകയല്ലേ എന്നു തോന്നിപ്പോകും. ഉദാഹരണത്തിന് ഇന്നു ഭൂരിപക്ഷം പുരുഷന്മാരും ധരിക്കുന്ന ഷർട്ടിൻെറകാര്യം തന്നെ യെടുക്കാം.

ഏതെങ്കിലും ഒരു മാന്യൻെറ മുമ്പിലോ, ഉദ്യോഗസ്ഥൻെറമുമ്പിലോ, പരീക്ഷകൻെറ മുമ്പിലോ വേണമെന്നില്ല, ക്ലാസ്സിലോ, ആരാധനസ്ഥലത്തോ സദസ്സിലോ തന്നെയും സന്നിഹിതനാകുമ്പോൾ ഷർട്ട് പൂർണ്ണമായി ബട്ടൺ ചെയ്യുക എന്നുള്ളതു് ഒരു നിർബന്ധനീയമമായി പണ്ടൊക്കെ പാലിക്കപ്പെട്ടുപോന്നു. അനവധാനത നിമിത്തമല്ലാതെ അറിഞ്ഞുകൊണ്ട് ആരുംതന്നെ ഏതാദൃശാവസരങ്ങളിൽ ഈ നിയമം ലംഘിക്കാൻ ധൈര്യപ്പെട്ടുമായിരുന്നില്ല. കാലക്രമത്തിൽ ഇങ്ങനെയുള്ള അവസരങ്ങളിൽപ്പോലും കഴുത്തു് തുറന്നിടാമെന്നായി. സൗകര്യത്തിൻെറ അവകാശവാദം അവിടംകൊണ്ടവസാനിച്ചില്ല. അതു സഭ്യതയുടെ അതിർത്തികൾ ലംഘിച്ച് മുന്നോട്ടുകടന്നു. താഴെയുള്ള ബട്ടണുകളും കാലക്രമത്തിൽ ഉപയോഗശൂന്യമായി ഭവിച്ചതോടെ അവ വെറും അലങ്കാരങ്ങൾ മാത്രമായി അധഃപതിച്ചു. പലർക്കും ഷർട്ടിനു ബട്ടൺ തന്നെ വേണ്ടെന്നുള്ള ദിക്കായി. അതോടെ തയ്യൽക്കാരന് ബട്ടൺ തൊടുക്കാനുള്ള ഭാരം വെട്ടേണ്ട ക്ലേശവും ഒഴിഞ്ഞു. അങ്ങനെ ഇന്നു കാണുന്ന പല ഷർട്ടുകൾക്കും ബട്ടൺഹോൾതന്നെ ഇല്ലാതായിത്തീർന്നിരിക്കുന്നു.


ഇന്നു അന്തസ്സും ആഭിജാത്യവുമുള്ളവർക്കുപോലും വെള്ളയലക്കി തേച്ചു മിനുക്കി ധവളാഭമാക്കിയ ഷർട്ടു ബട്ടണില്ലാതെ നെടുനീളം തുറന്നിടുവാൻ യാതൊരു സങ്കോചവുമില്ല. അതാണത്രെ "ഫാഷൻ". പക്ഷെ ചേർച്ചയും ഭംഗിയുമാണ് ഫാഷൻെറ ലക്ഷ്യമെങ്കിൽ ഈ കണ്ടുപിടുത്തം തികച്ചും ഒരു പരാജയമാണെന്നേ അല്പമെങ്കിലും കലാബോധമുള്ളവർ വിധിക്കയുള്ളു. പൊക്കിൾമുതൽ ഉരസ്സുവരെ കോണാകൃതിയിൽ വിരിഞ്ഞു വിശാലമായ ആ പുറമ്പോക്കിൽ ബനിയനില്ലാത്തതിനു ക്ഷമാപണം ചെയ്തുകൊണ്ടുനില്ക്കുന്ന ഒരു കീററുവലയുടെ അഗ്രം മാത്രമേ ബന്ധമുണ്ടാവു. പലപ്പോഴും അതും ഇല്ലെന്നുവന്നേക്കാം. ഈ പുറമ്പോക്കിൻെറ മര്യാദഹീനമായ പ്രദർശനം ഭംഗിയാണെന്നു് ആരെങ്കിലും വിചാരിക്കുന്നു എങ്കിൽ അവരോടു സഹതപിക്കയേ ഗതിയുള്ളൂ.

ചിലർക്കു ബട്ടൺ സൂക്ഷിക്കാനും ഉപയോഗിക്കാനുമുള്ള പ്രയാസംകൊണ്ടായിരിക്കാം ഇക്കാര്യത്തിൽ അവർ വൈമുഖ്യം പ്രദർശിപ്പിക്കുന്നതു്. മററു ചിലർക്ക് ആരോഗ്യപരമായ കാരണങ്ങളാകാം ചൂണ്ടിക്കാണിക്കാനുള്ളതു്. പരിഷ്ക്കാരത്തിൻേറയും സൗകര്യത്തിൻേറയുംപേരിൽ ഇത്തരം വിധ്വംസകരീതികൾ അവലംബിക്കുന്നതു് നമ്മുടെ സദാചാരപരമായ അധഃപതനത്തിൻേറയും ശിക്ഷണരാഹിത്യത്തിൻേറയും അലസതയുടേയും പ്രത്യക്ഷസൂചനയല്ലേ?

നഗ്നതയുടെ ത്വരിതമായ ആക്രമണത്തെ ഏററവും അടിയന്തിരമായി ചെറുക്കേണ്ടതു് സമുദായസ്നേഹികളായ ഏവരുടേയും ഒഴിക്കാൻ പാടില്ലാത്ത കടമമാത്രമാണ്. വിശിഷ്യ വൈദികന്മാർക്കും, മാതാപിതാക്കന്മാർക്കും, അദ്ധ്യാപകന്മാർക്കും ഈ വിഷയത്തിൽ ഗണ്യമായ സ്വാധീനശക്തി ചെലുത്തുവാൻ സാധിക്കും.

നിങ്ങളുടെ ഷർട്ട് ബട്ടൺ ചെയ്യുക!

## കമ്മ്യൂണിസത്തിലേക്കുള്ള രാജപാത




കേവലം "മതേതരമായ" വിദ്യാഭ്യാസം പ്രദാനംചെയ്യുന്ന അദ്ധ്യാപകൻെറ പിന്നിൽ നിരീശ്വരത്വഭൂതം നിലയുറപ്പിച്ചിരിക്കുന്നു.

## ഇൻഡ്യാ വാർത്തകൾ

### ഡോ. ശ്യാമപ്രസാദ് മുക്കർജി നിര്യാതനായി

കേന്ദ്ര പാർലമെൻറിലെ ഒരംഗവും അഖിലേന്ത്യാ ജനസംഘത്തിൻെറ പ്രസിഡണ്ടുമായ ഡോക്ടർ ശ്യാമപ്രസാദ് മുക്കർജി ജൂൺ 23-ാംനു- ശ്രീനഗരിൽവച്ച് നിര്യാതനായിരിക്കുന്നു. ജമ്മു-കാഷ്മീർ സംസ്ഥാനത്തെ ഇൻഡ്യയോടു ചേർക്കുവാൻവേണ്ടിയുള്ള പ്രജാപരിഷത് പ്രക്ഷോഭണത്തിനു സഹായം നൽകിക്കൊണ്ടിരുന്ന ഇദ്ദേഹം മേയ് 11-ാംനു- പെർമിററു കൂടാതെ ജമ്മു-കാഷ്മീറിൽ പ്രവേശിക്കാൻ ശ്രമിക്കുകയും അതേതുടർന്ന് അറസ്റ്റു ചെയ്യപ്പെടുകയുമുണ്ടായി. ശ്രീനഗരിൽ തടങ്കലിൽ വസിക്കവേയാണ് അദ്ദേഹം പ്ളൂറസിരോഗബാധിതനായിത്തീരുകയും നേഴ്സിംഗ് ഹോമിൽവച്ചു ചരമഗതി പ്രാപിക്കുകയും ചെയ്തതു്. കൽക്കട്ടാ സ്വദേശിയായ ഡോ. മുക്കർജിക്ക് മരിക്കുമ്പോൾ 52 വയസ്സു പ്രായമുണ്ടായിരുന്നു.

### 4ലക്ഷം ഇന്ത്യാക്കാർക്ക് സിലോൺ പൗരത്വം

ലണ്ടനിൽവച്ച് നെഹ്റുവും സിലോൺ പ്രധാനമന്ത്രി മി. ഡഡ്‌ലി സേനാനായകേയും തമ്മിൽ നടന്ന കൂടിയാലോചന ഒരു തീരുമാനത്തിലെത്തിച്ചിട്ടില്ലെങ്കിലും വളരെ പ്രയോജനപ്രദമായിരുന്നെന്നു് മി. സേനാനായകെ പ്രസ്താവിച്ചിരിക്കുന്നു. സിലോൺ പൗരത്വ ആക്ടുപ്രകാരം 400808 ഇൻഡ്യാക്കാർക്ക് സിലോൺ പൗരത്വമനുവദിക്കുമെന്നും, എന്നാൽ പൗരത്വം ലഭിക്കാതെ 5,50,000 ഇൻഡ്യാക്കാർകൂടെ സിലോണിൽ അവശേഷിക്കുന്നതാണെന്നും ഈ ബാക്കിയെപ്പററി ഒരു തീരുമാനവുമുണ്ടായിട്ടില്ലെന്നും അദ്ദേഹം തുടർന്നു പ്രസ്താവിച്ചു.

### കൃപലാനി തിരഞ്ഞെടുക്കപ്പെട്ടു

ബഗൽപൂർ-പൂർണ്ണിയ നിയോജകമണ്ഡലത്തിൽനിന്നും കേന്ദ്ര പാർലമെൻറിലേക്ക് പ്രജാസോഷ്യലിസ്റ്റ്പാർട്ടി സ്ഥാനാർത്ഥിയായി ആചാര്യകൃപലാനി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു.

### നെഹ്റു തിരിച്ചെത്തി

ബ്രിട്ടൺ, ഈജിപ്റ്റ് എന്നീ രാജ്യങ്ങളിലെ പര്യടനങ്ങൾക്കു ശേഷം പ്രധാനമന്ത്രി നെഹ്റു ജൂൺ 26-ാംനു- ഇൻഡ്യയിൽ തിരിച്ചെത്തിയിരിക്കുന്നു.

## കൃതജ്ഞത

ഫാത്തിമാമാതാവിൻെറമാദ്ധ്യസ്ഥത്താലും സിസ്റ്റർ അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിൽ മാപ്പപേക്ഷിക്കുന്നു.

Aleykutty P. V.
കുറുമ്പാലമററം.

## അറിയിപ്പ്

മിഖായെൽ മാണി, മുണ്ടയ്ക്കൽ അവർകളെ നെയ്യശേരി ഇടവകയിലെ സത്യദീപം ഏജൻറായിനിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

——

### ആർച്ചുബിഷപ്പ് ഡൗണി
## നിര്യാതനായി

ലിവർപൂൾ മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോക്ടർ റിച്ചേർഡ് ഡൗണി 72-ാമത്തെ വയസ്സിൽ ജൂൺ 16-ാംനു- നിര്യാതനായി. മൃതദേഹം ജൂൺ23-ാംതീയതി മെത്രാപ്പോലീത്തൻ പള്ളിയിൽ ആഘോഷപൂർവ്വം സംസ്കരിക്കപ്പെട്ടു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ പി. എ., ഡി. ഡി.

Vol. 26 ‖ ERNAKULAM JULY 1 1953 ‖ No. 43


# ഇററലിയിലെ പൊതുതിരഞ്ഞെടുപ്പ്

ഇററലിയിലെ കഴിഞ്ഞ തവണത്തെ പൊതുതിരഞ്ഞെടുപ്പ് 1948-ലാണല്ലോ നടന്നതു്. ചെക്കൊസ്ലോവാക്കിയായിൽ സോവ്യററുറഷ്യയുടെ പ്രേരണയാലും സൈനികസഹായത്താലും അവിടത്തെ കമ്മ്യൂണിസ്റ്റ് പാർട്ടി മററു പാർട്ടികളെയെല്ലാം ഒററതിരിച്ച് അധികാരം പിടിച്ചെടുത്തുകഴിഞ്ഞ സന്ദർഭത്തോടു സമീപിച്ചായിരുന്നു ആ തിരഞ്ഞെടുപ്പ്. കമ്മ്യൂണിസം ഇററലിയിലേക്കും കൂടുതലായി വ്യാപിക്കുമെന്ന ഭയത്താൽ ആ തിരഞ്ഞെടുപ്പിൽ ഇററലിയിലെ വോട്ടറന്മാരിൽ ഭൂരിപക്ഷവും കമ്മ്യൂണിസ്റ്റുകാർക്കെതിരായി ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്കും അവയോടു ചേർന്നുനില്ക്കുന്ന ഇതരപാർട്ടികൾക്കും അവരുടെ ഭൂരിപക്ഷം വോട്ടുകളും നൽകി. തൽഫലമായി റിപ്പബ്ലിക്കനും ലിബറലും ഡെമൊക്രാററിക് സോഷ്യലിസ്റ്റും പാർട്ടികളോടു യോജിച്ച് ക്രിസ്ത്യൻ ഡെമൊക്രാററിക്പാർട്ടി ഒരു കൂട്ടുഗവർമ്മെൻറു രൂപീകരിച്ചു. ആ ഗവർമ്മെൻറാണ് ഇതുവരെ ഇററലിയിൽ ഭരണംനടത്തിയിരുന്നതു്. ജനപ്രതിനിധിസഭയുടെ അവധി ഒരു കൊല്ലത്തേക്കുകൂടി ഉണ്ടായിരുന്നെങ്കിലും അതിനെ പിരിച്ചുവിട്ടതിനാൽ പുതിയ തിരഞ്ഞെടുപ്പ് നടത്തേണ്ടതായി വന്നു. അതുസംബന്ധിച്ച് ഒരു പുതിയ തിരഞ്ഞെടുപ്പുനിയമം ജനപ്രതിനിധിസഭയിൽ കമ്മ്യൂണിസ്റ്റുകാർ മുതലായ പ്രതിപക്ഷപാർട്ടികളുടെ ശക്തിയായ എതിർപ്പുകളെ നേരിട്ടുകൊണ്ടു് പാസ്സാകുകയുമുണ്ടായി. ആ നിയമമനുസരിച്ച്, ആകെ പോൾ ചെയ്യുന്ന വോട്ടുകളിൽ 50-ൽ കൂടുതൽ ശതമാനം ലഭിക്കുന്ന പാർട്ടിക്കോ പാർട്ടികളുടെ ഗ്രൂപ്പിനോ പ്രതിനിധിസഭയുടെ ആകെയുള്ള 590-സീററുകളിൽ മൂന്നിൽ രണ്ടുഭാഗം കരസ്ഥമാക്കാം. ഇക്കാരണത്താൽ പുതിയ തിരഞ്ഞെടുപ്പിനു് വളരെ വാശിയോടും പ്രചരണത്തോടും സകലവിധ പ്രകടനസമ്പ്രദായങ്ങളോടുംകൂടിയാണ് പാർട്ടികൾ വട്ടംകൂട്ടിയതു്.

### കത്തോലിക്കരുടെ പരിശ്രമങ്ങൾ

ആകെയുള്ള വോട്ടുകളിൽ 51 ശതമാനമെങ്കിലും ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്ക് ലഭിക്കുകയും, തദ്വാരാ ജനപ്രതിനിധിസഭയിലെ സീററുകളിൽ പരിപൂർണ്ണഭൂരിപക്ഷം അവർ കരസ്ഥമാക്കുകയും, അങ്ങനെ സഭ അവരുടെ പരിപൂർണ്ണമായ നിയന്ത്രണത്തിൽ ഇരിക്കുകയും ചെയ്യണമെന്നുള്ള ദൃഢനിശ്ചയത്താൽ കത്തോലിക്കാഭാഗത്തുനിന്ന് തിരഞ്ഞെടുപ്പുപരിശ്രമങ്ങൾ ഏററവും തീക്ഷ്ണതയോടുകൂടി നടത്തി. കത്തോലിക്കാ വോട്ടറന്മാർ ഒന്നൊഴിയാതെ സകലരും അവരുടെ വോട്ടവകാശം വിനിയോഗിക്കണമെന്നു് ഇററലിയിലെ മെത്രാന്മാർ ശക്തിയുക്തം ഉദ്ബോധിപ്പിച്ചു. കമ്മ്യൂണിസത്തെ എതിർത്തുനില്ക്കുവാൻ ക്രിസ്ത്യൻ ഡെമൊക്രാററു് ഗ്രൂപ്പിനു മാത്രമേ സാധിക്കുകയുള്ളുവെന്ന ബോധത്താൽ, ആ ഗ്രൂപ്പിനു് വോട്ടുനൽകാൻ കത്തോലിക്കർക്ക് മനസ്സാക്ഷിയനുസരിച്ച് ചുമതലയുണ്ടെന്നു് പല മെത്രാന്മാരും പ്രബോധനം നൽകി. ഈ വിഷയത്തിൽ തിരുസിംഹാസനംതന്നെ നേതൃത്വവും മാതൃകയും കാണിക്കുകയുണ്ടായി. തിരഞ്ഞെടുപ്പുദിവസങ്ങളിൽ ഇററലിക്കാരിൽ ആർക്കും പരിശുദ്ധപിതാവ് സന്ദർശനം നൽകിയില്ല. മാർപ്പാപ്പായുടെ കാവൽപ്പട്ടാളസംഘങ്ങളിൽ ഇററലിക്കാർ മാത്രമടങ്ങിയ പാലററു് ടൈൻഗാർഡിനെ തിരഞ്ഞെടുപ്പുദിവസങ്ങളിൽ കാവൽജോലികളിൽനിന്നു ഒഴിവാക്കി. വത്തിക്കാനിലെ സകല ഉദ്യോഗസ്ഥന്മാർക്കും ആ ദിവസങ്ങളിൽ ഒഴിവുനൽകി. വൈദികർക്കും സന്യാസിനീസന്യാസികൾക്കും സെമ്മിനരി വിദ്യാർത്ഥികൾക്കും വോട്ടുചെയ്യുവാനുള്ള ചുമതലയെപ്പററി നിഷ്കൃഷ്ടമായ ഉപദേശങ്ങൾ നൽകപ്പെട്ടു. പോളിംഗ്സ്റ്റേഷനുകൾക്കു പുറമെ വരിവരിയായി നിന്നിരുന്ന വോട്ടറന്മാരുടെയിടയിൽ വൈദികരുടേയും കന്യാസ്ത്രീകളുടേയും സാന്നിദ്ധ്യം പ്രകടമായി കാണാമായിരുന്നു. തിരഞ്ഞെടുപ്പു നടന്ന ജൂൺ 7-ം 8-ം തീയതികളിൽ കോരിച്ചൊരിഞ്ഞുകൊണ്ടിരുന്ന മഴയെ നേരിടുവാനാവശ്യകമായ സകല സഹായങ്ങളും വോട്ടറന്മാർക്കു നൽകുവാൻ "സഹായക്കമ്മിററി"കൾ ധൃതിയിൽ രൂപീകരിച്ചു. അവർ കാറുകളും ബസ്സുകളും കൂലിക്കെടുക്കുകയും, വീടുതോറുമുള്ള സന്ദർശനങ്ങൾക്കിടയിൽ കുടകളും റെയിൻകോട്ടുകളും ശേഖരിക്കുകയും ചെയ്തു. അങ്ങനെ ഉദാസീനന്മാർക്കു പ്രത്യേകിച്ചും അവർ സഹായങ്ങൾ നൽകി.

### കമ്മ്യൂണിസ്റ്റ് തന്ത്രങ്ങൾ

കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവായ സിഞ്ഞോർ തൊഗ്ലിയാററി നേരത്തെ പ്രഖ്യാപനം ചെയ്തു, മദ്ധ്യപാർട്ടികൾക്ക് (ക്രിസ്ത്യൻ ഡെമൊക്രാററുപാർട്ടിയും കൂട്ടുപാർട്ടികളും) പുതിയ തിരഞ്ഞെടുപ്പുനിയമമനുസരിച്ച് ജനപ്രതിനിധിസഭയിൽ പരിപൂർണ്ണഭൂരിപക്ഷം വോട്ടുകൾ ലഭിക്കുന്നതായാൽ, തിരഞ്ഞെടുപ്പ് അസാധുവായി തൻെറ പാർട്ടി പരിഗണിക്കുമെന്നു്. രാജ്യത്തിൻെറ പല ഭാഗങ്ങളിലും കമ്മ്യൂണിസ്റ്റുകാർ വിഘ്നപ്പെടുത്തൽ നയം അനുഷ്ഠിക്കുകയുണ്ടായി. അതിൽ ചില്ലറ ബലപ്രയോഗങ്ങളും സ്വീകരിച്ചു. പോളിംഗ് ബൂത്തുകൾ സ്ഥാപിക്കപ്പെട്ട ചില കേന്ദ്രങ്ങളിൽ ഉണ്ടായിരുന്ന ക്രൂശിതരൂപങ്ങൾ, അവ തിരഞ്ഞെടുപ്പ് അടയാളങ്ങളാണെന്ന കാരണംപറഞ്ഞു്, മാററിക്കളയുവാൻ കമ്മ്യൂണിസ്റ്റുകാർ ശ്രമിച്ചു. അതിനെത്തുടർന്നുണ്ടായ വിപുലമായ പ്രതിഷേധങ്ങൾ നിമിത്തം പ്രസ്തുതശ്രമങ്ങൾ പലതും വിഫലങ്ങളായി. എന്നാൽ ചില പട്ടണങ്ങളിൽ, ഉദാഹരണമായി ഒരു കമ്മ്യൂണിസ്റ്റ് മേയറിൻെറ നിയന്ത്രണത്തിലിരിക്കുന്ന റിമീനി പട്ടണത്തിൽ ക്രൂശിതരൂപങ്ങൾ മാററിക്കളഞ്ഞു. പരിശുദ്ധ പിതാവിൻെറ വേനൽക്കാലവസതിയായ കാസ്റ്റൽ ഗണ്ടോൾഫോയിൽ ചിലേടത്തു് രൂപങ്ങൾ നീക്കപ്പെട്ടു. അതറിഞ്ഞ സ്ഥലവാസികൾ പൗരാധികാരികളേയും പോലീസിനേയും തങ്ങളുടെ ശക്തിമത്തായ പ്രതിഷേധങ്ങളറിയിച്ചു. സന്യാസികളും കന്യാസ്ത്രീകളും പലപ്രാവശ്യം വോട്ടുചെയ്യുന്ന ദുഷ്പ്രചരണം നടത്തുവാൻ കമ്മ്യൂണിസ്റ്റുകാർ മടിച്ചില്ല. അതിൻെറ റിപ്പോർട്ടുകൾ കമ്മ്യൂണിസ്റ്റ് പത്രങ്ങളിൽ വന്നപ്പോൾ കാത്തലിക് ആക്ഷൻ വക പ്രതിദിനപത്രവും വത്തിക്കാനിലെ പത്രവും ഉടനടി അവയ്ക്കു ഖണ്ഡനം നൽകി. കമ്മ്യൂണിസ്റ്റുകാരും അവരുടെ അനുഭാവികളും രണ്ടുപ്രാവശ്യം വോട്ടുചെയ്യാൻ ശ്രമിച്ചതും മദ്ധ്യഗ്രൂപ്പിൻെറ സഹായകരെ വോട്ടുചെയ്യുന്നതിൽ പ്രതിബന്ധപ്പെടുത്തുവാൻ തുനിഞ്ഞതുമായ കഥകൾ കാത്തലിക് ആക്ഷൻ പത്രം പ്രസിദ്ധപ്പെടുത്തി. ആകെയുള്ള വോട്ടറന്മാരിൽ ഒരു ശതമാനത്തിൻെറ 5-ൽ 1 മാത്രമാണ് ഇററലിയിലെ വൈദികവോട്ടറന്മാരെന്നു് വത്തിക്കാൻ പത്രം ചൂണ്ടിക്കാണിച്ചു.

തിരഞ്ഞെടുപ്പിനു് അല്പം മുൻപു് പിയാൻസാനോ എന്ന ഒരു ഗ്രാമത്തിലെ കമ്മ്യൂണിസ്റ്റുകാർ ഒന്നാകെ കമ്മ്യൂണിസ്റ്റുപാർട്ടി വിട്ടു് ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിയിൽ ചേർന്നു. അവരിൽ 50 പേർ ഒരു വലിയ പ്ലക്കാർഡും വഹിച്ച്, "ഞങ്ങൾ സ്വാതന്ത്ര്യം തിരഞ്ഞെടുത്തിരിക്കുന്നു" എന്ന മുദ്രാവാക്യം വിളിച്ച്, അടുത്തുള്ള സ്ഥലത്തെ മെത്രാൻെറ പക്കൽച്ചെന്നു് അവരുടെ പാർട്ടികാർഡുകൾ തിരുമേനിയെ ഏല്പിച്ചു.

### തിരുനാൾമംഗളം



കോട്ടയം മെത്രാൻ റൈററ് റവ. ഡോ. തോമസ് തറയിൽ. നാമഹേതുകദിനം ജൂലൈ 3

### വോട്ടിംഗ്

തിരഞ്ഞെടുപ്പു ദിവസങ്ങളിൽ മഴ കോരിച്ചൊരിഞ്ഞിരുന്നെങ്കിലും ഇതിനു മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തവിധം അത്രയധികം ഇററാലിയന്മാർ പോളിംഗ് ബൂത്തുകളിൽചെന്നു് വോട്ടുചെയ്യുകയുണ്ടായി. അനൗദ്യോഗികമായ കണക്കുകളനുസരിച്ച് 2-ാം ദിവസത്തെ (തിങ്കളാഴ്ച) വോട്ടു് 90 ശതമാനമായിരുന്നു. അങ്ങനെ, വോട്ടറന്മാർ ആമത്തിച്ചു വീട്ടിലിരിക്കുമോ എന്ന പ്രധാനമന്ത്രി സിഞ്ഞോർ ഗസ്പേരിയുടെ ആശങ്ക അടിസ്ഥാനരഹിതമായി. അത്തരം ആശങ്ക കമ്മ്യൂണിസ്റ്റ് വോട്ടറന്മാരെ കുറിച്ച് ഉണ്ടാകയില്ലല്ലോ. അവരുടെ പാർട്ടിയിലെ ശിക്ഷണക്രമം അത്ര അലംഘനീയമാകുന്നു. നേരെമറിച്ച് ക്രിസ്ത്യൻ ഡെമോക്രാററിക് പാർട്ടിയുടെ നേതൃത്വത്തിലുള്ള മദ്ധ്യഗ്രൂപ്പുകാരെ സംബന്ധിച്ചായിരുന്നു നിരന്തരമായ ആശങ്കയുണ്ടായിരുന്നതു്.

ഇററലിയിൽ എതിർപക്ഷപാർട്ടികൾ ഇടത്തും വലത്തുമുണ്ടു്. കമ്മ്യൂണിസ്റ്റുപാർട്ടിയും അവരുടെ സഹയാത്രക്കാരായ (നെന്നിയുടെ കീഴുള്ള) സോഷ്യലിസ്റ്റ് പാർട്ടിയുമാണ് ഇടതുപക്ഷത്തു്. രാജഭരണവാദക്കാരും നവഫാസിസ്റ്റുകാരും വലതുപക്ഷത്തെ പാർട്ടികളാണ്. ഇങ്ങനെ ഇടത്തും വലത്തും എതിരാളികൾ ഉണ്ടായിരിക്കുകയും അവരെല്ലാം ശക്തിയായി ശ്രമിക്കുകയും ചെയ്തതിനാൽ ക്രിസ്ത്യൻ ഡെമൊക്രാററുകളുടെ നേതൃത്വത്തിലുള്ള മദ്ധ്യപാർട്ടികൾക്ക് പ്രതീക്ഷിച്ചിടത്തോളം വോട്ടുകൾ ലഭിച്ചില്ല. 1948-ലെ തിരഞ്ഞെടുപ്പിൽ അവർക്ക് ആകെ വോട്ടുകളുടെ 62 ശതമാനത്തോളം ലഭിക്കുകയുണ്ടായി. ഇത്തവണയാകട്ടെ 49·79 ശതമാനം മാത്രമേ ലഭിച്ചുള്ളു. തന്മൂലം ജനപ്രതിനിധിസഭയിൽ, പുതിയ തിരഞ്ഞെടുപ്പുനിയമമനുസരിച്ച്, പരിപൂർണ്ണഭൂരിപക്ഷം സീററുകൾ കിട്ടുവാൻ അവർക്കു സാദ്ധ്യമല്ലാതായി. ആകെയുള്ള 590 സീററുകളിൽ 303 ആണ് അവർക്കു കിട്ടിയിരിക്കുന്നതു്; അതായതു് മററെല്ലാപാർട്ടികളേയുംകാൾ 16 സീററുകൾ കൂടുതൽ. ഇതിൽനിന്നു മനസ്സിലാക്കാം, ക്രിസ്ത്യൻ ഡെമൊക്രാററു് പാർട്ടിക്കും കൂട്ടുകാർക്കുമാണ് ഇപ്പോഴും ഭൂരിപക്ഷമെന്നു്. പക്ഷെ അതൊരു നേരിയ ഭൂരിപക്ഷംമാത്രം. സീററുകളുടെ എണ്ണം നോക്കിയാൽ കമ്മ്യൂണിസ്റ്റുകാർക്കും നെന്നീസോഷ്യലിസ്റ്റുകാർക്കും രാജഭരണവാദികൾക്കും കഴിഞ്ഞ തിരഞ്ഞെടുപ്പിനെക്കാൾ ജയമാണെന്നു പറയണം. കമ്മ്യൂണിസ്റ്റുകാരുടെ സീററുകൾ 131-ൽനിന്നു് 143 ആയും, നെന്നീസോഷ്യലിസ്റ്റുകാരുടേതു് 53-ൽനിന്നു് 75 ആയും, രാജപക്ഷക്കാരുടേതു് 9-ൽനിന്നു് 40 ആയും വർദ്ധിച്ചു.

ആകെ പോൾ ചെയ്ത ഏകദേശം 13,500,000 വോട്ടുകളിൽ $12\frac{1}{2}$ ലക്ഷത്തോളം വോട്ടുകളെ സംബന്ധിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഒരു വെല്ലുവിളി പുറപ്പെടുവിച്ചിട്ടുണ്ടു്. അവ വീണ്ടും എണ്ണാൻ വച്ചിരിക്കുകയാണ്. തങ്ങൾക്കു നഷ്ടപ്പെട്ട ചെറിയ ശതമാനം വോട്ടുകൾ ആ എണ്ണത്തിൽ തങ്ങൾക്കു ലഭിക്കുന്നപക്ഷം ക്രിസ്ത്യൻ ഡെമൊക്രാററിക് പാർട്ടിക്ക് പരിപൂർണ്ണഭൂരിപക്ഷം സീററുകൾ ലഭിക്കുന്നതാണ്.

ഏതായാലും ഉത്തമകത്തോലിക്കനായ സിഞ്ഞോർ ഗസ്പേരി പ്രധാനമന്ത്രിയായിരിക്കുന്ന ക്രിസ്ത്യൻ ഡെമൊക്രാററു് പാർട്ടിയും കൂട്ടുപാർട്ടികളും തന്നെയായിരിക്കും ഇനിയും ഭരണം നടത്തുന്നതു്. അവരുടെ ഭരണത്തിൻകീഴിൽ ഇററലിയിലെ സാമ്പത്തികജീവിതത്തിനു് ഇക്കഴിഞ്ഞ യുദ്ധത്തിനുശേഷം, മുസ്സലോനിയുടെ 20വർഷത്തെ സ്വേച്ഛാധിപത്യത്തിൻകീഴ് ഉണ്ടായിരുന്നതിനെക്കാൾ മെച്ചം ലഭിച്ചിട്ടുണ്ടെന്നുള്ളതു് കേവലം ഒരു വസ്തുത മാത്രമാണ്. ആകയാൽ നേരിയ ഭൂരിപക്ഷം മാത്രമേ അവസാനമായി ലഭിക്കുകയുള്ളുവെന്നു വന്നാലും, അതു നഷ്ടപ്പെടാതെ അടുത്ത 5 വർഷത്തേക്ക് അവർതന്നെ ഭരണം നടത്താൻ സംഗതി വരട്ടെയെന്നു് നമുക്കു പ്രാർത്ഥിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### ആററം രഹസ്യം പറഞ്ഞുകൊടുത്ത ദമ്പതിമാർക്കു് വധശിക്ഷ

ജൂലിയസ് റോസൻബർഗ്ഗ്, എഥേൽ റോസൻബർഗ്ഗ് എന്ന ദമ്പതിമാരെ കഴിഞ്ഞ യുദ്ധകാലത്തു് അമേരിക്കയുടെ ആററം രഹസ്യം റഷ്യക്കു പറഞ്ഞുകൊടുത്തു എന്ന കുററം ആരോപിച്ച്, 1950-ൽ അറസ്റ്റുചെയ്തു. നീണ്ടുനിന്ന വിചാരണയ്ക്കുശേഷം ഫെഡറൽ ജൂറി ദമ്പതികളെ 1951-ൽ മരണശിക്ഷയ്ക്കു വിധിച്ചു. "കൊലപാതകത്തെക്കാൾ ഭീമമായ കുററം" എന്നാണ് ജഡ്ജി ഇവരുടെ കുററത്തെപ്പററി പ്രസ്താവിച്ചതു്. അപ്പീലിൽ സുപ്രീംകോടതി ഈ വിധി ശരിവയ്ക്കുകയും ചെയ്തു.

കമ്മ്യൂണിസ്റ്റുകാർ ലോകത്തിൻെറ എല്ലാ ഭാഗങ്ങളിലും ഈ വിധി ഒരു രാഷ്ട്രീയപ്രശ്നമാക്കി പ്രചരണംനടത്തി. ദമ്പതികൾക്കുവേണ്ടി കരുണയാചിച്ച് ധാരാളം അഭ്യർത്ഥനകൾ പുറപ്പെട്ടു. വത്തിക്കാനിൽ കിട്ടിയ അഭ്യർത്ഥന മാർപ്പാപ്പാ അമേരിക്കൻ പ്രസിഡൻറു് ഐസനോവറിനയച്ചുകൊടുത്തു. ഇംഗ്ലണ്ടിലെ രാജ്ഞിക്കും ചർച്ചിലിനും അപേക്ഷകൾ പോയി. ദമ്പതികളുടെ കുട്ടികൾ, 6-ം 10-ം വയസ്സുള്ളവർ, "മമ്മിയേയും ഡാഡിയേയും" മാപ്പുകൊടുത്തു രക്ഷിക്കണമെന്നു് ഐസനോവറിനു കത്തയച്ചു. കാരുണ്യത്തിനായി തനിക്കു സമർപ്പിക്കപ്പെട്ട സകല അപേക്ഷകളും ഐസനോവർ തള്ളിക്കളയുകയാണ് ചെയ്തതു്. വധശിക്ഷ നടത്തുന്നതിനു് അല്പംമുമ്പ് പുറപ്പെടുവിച്ച പ്രസ്താവനയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞിരുന്നു:

"രണ്ടു മനുഷ്യജീവികളെ വധിക്കുകയെന്നതു് ഗൗരവാവഹമായ കാര്യമാണ്. ചാരവൃത്തിനടത്തിയ ഇവർമുഖാന്തിരം ലക്ഷക്കണക്കിനു് നിർദ്ദോഷികളായ ജനങ്ങൾ മരിക്കുകയെന്നതു് അതിലും ഗൗരവമുള്ള കാര്യമാകുന്നു. റോസൻബർഗ്ഗ് ദമ്പതിമാർ ജനാധിപത്യവിരുദ്ധമായ പാതകങ്ങൾ ചെയ്തെന്നു് സ്ഥാപിതമാകയും, ആ കുററക്കാരുടെ രക്ഷയ്ക്കു് നിയമസഹായം അങ്ങേഅററം നൽകുകയും, അമേരിക്കയിലെ സുപ്രീംകോടതി അവരെ കുററക്കാരെന്നും ശിക്ഷാർഹരെന്നും പ്രഖ്യാപിക്കുകയും ചെയ്തിരിക്കെ ഈ സംഗതിയിൽ ഞാൻ ഇടപെടുന്നതല്ല."

വധശിക്ഷ നടത്താൻ സമ്മതം നൽകിക്കൊണ്ടുള്ള പ്രസിഡൻറിൻെറ ഉത്തരവിനെ തുടർന്നു് ജൂൺ 19-ാംനു- പാതിരാത്രി ഇലക്ട്രിസിററി ചാർജ്ജ്ചെയ്തു് ദമ്പതികളുടെമേൽ വധശിക്ഷ നടത്തി. അങ്ങനെ നീതി നടന്നു. ആസ്ട്രേലിയായിൽ മെൽബോൺ അതിരൂപതയിലെ മെത്രാപ്പോലീത്താ ഡോക്ടർ മാനിക്സ് തിരുമനസ്സുകൊണ്ടു് ഐസനോവറിനയച്ചിരുന്ന അഭ്യർത്ഥനയിൽ "കാരുണ്യം നീതിക്കു് മിനുസം കൊടുക്കുന്നു" എന്നു പ്രസ്താവിച്ചിരുന്നതു് പ്രത്യേകം പ്രസ്താവ്യമാണ്.

ഈ ദമ്പതിമാരുടെ വധത്തിൽ അനുശോചിക്കുകയും കാരുണ്യം നൽകി അവരെ ആ ദുർവിധിയിൽനിന്നു് രക്ഷിക്കുകയും ചെയ്യാൻ ലോകമെങ്ങും പരിശ്ര

മങ്ങൾ നടന്നതു് സ്തുത്യർഹംതന്നെ. എന്നാൽ മനുഷ്യജീവനെ മൃഗതുല്യം ഗണിക്കുകയും കാട്ടുമൃഗങ്ങൾക്കൊത്തവിധത്തിൽ നിർദ്ദോഷികളായ മനുഷ്യരെപ്പോലും വേട്ടയാടുകയും കുപ്രസിദ്ധമായ ശുദ്ധീകരണപ്രസ്ഥാനത്താൽ എതിരാളികളെ സംഹരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന കമ്മ്യൂണിസ്റ്റുകാർ ഈ ദമ്പതിമാരുടെ നീതിയുക്തമായ വധത്തെ ലോകമാസകലം പ്രതിഷേധിക്കുന്നതു് ഏററവും വിചിത്രമല്ലയോ? കമ്മ്യൂണിസ്റ്റ് ബർലിനിൽ ഈയിടെയുണ്ടായ ലഹളകൾക്കിടയിൽ ഒരു പാശ്ചാത്യബർലിൻകാരനെ കുററം ആരോപിച്ചു് സൈനികകോടതിയിൽ വിസ്തരിച്ചു് ഉടനടി തൂക്കിലിട്ടു കൊന്നതു് ആരു പ്രതിഷേധിക്കാനാണു്!

## പിന്നോക്കസമുദായക്കമ്മീഷന്റെ പ്രശ്നാവലിയിൽ മിഷനറി പ്രവർത്തനങ്ങളെപ്പററി

ഇൻഡ്യയിലെ പിന്നോക്കസമുദായങ്ങളുടെ സ്ഥിതിഗതികളെപ്പററി അന്വേഷിച്ചു റിപ്പോർട്ടുചെയ്യുവാൻ ഇൻഡ്യാഗവമ്മെൻറു് നിയമിച്ചിട്ടുള്ള കമ്മീഷൻ ഒരു പ്രശ്നാവലി പുറപ്പെടുവിച്ചിട്ടുണ്ടു്. അതിൽ മിഷനറിപ്രവർത്തനങ്ങളെപ്പററിയുള്ള ചോദ്യങ്ങൾ താഴെ ചേർക്കുന്നു:

ചോദ്യം: 153. പിന്നോക്കവർഗ്ഗസേവനവൃത്തി വിദേശ ഏജൻസികൾക്കു്, പ്രത്യേകിച്ചു മതപരിവർത്തനം തങ്ങളുടെ ഉദ്ദേശങ്ങളിൽ ഒന്നാക്കി പ്രവർത്തിക്കുന്ന ഏജൻസികൾക്കു്, വിട്ടുകൊടുക്കുന്നതു, ഒരു ദേശീയനയം എന്ന പരിഗണനയിൽ, ആശാസ്യമാണോ?

ചോ: 154 (എ) വിദേശ്യമോ മതപരിവർത്തനം നടത്തുന്നതോ ആയ ഏജൻസികൾ, ചിലപ്പോൾ, ബോധപൂർവ്വമോ അല്ലാതെയോ, ദേശീയവിരുദ്ധമോ പരസ്പരം അകററുന്നതോ ആയ പ്രവണതയെ പുലർത്തുന്നുണ്ടെന്നുള്ള പ്രസ്താവനകളിൽ വല്ല സത്യവുമുണ്ടോ?

(ബി) സ്വാതന്ത്ര്യം പ്രാപിച്ചതിനുശേഷം നിങ്ങളുടെ സ്റ്റേററിൽ ഇതുസംബന്ധിച്ചുള്ള സ്ഥിതിഗതികളെന്തു്?

ചോ: 155 (എ) നിങ്ങളുടെ സ്റ്റേററിൽ മതപരമായ ഏതെല്ലാം മിഷനുകൾ (Missions) പ്രവർത്തിച്ചുവരുന്നുണ്ടു്? എന്നുമുതൽ?

(ബി) നിങ്ങളുടെ സ്റ്റേററിൽ ഈ ഏജൻസികൾ ചെയ്തുവരുന്ന വിവിധപ്രവർത്തനങ്ങളുടെ ഒരു സംക്ഷിപ്തവിവരണം നൽകുക."

ഇൻഡ്യയിലും ക്രിസ്തുമതത്തിലേക്കുള്ള പരിവർത്തനം അധികവും നടക്കുന്നതു് പിന്നോക്കസമുദായങ്ങളിലാണല്ലോ. അവർ ഇസ്ലാംമതമോ ക്രിസ്തുമതമോ സ്വീകരിച്ചു് വ്യത്യസ്തസമുദായങ്ങളായിത്തീരുന്നതിൽ യാതൊരു വിരോധവും സവർണ്ണഹിന്ദുക്കൾക്കു് മുൻകാലത്തുണ്ടായിരുന്നില്ല. ഇപ്പോഴാകട്ടെ ആ മനോഭാവത്തിനു് മാററം വന്നിരിക്കുകയാണു്. അതിന്റെ ഫലമായിട്ടാണു് ക്രിസ്ത്യൻ മിഷനറിമാരുടെ സേവനം പിന്നോക്കസമുദായങ്ങളുടെ ഇടയിൽ നടക്കുന്നതു് സവർണ്ണഹിന്ദുക്കൾ ഇപ്പോൾ ഇഷ്ടപ്പെടാത്തതു്. അതു് അവസാനിപ്പിക്കണമെന്നാണു് അവരുടെ ആഗ്രഹം. എന്നാൽ ഭരണഘടനയിലെ ഡെമോക്രസിവ്യവസ്ഥകൾ അതിനൊരു വിലങ്ങുതടിയായി നില്ക്കുന്നുണ്ടു്. അതിനു് സൂത്രത്തിൽ വല്ല പരിഹാരവും കണ്ടുപിടിച്ചു് ഉദ്ദേശ്യം സാധിക്കുവാനുള്ള ശ്രമങ്ങളാണു് സവർണ്ണഹിന്ദുക്കളുടെ ആക്ഷേപങ്ങളുടെ അടിയിൽ കിടക്കുന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

## കിഴക്കെ ജർമ്മൻ കമ്മ്യൂണിസ്റ്റ് പാർട്ടിനേതാക്കൾ "ഗുരുതരമായ തെററുകൾ" വീണ്ടുമേററുപറയുന്നു

കിഴക്കെ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് പാർട്ടി സെൻട്രൽകമ്മിററി ജൂൺ 22-ാംനു ഫാക്ടറികളിലേക്കും ഗൃഹങ്ങളിലേക്കുമായി പ്രസിദ്ധപ്പെടുത്തിയ ഒരു പ്രക്ഷേപണത്തിൽ തൊഴിലാളികളോടു് ഇതേവരെ അവലംബിച്ച നിലയിലെ "ഗുരുതരമായ തെററുകൾ" ഏററുപറയുകയും അവ തിരുത്തിക്കൊള്ളാമെന്നു് വാക്കുപറയുകയും അതിനായി ഒരു പുതിയ പരിപാടി പ്രഖ്യാപിക്കുകയും ചെയ്യുകയുണ്ടായി. തൊഴിലാളികൾക്കു് പാർട്ടിയെ മനസ്സിലാക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അതിന്റെ കുററം പാർട്ടിയുടെ ഭാഗത്താണെന്നു് പ്രക്ഷേപണത്തിൽ ആവർത്തിച്ചുപറഞ്ഞിരുന്നു. 10 പുതിയ നടപടികൾ ഉൾപ്പെടുന്ന പാർട്ടിയുടെ പുതിയ പരിപാടി സകല വർഗ്ഗങ്ങളുടേയും ജീവിതത്തോതു് ഉയർത്തുമെന്നും, ഗവർമ്മെൻറിന്റെ നേരെ അവർക്കുള്ള കൈപ്പു് തുടച്ചുകളയുവാൻ സഹായിക്കുമെന്നും പ്രക്ഷേപണം പ്രതീക്ഷിക്കുന്നു. കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതിനെപ്പററി പാർട്ടി ജനസഞ്ചയത്തെ അറിയിക്കുകയും അവരോടു് ആലോചിക്കുകയും ചെയ്യുന്നതാണെന്നും പ്രക്ഷേപണം പ്രസ്താവിച്ചു. "വഴി തെററിക്കപ്പെടുകയും ഇനിയും പണിയിൽ ഏർപ്പെടാതിരിക്കുകയും ചെയ്തിട്ടുള്ള തൊഴിലാളികൾ മര്യാദക്കാരായ വേലക്കാരാണെന്നും അവരെ സഹായിക്കേണ്ടതാണെന്നും, പാർട്ടിക്കാർ ആഫീസുകളിൽനിന്നിറങ്ങി ജനസാമാന്യത്തിന്റെ ഇടയിലേക്കു പോകണമെന്നും, തൊഴിലാളികളുമായി യോഗങ്ങൾകൂടി ഹൃദയംതുറന്നു് ചർച്ചകൾ നടത്തണമെന്നും" പ്രക്ഷേപണത്തിൽ പറഞ്ഞിരിക്കുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഈ കുററസമ്മതങ്ങളും കുററങ്ങൾ തിരുത്താമെന്നുള്ള വാഗ്ദാനങ്ങളും അവ പ്രാവർത്തികമാക്കുവാൻ സ്വീകരിക്കുന്ന പുതിയ നടപടികളും എന്താണു് തെളിയിക്കുന്നതു്? കമ്മ്യൂണിസ്റ്റ് ഭരണത്തിൻകീഴു് തൊഴിലാളികൾ ഇതുവരെ "കൂലി അടിമകളായി" കഴിഞ്ഞുകൂടിയിരുന്നുവെന്നല്ലയോ?

## റഷ്യ സമ്മതിക്കുന്നു, അവിടെ ഇരുമ്പുമറയുണ്ടെന്നു്

യൂറോപ്യൻ റഷ്യ, ബൈലോറഷ്യ, യുക്രെയിൻ, കോക്കസസ്സ്, സെൻട്രലേഷ്യ എന്നീ സോവ്യററുയൂണിയനിൽപ്പെട്ട സ്ഥലങ്ങളിൽ പലേടത്തും വിദേശികളുടെ സഞ്ചാരംസംബന്ധിച്ചുണ്ടായിരുന്ന നിയന്ത്രണങ്ങൾക്കു് അയവു വരുത്തിയിരിക്കുന്നുവെന്നു് മോസ്കോയുടെ പാശ്ചാത്യസ്ഥാനപതികളെ ജൂൺ 22-ാംനു സോവ്യററു് ഗവർമ്മെൻറു് അറിയിക്കുകയുണ്ടായി. നിഷ്കൃഷ്ടമായ സഞ്ചാരനിരോധനങ്ങൾ 1948- സെപ്ററംബറിലും 1952 ജാനുവരിയിലും ഏർപ്പെടുത്തിയതു് നീക്കിയിരിക്കുന്നുവെന്നു കാണിച്ചു് സോവ്യററു് വിദേശമന്ത്രിയുടെ ആഫീസിൽനിന്നു് സകല വിദേശസ്ഥാനപതികൾക്കും ഒരു സർക്കുലർ അയച്ചുകൊടുത്തു. 1952 ജാനുവരിയിലെ നിയന്ത്രണങ്ങളനുസരിച്ചു് ലെനിൻഗ്രാഡു്, സ്റ്റലിൻഗ്രാഡു്, ഒഡേഡാ, ടിബ്ലിസി എന്നീ 4 സ്ഥലങ്ങളിൽ മാത്രമേ വിദേശികൾക്കു് സഞ്ചാരം അനുവദിച്ചിരുന്നുള്ളു. ഇപ്പോഴത്തെ അനുവാദത്താൽ സ്ഥാനപതികൾക്കും മററു വിദേശികൾക്കും യുക്രെയിനിലെ തലസ്ഥാനപട്ടണമായ കീയേവിലും ബൈലോറഷ്യായിലെ തലസ്ഥാനപട്ടണമായ മിൻസ്കിലും മദ്ധ്യറഷ്യയിലെ പ്രസിദ്ധകേന്ദ്രങ്ങളായ ടാഷ്കൻറു്, സമർക്കൻറു്, ബൊക്കാറ എന്നീ സ്ഥലങ്ങളിലും സഞ്ചരിക്കാറായി. നിരോധനം നീക്കിയതുമൂലം ബ്ലാക്സീക്കടുത്തുള്ള ആരോഗ്യകേന്ദ്രങ്ങൾ വിദേശികൾക്കു് തുറന്നു കൊടുത്തിരിക്കുന്നു. ട്രാൻസ്-കാസ്പ്യൻ പ്രദേശങ്ങളിലേക്കും സഞ്ചാരം സാദ്ധ്യമാക്കപ്പെട്ടു. വോൾഗാനദിയുടെ തീരപ്രദേശത്തു മുഴുവനും, ട്രാൻസു് സൈബീരിയൻ തീവണ്ടിവഴി ബഌഡിവോസ്റ്റോക്കു് മുതൽ മോസ്കോവരെ സോവ്യററു്റഷ്യയിലും അനിയന്ത്രിതമായ സഞ്ചാരം ഇപ്പോൾ ആകാം.

എന്നുവരികിലും നിരോധനവും നിയന്ത്രണവും നീക്കാത്ത സ്ഥലങ്ങൾ ഇനിയുമുണ്ടു്. മോസ്കോപ്രദേശത്തു് പട്ടണങ്ങളിൽക്കൂടി കടന്നുപോകുന്നതൊഴിച്ചുള്ള സഞ്ചാരം വിദേശികൾക്കു് ഇപ്പോഴും നിരോധിക്കപ്പെട്ടിരിക്കുകയാണു്. മോസ്കോയ്ക്കുചുററും 25 മൈൽ വ്യാസത്തിനകത്തു മാത്രമേ സാമാന്യമായി സഞ്ചാരം അനുവദിച്ചിട്ടുള്ളു. ക്രാസ്നോവോക്കു് പ്രദേശത്തേക്കുള്ള സഞ്ചാരം ഇപ്പോഴും നിരോധനത്തിലിരിക്കുന്നു. സോവ്യററു് ഏഷ്യയിലെ മഹത്തായ വ്യവസായപ്രദേശങ്ങളിലേക്കുള്ള സഞ്ചാരത്തിന്റെ കാര്യവും അങ്ങനെതന്നെ. യൂറൽസിലെ വ്യവസായകേന്ദ്രങ്ങളിലേക്കുള്ള സഞ്ചാരവും നിരോധിക്കപ്പെട്ടതന്നെയിരിക്കുന്നു.

ഈ വസ്തുതകളിൽനിന്നു് ഒരു സംഗതി വ്യക്തമാണല്ലോ—സോവ്യററു് യൂണിയനിൽ പലേടത്തും ഇരുമ്പുമറയുണ്ടായിരുന്നെന്നു്, ചിലേടങ്ങളിൽ ഇപ്പോഴുമുണ്ടെന്നു്. ഈ മറ ഉണ്ടായിരുന്നതെന്തിനു്, ഇപ്പോഴും ഉള്ളതെന്തിനു്? മനുഷ്യർക്കു് കാണാനും കേൾക്കാനും കൊള്ളരുതാത്തതായി സോവ്യററുയൂണിയനിൽ ഒന്നുമില്ലെങ്കിൽ, ഉണ്ടെന്നു സംശയിക്കുന്ന ബാഹ്യലോകത്തെ ബോദ്ധ്യപ്പെടുത്തുവാൻ വേണ്ടി യാതൊരു മറയും ഏർപ്പെടുത്താതെ സഞ്ചാരസ്വാതന്ത്ര്യം അനുവദിക്കുകയല്ലയോ വേണ്ടതു്? അനുവദിക്കുന്നില്ലെങ്കിൽ അതിന്റെ അർത്ഥം അവിടെ കൊള്ളരുതായ്മകൾ ധാരാളം നടക്കുന്നുണ്ടെന്നാണു്. അങ്ങനെ നടക്കുമെന്നു് കമ്മ്യൂണിസ്റ്റാദർശങ്ങളുടെ സ്വഭാവത്തിൽനിന്നു് ന്യായമായി അനുമിക്കുകയും ചെയ്യാം.

## പത്രോസിന്റെ തിരുനാളിൽ പത്രോസിന്റെ കാശു്

വിശുദ്ധ പത്രോസിന്റെ തിരുനാൾ കഴിഞ്ഞ 29-ാംനു യാണല്ലോ തിരുസ്സഭയിൽ ആഘോഷിക്കപ്പെട്ടതു്. "പത്രോസിന്റെ കാശു്" പല സ്ഥലത്തും പിരിക്കുന്നതു് ആ തിരുനാളോടു് അനുബന്ധിച്ചാണു്. തന്മൂലം അക്കാര്യത്തെപ്പററി അല്പം ആലോചിക്കുന്നതു് സന്ദർഭോചിതമായിരിക്കും.

പത്രോസിന്റെ കാശു് ലോകമാസകലം കൊല്ലംതോറും പിരിക്കാറുണ്ടു്. അതു് വലിയ ഒരു സംഖ്യയായി പിരിയുകയും ചെയ്യും. പിരിയുന്ന സംഖ്യ പത്രോസിന്റെ അനുഗാമിയായ മാർപ്പാപ്പായുടെ പക്കലേക്കു് അയച്ചുകൊടുക്കുന്നു. തിരുമേനി ആ പണം സ്വന്തം സുഖസൗകര്യങ്ങൾക്കു് എടുക്കുകയല്ല, പിന്നെയോ ലോകമാസകലം വ്യാപിച്ചുകിടക്കുന്ന കത്തോലിക്കരും കത്തോലിക്കരല്ലാത്തവരുമായ തന്റെ മക്കളുടെ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുകയാണു് പതിവു്. അവരുടെ ആവശ്യങ്ങൾ ആധുനികകാലത്തിലെ ഭയങ്കരമായ ദുരിതാവസ്ഥ നിമിത്തം അഭൂതപൂർവ്വകമായ വിധത്തിൽ വർദ്ധിച്ചിരിക്കുന്നു. ആ വസ്തുത തിരുമേനിയെ അത്യന്തമായ ദുഃഖത്തിൽ നിമഗ്നനാക്കിയിരിക്കുകയാണു്. എത്ര കിട്ടിയാലും വിതരണം ചെയ്യാൻ മതിയാകാതിരിക്കുന്നതുകൊണ്ടു് കൂടുതൽ കൂടുതൽ കിട്ടണമെന്നാണു് തിരുമേനിയുടെ ആഗ്രഹം. 1952 ക്രിസ്മസ് പ്രമാണിച്ചു് തിരുമേനി ചെയ്ത ഹൃദയാവർജ്ജകമായ പ്രക്ഷേപണത്തിൽ ഈ ആഗ്രഹം പ്രസ്പഷ്ടമായി പ്രകടിപ്പിച്ചിരുന്നു.

"നമ്മുടെ വാഴ്ചയുടെ ക്ലേശകരമായ വർഷങ്ങളിൽ നാംതന്നെ ആഗ്രഹിച്ചിരുന്നു, ഐശ്വര്യത്തിൽ കഴിഞ്ഞുകൂടുന്ന വിശ്വാസികളുടെ വകയായി ലോകത്തിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും നമ്മുടെ പക്കലേക്കു് പ്രവഹിച്ചിട്ടുള്ള സഹായം നമ്മുടെ നിർദ്ധനരും നിസ്സഹായരുമായ മക്കളെ സഹായിക്കുവാൻ വേണ്ടി ഇടമുറിയാത്ത നദിപോലെ ഒഴുകിക്കൊണ്ടിരിക്കണമെന്നു്. അഭയാർത്ഥികളുടെ അടുത്തെത്തി സ്വഗൃഹങ്ങളിലേക്കു് മടങ്ങുവാൻ അവരെ സഹായിക്കണമെന്നു് നാം ആഗ്രഹിക്കുന്നുണ്ടു്. അനാഥരെ തേടിപ്പിടിക്കുവാനും അവർക്കു് ഒരു മേൽപ്പുരയുടേയും അപ്പത്തിന്റേയും വേറൊരു അമ്മയുടേയും ഉറപ്പുകൊടുക്കുവാനും നാം ശ്രമിച്ചിട്ടുണ്ടു്. തടവുകാരുടേയും രോഗികളുടേയും സ്വരാജ്യത്തിൽനിന്നു വളരെ അകന്നു് പാർപ്പിക്കപ്പെടുന്ന യുദ്ധതടവുകാരുടേയും അടുത്തു ചെല്ലുവാൻ നമുക്കു് അതിയായ ആഗ്രഹമുണ്ടു്. നിർഭാഗ്യവശാൽ വലിയ ദുഃഖത്തോടുകൂടി നാം പറയുന്നു, ആവശ്യങ്ങളുടെ ഗൗരവത്തിനും വൈപുല്യത്തിനും തുല്യമല്ല നമ്മുടെ കഴിവുകൾ എന്ന ബോധം ഓരോ അവസരത്തിലും നാം നേരിടേണ്ടിവന്നെന്നു്. തന്മൂലം ദരിദ്രരുടെ നേരെയുള്ള അത്യുഗ്രവും വർദ്ധിതവുമായ സ്നേഹം സർവ്വത്ര ഉത്തേജിപ്പിക്കപ്പെടണമെന്നും അതിന്റെ ഫലമായി പരിശുദ്ധമായ ശക്തിയോടുകൂടി കുതിച്ചുപായുന്ന ഒരു സഹായപ്രവാഹം ഉല്പാദിപ്പിക്കപ്പെടണമെന്നും, പരിത്യക്തനായ ഒരു വൃദ്ധനോ രോഗിയായ ഒരു ദരിദ്രനോ കഷ്ടപ്പെടുന്ന ഒരു ശിശുവോ കുഞ്ഞിനെ സഹായിക്കുവാൻ ഒരു നിവൃത്തിയുമില്ലാത്തതിനാൽ ദുഃഖാർത്തയായ ഒരു മാതാവോ ഉള്ളേടത്തെല്ലാം ആ സഹായം തുളച്ചുകയറണമെന്നും നാം ആഗ്രഹിക്കുന്നു."

പത്രോസിന്റെ കാശു് പരിശുദ്ധപിതാവു് ഈ വിധത്തിൽ ഉപയോഗിക്കുന്നതുകൊണ്ടു്, ആ ഉപയോഗത്തിനായി ആ പിരിവു് വളരെയധികം വർദ്ധിക്കണമെന്നു് തിരുമേനി ആഗ്രഹിക്കുന്നതുകൊണ്ടു് അതിലേക്കു് ഉദാരമായും സസന്തോഷവും നമുക്കു് സംഭാവനനൽകാം.

---

## അടുത്ത ആഴ്ചയിൽ

ജൂലൈ

5 ഞാ: പന്തക്കുസ്താ 6-ാം ഞായർ

6 തി: മരിയാഗൊരേറി

7 ചൊ: സിറിലും മെത്തോഡിയൂസും

8 ബു: പോർട്ടുഗലിലെ എലിസബത്തു്

9 വ്യാ: വെറോനിക്കാ

10 വെ: ഏഴു വിശുദ്ധ സഹോദരർ

11 ശ: പീയൂസ്

---

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കു പുറമെ | " 8—0—0 |

---

വേദശാസ്ത്രപംക്തി

# തിരുപ്പട്ടം

ആറാംപട്ടവും ക്രൂദാശയും

ആറാം പട്ടം അഥവാ ഡീക്കൻ പട്ടം അപ്പസ്തോലകാലംമുതൽ നിലവിലുള്ളതാണെന്നു നാം കണ്ടുകഴിഞ്ഞു. ആറാം പട്ടക്കാരുടെ ചുമതലകളെപ്പററിയും നാം പ്രതിപാദിച്ചു. അടുത്തതായി പര്യാലോചിക്കുവാനുള്ളതു് ഈ പട്ടം ഒരു കൂദാശയുടെ സ്വഭാവത്തോടുകൂടിയതാണോ എന്നത്രെ.

നാം കഴിഞ്ഞ പ്രാവശ്യം ഉദ്ധരിച്ച വേദപുസ്തകവാക്യത്തിൽ (നടപടി 6,6) ശ്ലീഹന്മാർ എസ്തപ്പാനോസിന്റേയും കൂട്ടരുടെയുംമേൽ കൈവച്ചതായി പറഞ്ഞിട്ടുണ്ടു്. ആ കർമ്മം വരപ്രസാദദായകമായിരുന്നെന്നു വ്യക്തമായി പറഞ്ഞിട്ടില്ല. എന്നാൽ സാഹചര്യങ്ങൾകൊണ്ടു് അതു അനുമിക്കേണ്ടിയിരിക്കുന്നു. അവരിൽനിന്നും അനന്യസാധാരണമായ ജീവിതവിശുദ്ധിയാണു വി. പൗലോസ് പ്രതീക്ഷിക്കുന്നതു്. ദ്വയാർത്ഥപ്രയോഗം പാടില്ല; മദ്യപാനാസക്തരാകരുതു്; നീചമായ ധനലാഭം ഇച്ഛിക്കരുതു്; ദൈവജ്ഞാനവും നിർമ്മലമനസ്സാക്ഷിയും ഉള്ളവരായിരിക്കണം (I തിമോ. 3, 8-9), ഇവയെല്ലാമാണു് അവരുടെ ജീവിതത്തിന്റെ മുഖ്യപലകകൾ. ദൈവവചനം പ്രസംഗിക്കുക, ജ്ഞാനസ്നാനപ്പെടുത്തുക, അൾത്താരശുശ്രൂഷ ചെയ്യുക തുടങ്ങിയ ചുമതലാഭാരങ്ങളാണു് അവർ ചുമലുകളിൽ വഹിക്കേണ്ടതും. പ്രത്യേക ദൈവസഹായവും വരപ്രസാദവും കൂടാതെ, ഈ ശ്രേഷ്ഠവിശുദ്ധി പാലിക്കുവാനും ചുമതലാഭാരം വഹിക്കുവാനും ഏറെക്കുറെ അസാദ്ധ്യമാണെന്നു പറയാം. കൈവയ്പുവഴി പ്രസ്തുതവരപ്രസാദം ലഭിക്കുന്നുവെന്നുവേണം വിചാരിക്കുവാൻ.

പാരമ്പര്യോപദേശം ഈ അനുമാനത്തെ സുതരാം സ്ഥിരീകരിക്കുകയും ചെയ്യുന്നുണ്ടു്. എസ്തപ്പാനോസിന്റേയും മററും തിരഞ്ഞെടുപ്പു സംബന്ധിച്ചു് വി. ജോൺ ക്രിസോസ്റ്റോം ഇപ്രകാരം എഴുതിയിരിക്കുന്നു: "നോക്കുക, വിശുദ്ധഗ്രന്ഥകർത്താവു്, ആവശ്യത്തിലധികമൊന്നും പറയുന്നില്ല. പട്ടം നൽകിയതിന്റെ ചടങ്ങുകൾ എവയെല്ലാമായിരുന്നുവെന്നതിനെപ്പററി മൗനമവലംബിക്കുന്നു. കൈവയ്പും പ്രാർത്ഥനയും വഴി അവർക്കു പട്ടം നൽകപ്പെട്ടുവെന്നുമാത്രം പറയുന്നു. കാരണം പട്ടം കൊടുക്കുന്നതു് അങ്ങനെയാണു്. മനുഷ്യന്റെ കൈയാണു വയ്ക്കപ്പെടുന്നതു്; എന്നാൽ ദൈവമാണതു പൂർത്തിയാക്കുന്നതു്. അവിടുത്തെ കരമാണു യഥാർത്ഥത്തിൽ പട്ടം സ്വീകരിക്കുവാനുള്ള സ്ഥാനാർത്ഥിയുടെ തലയെ സ്പർശിക്കുന്നതു്."

നമുക്കു ലഭിച്ചിട്ടുള്ള "കർമ്മാനുഷ്ഠാനവിധി"കളിലെല്ലാം കൈവയ്പിനോടൊപ്പം മെത്രാൻ പരിശുദ്ധാരൂപിയുടെ ആഗമനത്തിനായി പ്രാർത്ഥിക്കുന്നുണ്ടു്. ര

## ഇടവകവാർത്തകൾ

ചങ്ങനാശേരി: ഫാത്തിമാപുരം വിൻസെൻറ് ഡി പോൾ കോൺഫറൻസിൻെറ പ്രഥമ വാർഷികവും പ്രസ്തുത കോൺഫറൻസിൻെറ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ഫാത്തിമാ ബോയ്സ് ക്ലബിൻെറ ഔപചാരികോദ്ഘാടനവും ജൂൺ 21-ാം തീയതി റവ. ഫാ. ക്രിസോലോഗോസ് സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടിരിക്കുന്നു. ബ്രദേഴ്സ് ഒ. വി. വറുഗീസ് ബി. എ. ബി. എൽ., എം. എം. ജോർജ്ജ് എന്നിവരായിരുന്നു പ്രാസംഗികർ.

—കാഞ്ഞിരത്താനം: മരിയാസഖ്യാംഗങ്ങളായ മെ. ടി. കെ. ജോൺ,.എം. ജെ. കുര്യൻ, എൻ. വി. വർക്കി, പി. സി. ചാക്കൊ എന്നിവർ വൈദികപഠനാർത്ഥം പോകുന്നതുപ്രമാണിച്ച് ജൂൺ 14-ാംനു- ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—കുറുപ്പന്തറ: മിഷൻ ലീഗംഗമായ കളരിപ്പറമ്പിൽ മി. തോമസ് മിഷൻ പ്രവർത്തനത്തിനു പോകുന്നതു സംബന്ധിച്ച് ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു.

—ചെവ്വൂർ: ബ്രദർ ജേക്കബ് എലുവത്തിങ്കൽ പാററ്നാ മിഷനിലേക്കു് പോകുന്നതു പ്രമാണിച്ച് മരിയാസഖ്യത്തിൻെറ ആഭിമുഖ്യത്തിൽ ഒരു യാത്രയയപ്പു നൽകപ്പെട്ടിരിക്കുന്നു.

## തിരുക്കൊച്ചിവാർത്തകൾ

### വ്യവസായവികസനം

തിരുക്കൊച്ചിയിലെ കമ്മ്യൂണിററിപ്രോജക്ട് കേന്ദ്രങ്ങളിൽ പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനെപ്പററി ഗവർമ്മെൻറ് പര്യാലോചിച്ചുവരുന്നതായി ഒരറിയിപ്പിൽ പറയുന്നു. വ്യവസായവികസനാർത്ഥമുള്ള സ്വകാര്യ സംരംഭങ്ങളെ ഗവർമ്മെൻറ് പ്രോത്സാഹിപ്പിക്കുന്നതുമായിരിക്കും. പുതിയ വ്യവസായങ്ങൾ തുടങ്ങുവാൻ സന്നദ്ധതയുള്ള വ്യക്തികളോ സഹകരണസംഘങ്ങളോ തങ്ങളുടെ പദ്ധതികൾ ഗവർമ്മെൻറിലേക്കയക്കുവാൻ അറിയിപ്പിൽ ആവശ്യപ്പെട്ടിരിക്കുന്നു. അവയുടെ നടത്തിപ്പിനായി ലോൺമൂലവും സാധനസാമഗ്രികൾ ലഭിക്കുവാൻവേണ്ട ഏർപ്പാടുകൾ ചെയ്തും ഗവർമ്മെൻറു സഹായിക്കുന്നതായിരിക്കും. ബനിയൻ, കാൽമേസുകൾ, റാന്തൽവിളക്കുകൾ, കാർഷികോപകരണങ്ങൾ, മെഴുകുതിരികൾ, ബ്രഷുകൾ, താഴുകൾ തുടങ്ങിയവയുടെ നിർമ്മാണം പലയിടങ്ങളിലും വിജയപൂർവ്വം നടത്താമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

---

ണ്ടും തമ്മിൽ ബന്ധമുണ്ടെന്നാണ് അതിൻെറ അർത്ഥം. കൈവയ്പു വരപ്രസാദദായകമാണെന്നു സാരം. ഉദാഹരണമായി "ഗ്രിഗരി മാർപ്പാപ്പായുടെ സാക്രമെൻററി" എന്നു വിളിക്കപ്പെടുന്ന കർമ്മാനുഷ്ഠാനവിധികളിൽ ഡീക്കൺസ്ഥാനാർത്ഥിയുടെ മേൽ മെത്രാൻ കൈവയ്ക്കുന്ന സമയത്തു ചൊല്ലുന്ന പ്രാർത്ഥന ഇപ്രകാരമാണ്: "കർത്താവേ, പരിശുദ്ധാത്മാവിനെ ഇയാളുടെമേൽ അയക്കേണമെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു. അങ്ങനെ, അങ്ങേ ശുശ്രൂഷയുടെ വിശ്വസ്തതാപൂർവ്വകമായ നിർവ്വഹണത്തിനു് അവിടുത്തെ സപ്തവരങ്ങൾ പ്രാപിച്ചുകൊണ്ടു് അയാൾ ശക്തനായി ഭവിക്കട്ടെ."

### ജേർണലിസത്തിനു് ഡിപ്ലോമാകോഴ്സ്

ജേർണലിസത്തിനു യൂണിവേഴ്സിററിയിൽ ഒരു ഡിപ്ലോമാകോഴ്സ് ഏർപ്പെടുത്തേണ്ടതാണെന്നുള്ള സിൻഡിക്കേററിൻെറ തീരുമാനത്തെ തുടർന്നു് പ്രസ്തുത വിഷയംസംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ടു സമർപ്പിക്കുവാൻ മെ. മള്ളൂർ ഗോവിന്ദപ്പിള്ള, പി. എസ്. ജോർജ്ജ്, പോത്തൻ ജോസഫ്, കെ. സി. മാമൻമാപ്പിള, കെ. പി. കേശവമേനോൻ എന്നിവരടങ്ങിയ ഒരു കമ്മിററി നിയോഗിക്കപ്പെട്ടിരിക്കുന്നു.

### തി. ത. നാ. കോൺഗ്രസ്സ്

തിരുവിതാംകൂർ തമിഴ്നാട് കോൺഗ്രസ്സ് പാർലമെൻററി പാർട്ടിയുടേയും വർക്കിംഗ് കമ്മിററിയുടേയും ഒരു സംയുക്തയോഗം ജൂൺ 28-ാംനു- ഇരണിയലിൽ സമ്മേളിച്ചു. യോഗനിശ്ചയങ്ങൾ സംബന്ധിച്ച് പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന പ്രസ്താവനയിൽ, ത. നാ. കോ. തല്ക്കാലം പി. സി സി. യിൽ ലയിക്കേണ്ട ആവശ്യമില്ലെന്നും, ത. നാടിനു പ്രത്യേകമായ ഒരു പി. സി. സി. അനുവദിക്കുന്നപക്ഷം തിരുക്കൊച്ചി പി. സി. സി. യോടു സഹകരിക്കാവുന്നതാണെന്നും, തിരുക്കൊച്ചി കോൺഗ്രസ്സ് പ്രവർത്തകർ തങ്ങളുടെമേൽ ചളി വാരിയെറിയുന്ന നയം തുടരുന്ന പക്ഷം പ്രസ്തുത കോൺഗ്രസ്സുമായുള്ള ബന്ധം വിടർത്താൻ തങ്ങൾ നിർബന്ധിതരാകുമെന്നും വ്യക്തമാക്കിയിരിക്കുന്നു.

## വിദേശവാർത്തകൾ

### ചൈനായിൽ മതമർദ്ദനം

ടിൻസിനിലും ഷാംഗെയിലുമായി 10 കത്തോലിക്കാവൈദികരെ അറസ്റ്റുചെയ്തിരിക്കുന്നു. പല പട്ടണങ്ങളിലും പുതുതായി അറസ്റ്റുകളും മർദ്ദനനടപടികളും ആരംഭിച്ചിരിക്കുന്നതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. കത്തോലിക്കാ സഭയുടെനേരെ സാർവ്വത്രികമായി അഴിച്ചുവിടാൻ ഉദ്ദേശിച്ചിരിക്കുന്ന ഒരു പുതിയ മർദ്ദനനയത്തിൻെറ ആദ്യപടികളാണിവയെന്നു വ്യാഖ്യാനിക്കപ്പെടുന്നുണ്ടു്.

### കൊറിയായിൽ

ദക്ഷിണകൊറിയൻ പ്രസിഡണ്ടു് മി. സിംഗ്മൻ റി കമ്മ്യൂണിസ്റ്റുവിരുദ്ധക്കാരായ ഏതാനും ഉത്തരകൊറിയൻ തടവുകാരെ സ്വതന്ത്രരാക്കുകയും കൊറിയൻ യുദ്ധവിരാമസന്ധിയിൽ ഒപ്പുവയ്ക്കാൻ വിസമ്മതിക്കുകയും ചെയ്തതിനെത്തുടർന്നു് സന്ധിസംഭാഷണങ്ങൾ സ്തംഭനാവസ്ഥയിലെത്തിയിരിക്കുന്നു. പ്രസിഡണ്ടു് റീയുടെ പുതിയ നിലപാടിനെ സംബന്ധിച്ച ചർച്ചചെയ്യുവാൻ യു. എൻ. ജനറൽ അസംബ്ളി വിളിച്ചുകൂട്ടണമെന്നു് ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റു അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ യവസരത്തിൽ ഉത്തരകൊറിയൻ കമ്മ്യൂണിസ്റ്റുകാർ ചൈനീസ് സേനകളുടെ സഹകരണത്തോടുകൂടി ദക്ഷിണകൊറിയായിൽ സിയോളിനു നേരെയുള്ള തങ്ങളുടെ ആക്രമണം ഉഗ്രതരമാക്കിയിരിക്കുന്നു. ദക്ഷിണകൊറിയൻ സേനകളെ പല സ്ഥലങ്ങളിലും അവർ പിന്നോക്കം പായിച്ചിട്ടുള്ളതായും റിപ്പോർട്ടുകളിൽ കാണുന്നു.

### പുതിയ മന്ത്രിസഭ

മി. ജോസഫ് ഡാനിയൽ പ്രധാനമന്ത്രിയായി ഫ്രാൻസിൽ ഒരു പുതിയ മന്ത്രിസഭ രൂപവൽക്കരിച്ചിരിക്കുന്നു. മി. പോൾ റെയ്നോ ആണ് ഉപപ്രധാനമന്ത്രി.

### സുഖസൗകര്യങ്ങൾ കമ്മ്യൂണിസ്റ്റുകാർക്കു മാത്രം

ഈയിടെ ചൈന സന്ദർശിച്ചു മടങ്ങിയ ആർ. എസ്. പി. നേതാവു് സഖാവു് ശ്രീകണ്ഠൻനായർ എം. പി., "പ്രായേണ കമ്മ്യൂണിസ്റ്റു് പാർട്ടി അംഗങ്ങൾ മാത്രം അവിടെ കാറുപയോഗിക്കുകയും കമ്പിളിവസ്ത്രം ധരിക്കുകയും മററു ജീവിതസൗകര്യങ്ങൾ അനുഭവിക്കുകയും ചെയ്യുന്നതായി താൻ കണ്ടുവെന്നു" ബോംബെയിൽവച്ചു പ്രസ്താവിച്ചിരിക്കുന്നു.

### ജർമ്മനിയിലെ മർദ്ദനം

പൂർവ്വജർമ്മനിയിലെ കമ്മ്യൂണിസ്റ്റുകാർ അഴിച്ചുവിട്ടിരിക്കുന്ന മതമർദ്ദനം 20 കൊല്ലം മുമ്പു് നാസിമേധാവികൾ നടത്തിയ മർദ്ദനത്തെക്കാൾ അതിഭയങ്കരമാണെന്നു പശ്ചിമജർമ്മൻ പാർലമെൻററിലെ സ്പീക്കർ, ഹെർ ഹെർമ്മൻ എഹ്ലേഴ്സ് പ്രസ്താവിച്ചിരിക്കുന്നു. രണ്ടു ഫ്രാൻസിസ്കൻ കന്യാസ്ത്രീകളെ അവർ ഈയിടെ അറസ്റ്റുചെയ്യുകയും അവർ നടത്തിവന്ന അനാഥമന്ദിരത്തെ കൈവശപ്പെടുത്തുകയും ചെയ്യുകയുണ്ടായി. ജർമ്മനിയിൽ ഇദംപ്രഥമമായിട്ടാണു കന്യാസ്ത്രീകൾ അറസ്റ്റുചെയ്യപ്പെടുന്നതു്.

### രാജ്ഞിക്കു ജ്ഞാനപുഷ്പമഞ്ജരി

ഇംഗ്ലണ്ടിലെ 2-ാം എലിസബെത്തു രാജ്ഞിയുടെ കിരീടധാരണം പ്രമാണിച്ച് പല കത്തോലിക്കാ സംഘടനകളും രാജ്ഞിക്കു "ജ്ഞാനപുഷ്പമഞ്ജരികൾ" സമർപ്പിക്കുകയുണ്ടായി. ലണ്ടനിലെ കാത്തലിക് ഹെരൾഡ് പത്രത്തിൻെറ ആഹ്വാനമനുസരിച്ച് വളരെപ്പേർ അതിൽ സഹകരിച്ചു. തത്ഫലമായി, 183,288 ദിവ്യബലിയും, 154,566 ദിവ്യകാരുണ്യസ്വീകരണവും, 238,290 ജപമാലയുമടങ്ങിയ ഒരു സുകൃതമഞ്ജരി രാജ്ഞിക്കു സമർപ്പിക്കുവാൻ സാധിച്ചു. അതിനു തിരുമനസ്സിലെ പ്രൈവററു സെക്രട്ടറിമാരിലൊരാൾ ഇപ്രകാരം മറുപടിയെഴുതി: "പ്രാർത്ഥനയ്ക്കുവേണ്ടിയുള്ള രാജ്ഞിയുടെ ആഹ്വാനത്തിനു നിങ്ങളയച്ച മനോഹരമായ മറുപടി കണ്ടു തിരുമേനി സന്തുഷ്ടയായിരിക്കുന്നു."

### രാജ്ഞിക്കുവേണ്ടി സായാഹ്നബലി

ബ്രിട്ടീഷുരാജ്ഞിയുടെ കിരീടധാരണത്തിൻെറ തലേദിവസം വൈകുന്നേരം, വൈദികമേലദ്ധ്യക്ഷന്മാരുടെ നിർദ്ദേശപ്രകാരം, ഇംഗ്ലണ്ടിലെ കത്തോലിക്കാ ദേവാലയങ്ങളിൽ ദിവ്യബലി സമർപ്പിക്കപ്പെട്ടു. അനേകംപേർ പരി. കുർബാനസ്വീകരിച്ചു. വെസ്റ്റ്മിൻസ്റ്റർ കത്തീഡ്രലിൽ കാർഡിനൽ ഗ്രിഫിൻ ദിവ്യബലി സമർപ്പിച്ചു. ഉദ്ദേശം 5000 പേർ അതിൽ പങ്കുകൊണ്ടു. കിരീടധാരണത്തിലേക്കു മാർപ്പാപ്പായുടെ പ്രതിനിധിയായി നിയുക്തനായിരുന്ന സെന്തോ മെത്രാപ്പോലീത്താ തിരുമേനിയും തദവസരത്തിൽ സന്നിഹിതനായിരുന്നു. കുർബാനയ്ക്കുശേഷം സെന്തോ തിരുമേനിയെ അഭിവാദ്യം ചെയ്യുന്നതിനായി മെത്രാപ്പോലീത്തൻ അരമനയ്ക്കു സമീപം ജനാവലി തടിച്ചുകൂടി. കാർഡിനൽ ഗ്രിഫിൻ, ആർച്ചുബിഷപ്പു ഗോഡ്ഫ്റെ എന്നിവരൊരുമിച്ചു പേപ്പൽപ്രതിനിധി ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ ജനങ്ങളുടെ ജയ് വിളികളാൽ അന്തരീക്ഷം മുഖരിതമായി. ദേശീയഗാനവും "നമ്മുടെ പിതാക്കന്മാരുടെ വിശ്വാസം" (Faith of Our Fathers) എന്ന ഗീതവും പാടിയശേഷം ജനക്കൂട്ടം പിരിഞ്ഞു.

### ബ്രിട്ടണിലെ കത്തോലിക്കർക്കു് പേപ്പൽ പ്രതിനിധിയുടെ സന്ദേശം

ബ്രിട്ടീഷ് രാജ്ഞിയുടെ കിരീടധാരണത്തിൽ പേപ്പൽ പ്രതിനിധിയായി സംബന്ധിച്ച ആർച്ചുബിഷപ്പ് സെന്തോ ഇംഗ്ലണ്ടുവിടുന്നതിനുമുമ്പ് അവിടത്തെ കത്തോലിക്കർക്കായി പത്രങ്ങൾ മുഖേന നൽകിയ സന്ദേശത്തിൻെറ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:

"ജൂൺ 1-ാംനു- വൈകുന്നേരം നിങ്ങളുടെ അഭിവന്ദ്യനും സംപൂജ്യനുമായ കാർഡിനൽ ആർച്ചുബിഷപ്പ് ചൊല്ലിയ കുർബാനയ്ക്കുശേഷം ഞങ്ങൾ ബാൽക്കണിയിൽ പ്രത്യക്ഷപ്പെട്ടപ്പോൾ നിങ്ങൾ നൽകിയ അഭിവാദ്യം എൻെറ ജീവിതത്തിലെ അവിസ്മരണീയമായ ഒരനുഭവമാണ്.

"ബ്രിട്ടണിലെ കത്തോലിക്കരേ, ഉത്തമമായ പൗരബോധത്തിൻെറയും കത്തോലിക്കാ വിശ്വാസത്തിൻെറയും അനുഷ്ഠാനത്തിൻെയും മാതൃകകളായി പരിലസിക്കുവിൻ.

"നിങ്ങളുടെ സംപൂജ്യയായ രാജ്ഞിയുടെ നേർക്കു സദാ ഭക്തിയുള്ളവരായിരിക്കുകയും പരിശുദ്ധസിംഹാസനവുമായി ദൃഢമായ ബന്ധം പുലർത്തുകയും ചെയ്യുവിൻ.

"നിങ്ങളുടെ ജീവിതം, നിങ്ങൾ അഭിമാനപൂർവ്വം, സന്തോഷസമേതം, അനുഷ്ഠിക്കുന്ന മതത്തിനു് ഉത്തമമായ സാക്ഷ്യമായിരിക്കട്ടെ.

"പരിശുദ്ധ പിതാവിൻെറ നാമത്തിൽ നിങ്ങൾക്കു ഞാനെൻെറ ആശീർവ്വാദം നൽകുന്ന തോടൊപ്പം ദൈവം നിങ്ങളേയും നിങ്ങളുടെ കുടുംബങ്ങളേയും നിങ്ങളുടെ ജനപദത്തേയും ആശീർവ്വദിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു."

### തിരിച്ചുവന്നു

400 കൊല്ലത്തെ പ്രവാസത്തിനുശേഷം ഫ്രാൻസിസ്കൻ സന്യാസികൾ സ്വീഡനിലേക്കു തിരികെ വന്നിരിക്കുന്നു. പ്രോട്ടസ്റ്റൻറു മതവിപ്ലവകാലത്തു മററെല്ലാ സന്യാസസഭകളേയും പോലെ ഫ്രാൻസിസ്കൻ സന്യാസസഭയും സ്വീഡനിൽ നിരോധിക്കപ്പെട്ടതാണ്. ഈ നിരോധനം ഒരു വർഷം മുമ്പുവരെ നിലവിലിരുന്നു. ലൂഥറൻ സഭാംഗങ്ങൾക്കു വി. ഫ്രാൻസിസിനോടു് അതിററ ഭക്തിയുണ്ടെന്ന വസ്തുത ഇത്തരുണത്തിൽ സ്മർത്തവ്യമാണ്.

### അണ്ണാക്കിണ്ണനും തന്നാലായതു

ഈയിടെ കാർഡിനൽ മിൻസെന്തിയുടെ മാതാവിനെ സന്ദർശിച്ച ഒരു പത്രറിപ്പോർട്ടറോടു് ധീരയായ ആ വൃദ്ധസ്ത്രീ പ്രസ്താവിച്ചതു് ഇപ്രകാരമാണ്: "എൻെറ മകൻ മെത്രാനായെന്നു കേട്ടപ്പോൾ ഞാൻ കരഞ്ഞു. കർദ്ദിനാളായെന്നു കേട്ടപ്പോൾ ഞാൻ വീണ്ടും കരഞ്ഞു. അവൻ കാരാഗൃഹവാസമനുഭവിക്കുന്ന ഇപ്പോൾ എനിക്കു കണ്ണുനീർ ശേഷിച്ചിട്ടില്ല. എൻെറ കഷ്ടാരിഷ്ടതകളും പ്രാർത്ഥനകളുമല്ലാതെ മററൊന്നും കൊടുക്കുവാനും എൻെറ കൈവശമില്ല. ഞാൻ പുസ്തകങ്ങളിൽനിന്നു് ഒന്നും പഠിച്ചിട്ടില്ല. എന്നുവരികിലും, അണ്ണാക്കിണ്ണനും തന്നാലായതു എന്ന തത്വമനുസരിച്ച് നമ്മുടെ സഭയുടെ ജീവനെ ശക്തിപ്പെടുത്തുകയും പരിപോഷിപ്പിക്കുകയും ചെയ്യാൻ എനിക്കും വല്ലതും ചെയ്യാൻ സാധിക്കുമെന്നാണ് എൻെറ വിശ്വാസം."

### വിദ്യാർത്ഥികളുടെ തീർത്ഥയാത്ര

കൊല്ലന്തോറും പാരീസുസർവ്വകലാശാലയിലെ വിദ്യാർത്ഥികൾ ചാർട്ട്രേഴ്സ് എന്ന സ്ഥലത്തേക്കു് ഒരു തീർത്ഥയാത്ര നടത്താറുണ്ടു്. 18 കൊല്ലം മുമ്പാണ് അതു് ആരംഭിച്ചതു്. അന്നു 15 വിദ്യാർത്ഥികൾമാത്രമേ അതിൽ പങ്കുവഹിച്ചുള്ളു. ഇക്കൊല്ലമാകട്ടെ 10,500 വിദ്യാർത്ഥിനീവിദ്യാർത്ഥികൾ അതിൽ സംബന്ധിച്ചു. നടക്കാൻ സാധിക്കാത്തവരെ ചക്രംവച്ച കസേരകളിൽ ഉന്തിക്കൊണ്ടുപോയി. യാത്രാദൈർഘ്യം 25 മൈൽ ആണ്. തീർത്ഥകരുടെ കൂട്ടത്തിൽ ഹോളൻറ്, ബൽജിയം, ജർമ്മനി, സ്വിററ്സർലൻറ്, ആസ്ട്രേലിയ, ഇററലി എന്നീ രാജ്യങ്ങളിൽനിന്നുള്ള 625 വിദേശീയ വിദ്യാർത്ഥികളുമുണ്ടായിരുന്നു. പാരീസിലെ നോറെർഡാം ദേവാലയത്തിലെ ഉദ്ഘാടനകർമ്മത്തിനുശേഷം, ചാർട്ട്രേഴ്സിൽനിന്നും 25 മൈൽ അകലത്തിലുള്ള ഗ്രാമങ്ങളിൽ പ്രത്യേകതീവണ്ടിമാർഗ്ഗം തീർത്ഥകർ എത്തിച്ചേർന്നു. അവിടെനിന്നും കാൽനടയായി യാത്ര പുറപ്പെട്ടു. മാർഗ്ഗമദ്ധ്യേ അവർ കൊന്തചൊല്ലുകയും പാട്ടുപാടുകയും, മൈതാനങ്ങളിൽ ആദ്ധ്യാത്മിക പ്രസംഗയോഗങ്ങൾ നടത്തുകയുംചെയ്തു. ചാർട്ട്രേഴ്സ് കത്തീഡ്രൽ ദേവാലയത്തിൽ കാർഡിനൽ ഫെൽട്ടിൻ അവർക്കായി ദിവ്യബലി സമർപ്പിച്ചു. അതു പ്രക്ഷേപണം ചെയ്യപ്പെട്ടു. 150 വൈദികർ ആസമയത്തുതന്നെ മററ് അൾത്താരകളിൽ ബലിസമർപ്പണം നടത്തി. പല വൈദികർ ചേർന്നാണു വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കു ദിവ്യകാരുണ്യം നൽകിയതു്.

### ഗ്രന്ഥാലയം പുന:സ്ഥാപിച്ചു

ഒന്നാംലോകമഹായുദ്ധകാലത്തു, ബൽജിയത്തിൽ ലൂവേയിൻ സർവ്വകലാശാലയിലെ ഗ്രന്ഥാലയം കിരാതരായ ജർമ്മൻഭടന്മാർ അഗ്നിക്കിരയാക്കിയതാണ്. അന്നാകെയുണ്ടായിരുന്ന 900,000 പുസ്തകങ്ങളുടേയും 200 കൈയെഴുത്തുപ്രതികളുടേയും പകുതി, അങ്ങനെ നഷ്ടപ്പെട്ടു. ഇപ്പോൾ ആ നഷ്ടം പരിപൂർണ്ണമായി പരിഹരിക്കപ്പെട്ടിരിക്കുന്നു. ഇന്നു ദിവസന്തോറും 2000 പുസ്തകങ്ങൾ വിദ്യാർത്ഥികൾ സംശോധനചെയ്യുന്നുണ്ടു്. 60,000 ത്തിലധികം ഗ്രന്ഥങ്ങൾ മററു വായനശാലകളിലേക്കു വായ്പകൊടുത്തിട്ടുമുണ്ടു്.

### കമ്മ്യൂണിസ്റ്റ് പാർട്ടിയിൽനിന്നു പിരിഞ്ഞവർ

കഴിഞ്ഞ രണ്ടുവർഷങ്ങളിൽ ഇററാല്യൻ കമ്മ്യൂണിസ്റ്റുപാർട്ടിയിൽനിന്നു രാജിവച്ചു പിരിഞ്ഞവരുടെ സംഖ്യ 10,000 ആണ്. ഈയിടെതന്നെ പിയാൻസാനൊ എന്ന സ്ഥലത്തുവച്ചു 52 പേർ അവരുടെ പാർട്ടികാർഡുകൾ തിരികെ ഏല്പിച്ചു സ്വാതന്ത്ര്യം പ്രാപിച്ചു. അവിടത്തെ മെത്രാൻ മോൺ. ബൊക്കാർദോ തിരുമേനിയുടെ നേർക്കും പള്ളിയുടെ നേർക്കും കമ്മ്യൂണിസ്റ്റുകാർ നടത്തിയ കൈയേററങ്ങളാണ് അവരുടെ രാജിക്കു കാരണം.

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam

## സാഹിത്യതിലകൻെറ
# തീർത്ഥയാത്രാസ്മരണകൾ

III

### ഐൻകരീം

ഏപ്രിൽ 23-ാംനു ഉച്ചകഴിഞ്ഞു് നാലരമണിക്കു് ഒരു കാറിൽ "ഐൻകരീം" എന്ന സ്ഥലത്തേക്കു പുറപ്പെട്ടു. St. John in the Mountains എന്നും ഈ കുന്നിനു പേരുണ്ടു്. വിശുദ്ധ ലൂക്കാ I, 39-ൽ പറയുന്നുണ്ടല്ലോ കന്യകാമറിയം യൂദായിലെ ഒരു നഗരത്തിലേക്കു പു



റപ്പെട്ടുപോയെന്നു്. ആ നഗരമിവിടെയാണു്. നമ്മുടെ അമ്മ എലിസബത്തിനെ സന്ദർശിച്ചതിവിടെവച്ചാണു്. പവിത്രാത്മാവിനാൽ ആവിഷ്ടയായി "നീ സ്ത്രീകളിൽ അനുഗ്രഹീത! നിൻെറ ഉദരഫലം അനുഗ്രഹീതം" എന്നുള്ള സ്തുതിവചനങ്ങൾ എലിസബത്തു ഇവിടെവച്ചാണു ആദ്യമായി ഉച്ചരിച്ചതു്. ദേവമാതാവു് ചരിത്രപ്രസിദ്ധവും മഹനീയവുമായ ഗീതകം "Magnificat"—ഇവിടെവച്ചാണു ആലപിച്ചതു്. ഈ മലയിൽ രണ്ടു ദേവാലയങ്ങളുണ്ടു്. ഒന്നു Church of the Visitation—സന്ദർശനത്തിൻെറ പള്ളി. മറ്റൊന്നു യോഹന്നാൻ മാംദാനായുടെ ജനനത്തിൻെറ ദേവാലയം—Church of the Nativity of St. John the Baptist.

ഈ ദേവാലയങ്ങൾ രണ്ടും ഫ്രാൻസിസ്കൻ സന്യാസികളുടെ അധീനത്തിലാണു്. ഭാഗ്യവശാൽ ഇവിടെ യാതൊരു തർക്കവും മത്സരവും ഇല്ല. യോഹന്നാൻെറ ദേവാലയത്തിലെ പ്രധാന പീഠം വിശുദ്ധ സക്കറിയാസിൻെറ നാമധേയത്തിലാണു്. അതിൻെറ ഇടത്തുമാറി കീഴോട്ടുള്ള കല്പടികൾ കടന്നുചെല്ലുമ്പോൾ ഒരു ഗുഹയുണ്ടു്. ഇവിടെയാണു യോഹന്നാൻ ആദ്യമായി പ്രകാശം ദർശിച്ചതു്. അതിനു തൊട്ടടുത്തു തെക്കുമാറിയാണു വിസിറ്റേഷൻെറ ദേവാലയം. ഇവിടെയാണു എലിസബത്തു ഗൂഢമായിതാമസിച്ചുവെന്നു ലൂക്കാ, I, 24-ൽ എഴുതിയിരിക്കുന്ന സ്ഥലം—And after those days, Elizabeth, his wife conceived and hid herself five months." ഒന്നിനു മീതെ മറ്റൊന്നായി രണ്ടു പള്ളികളിവിടെയുണ്ടു്. 1679 മുതൽ ഈ സ്ഥലങ്ങൾ ഫ്രാൻസിസ്കൻ സന്യാസികളുടെ കൈവശത്തിലാണു്. കുരിശുയുദ്ധകാലത്തിനുശേഷം മഹമ്മദീയർ കുറെനാൾ അവരുടെ സൂക്ഷത്തിൽ വയ്ക്കുകയും പിന്നീടു പരിത്യജിക്കുകയും ചെയ്തു ഭാഗ്യമായി. സമതലത്തിലെ ദേവാലയത്തിൽ, മാംദാനായെ ഹേറോദേസിൻെറ മർദ്ദനത്തിൽനിന്നു രക്ഷിക്കുവാൻ എലിസബത്തു ശ്രമിക്കുന്നതും, സക്കറിയ യഹോവായ്ക്കു ധൂപം സമർപ്പിക്കുന്നതുമായ ചിത്രങ്ങൾ കാണാം.

ഈ ദേവാലയത്തിൻെറ സമീപത്തു് ഒരു ഗുഹയും അതിലൊരുറവയുമുണ്ടു്. എലിസബത്തു് മേരിയെ സ്വാഗതം ചെയ്തു കൂട്ടിക്കൊണ്ടു് സ്വഗൃഹത്തിലേക്കു പോയ സ്ഥലമാണതു്. തൊട്ടടുത്തു് ഒരു വലിയ പാറയുണ്ടു്. അതിൻെറ ഉള്ളിലായിരുന്നു എലിസബത്തും കുമാരൻ യോഹന്നാനും ഒളിച്ചതു് ഹേറോദേശിൻെറ പട്ടാളക്കാരെ ഭയന്നു്.

ഇങ്ങനെ രണ്ടു് തള്ളമാരുടെ സംഗമത്താൽ പരിപാവനമായ കുന്നാണു "ഐൻകരീം"—മിശിഹായുടെ അമ്മയുടേയും! മുന്നോടിയുടെ അമ്മയുടേയും!! യോഹന്നാൻെറ മാതാവു്, അനുഗ്രഹീത! എന്തെന്നാൽ ക്രിസ്തുഭഗവാൻെറ ആഗമനത്തെ മുൻകൂട്ടി പ്രസംഗിച്ച ദൂതൻെറ അമ്മയാണവൾ: ത്രിത്വത്തിലെ ദ്വിതീയ പുരുഷനായ പുത്രനെ പ്രസവിച്ച ദേവകന്യകയാണവൾ!! തന്നിമിത്തം മിശിഹായുടെ അമ്മ, അത്യനുഗ്രഹീതയും! ഉപരിതലത്തിലെ പള്ളിയകം, ദേവമാതാവിൻെറ മഹത്വത്തെ ദ്യോതിപ്പിക്കുന്ന ചിത്രങ്ങൾകൊണ്ടു അലംകൃതമാണു്.

### യോഹന്നാൻെറ മരുഭൂമി

ഈ ദേവാലയത്തിൽനിന്നു് പടിഞ്ഞാറുമാറി ഒരു മൈൽ കാൽനടയായി പോയാൽ കാണുന്നതാണു, യോഹന്നാൻ ഉപവസിച്ചു് സന്യസിച്ചിരുന്ന മരുഭൂമി. ഇതിനും ഒരു മരുഭൂമിയാണെന്നു തോന്നും കണ്ടാൽ. യോഹന്നാൻ വെള്ളംകുടിച്ചിരുന്ന ഒരുറവയും അവിടെ ഒരു ദേവാലയവും ഉണ്ടു്. ആ സ്ഥലം ഫ്രാൻസിസ്കൻ സന്യാസികൾ സൂക്ഷിച്ചുവരുന്നു. പന്ത്രണ്ടാം ശതാബ്ദത്തിൽ ഇവിടെ ഒരു സന്യാസാശ്രമവും ഒരു ഭീമദേവാലയവും ഉണ്ടായിരുന്നതാണു. പക്ഷെ മഹമ്മദീയാക്രമണത്തോടുകൂടി അവയെല്ലാം നാമാവശിഷ്ടമായി.

യോഹന്നാൻ മാംദാനായുടെ ദേവാലയത്തിൻെറ മുഖവാരത്തുണ്ടായിരുന്ന ഒരു സ്വരൂപത്തിൽ, യഹൂദപ്പിള്ളേർ കല്ലെറിഞ്ഞു സ്വരൂപം വികൃതമാക്കി. യൂദന്മാരും അറബികളും തമ്മിൽ 1948 ലുണ്ടായ യുദ്ധസമയത്താണിങ്ങനെ സംഭവിച്ചതു്. ഇവിടെ മൂവായിരത്തിലധികം അറബി ക്രിസ്ത്യാനികളുണ്ടായിരുന്നു. അവരെയെല്ലാം യൂദന്മാർ ഓടിച്ചുകളഞ്ഞു. ഈ ദേവാലയപരിസരങ്ങളിൽ താമസിച്ചിരുന്ന ഈ അറബികളായ ക്രിസ്ത്യാനികളുടെ വീടും വകയും എല്ലാം നിഷ്ക്കരുണം യൂദന്മാർ അപഹരിക്കുകയുംചെയ്തു. ഇങ്ങനെ പല അനീതികളും ചെയ്താണു യൂദന്മാർ, ഇസ്രായേൽരാജ്യം കെട്ടിപ്പടുത്തതെന്നു പ്രസ്താവിക്കാതെ നിവൃത്തിയില്ല.

ഇന്നു്, യോഹന്നാൻ മാംദാനായുടെ ദേവാലയത്തിലേക്കുള്ള പ്രധാന പടിവാതിൽ അടച്ചുപൂട്ടിയിട്ടിരിക്കുകയാണു്. ഞായറാഴ്ചയും കടമുള്ള ദിവസങ്ങളിലും മാത്രം കുറെ സമയം തുറന്നിടും. പക്ഷെ ക്രിസ്ത്യാനികളായ കാവൽക്കാർ കാത്തുനില്ക്കുകയും ചെയ്യും.

യഹൂദന്മാരും മുസ്ലീമിങ്ങളും തമ്മിലുള്ള ഈ വിരോധമനസ്ഥിതി, അവർക്കെന്നതുപോലെതന്നെ ക്രിസ്ത്യാനികൾക്കും വളരെ അനർത്ഥങ്ങളുണ്ടാക്കുന്നുണ്ടു്. വിശുദ്ധ സ്ഥലങ്ങളിൽ ക്രിസ്ത്യാനികളുടെ സൈ്വരസന്ദർശനത്തിനുള്ള സൌകര്യങ്ങളും അചിരേണ ലഭിക്കുകതന്നെ ചെയ്യുമെന്നു് വിശ്വാസികളായ നമുക്കു പ്രതീക്ഷിക്കാം.

ഐൻകരീം സന്ദർശിച്ചശേഷം നേരെ ഹൈഫായ്ക്കാണു ഞാൻ പോയതു്. ഇരുപതുമൈലോളം ദൂരമുണ്ടവിടെയെത്താൻ. തീവണ്ടിയിലാണു യാത്ര. കാർമ്മൽമലയവിടെയാണു്. ഹൈഫായിൽ. അതാണങ്ങോട്ടു പോകാനുള്ള കാരണം. പോകുന്നവഴിക്കു് ജയിംസ്, ജോൺ എന്നീ സെബദിയുടെ തനയന്മാരുടെ സ്ഥലമായ യാഫാ കാണാം. ഹൈഫാ വലിയൊരു പട്ടണമാണിപ്പോൾ. ക്രിസ്ത്യാനികളും ഒട്ടും കുറവല്ല. ടൌണിൻെറ വടക്കുഭാഗത്തു മുകളിലേക്കു നോക്കിയാൽ കാണുന്ന മലയ്ക്കു്, നീളം മൈൽ പതിനഞ്ചു്. ഉയരം ആയിരത്തിഎഴുനൂറടി. ഏലിയാസിൻെറയും എലിസേവൂസിൻെറയും ആസ്ഥാനവും, മഹർഷികളുടെ "പാഠശാല"യുടെ കേന്ദ്രവും എല്ലാം ഈ മലയിലായിരുന്നു. ഇതാണു Mt. Carmel—കർമ്മലമല. ഇതിൻെറ മനോഹാരിതകൊണ്ടല്ലേ പണ്ടു് സോളമൻ പാട്ടുകളുടെ പാട്ടിൽ "Thy head is like Mount Carmel" എന്നു പ്രസ്താവിച്ചിരിക്കുന്നതു്!

കർമ്മലീത്താ സന്യാസികളുടെ പ്രധാനമായ ആശ്രമം സ്ഥിതിചെയ്യുന്ന ഈ ഗിരി പ്രകൃതിരമണീയങ്ങളും വിസ്മയനീയങ്ങളുമായ പല സിദ്ധികളാലും അലംകൃതമാണെന്നു ചുരുക്കമായി പറയാം.

നടന്നും വാഹനമുഖേനയും പലപ്രാവശ്യം ഈ കുന്നിൽ കയറുകയും ഇറങ്ങുകയും ചെയ്യുന്നതിനും കർമ്മലമാതാവിനോടു പ്രാർത്ഥിക്കുന്നതിനും, മാതാവിൻെറ ദേവാലയത്തിലെ പ്രധാനപീഠത്തിൽ കർബാന ചൊല്ലുന്നതിനും ഉള്ള ഭാഗ്യം ലഭിച്ചതിൽ ഞാൻ ദൈവത്തോടു കൃതജ്ഞനാണു്.





VOLKART BROTHERS

P. O. Box No. 3, Cochin-1

Offices at: Alleppey, Kozhikode, Mangalore, & Tellicherry


ചെറുകഥ

# സാബത്ത് കീ ജയ്

(ഫാത്തിമാ)

നേരം ഏകദേശം ഏഴുമണി കഴിഞ്ഞുകാണും. ഒന്നിനുപുറകെ ഒന്നായി അവരൊക്കെ സ്ഥലം വിട്ടുതുടങ്ങി. ജോണിയും ഗോപിയും വായനശാലയുടെ ഒരു മൂലയിൽ ഇരുന്നു സംസാരിക്കുകയാണു്. ഒരു വാദപ്രതിവാദത്തിൻെറ ഛായ അവരിരുവരുടെ മുഖത്തും സംസാരത്തിലും തെളിഞ്ഞുകാണാം.

"എടാ ജോണീ, താൻ നന്നായിട്ടുവേണ്ടേ എന്നെ നന്നാക്കുവാൻ."

"അതെന്താ ഗോപീ, അങ്ങനെ പറഞ്ഞതു?"

"പിന്നെ എങ്ങനെ പറയണം. കത്തോലിക്കാമതത്തെക്കുറിച്ചു് ഞാനും കുറച്ചൊക്കെ പഠിച്ചിട്ടുണ്ടു്. നിങ്ങളുടെ ബൈബിളും, പത്തു പ്രമാണങ്ങളും എല്ലാം നല്ലതുതന്നെ. ദൈവം വെളിപ്പെടുത്തിയ സത്യമതം—സ്വർഗ്ഗത്തിലേക്കുള്ള ഏകമാർഗ്ഗം—എൻെറ ജോണീ. തനിക്കു് നാണമില്ലേ. ഈ സുവിശേഷം എന്നോടു പ്രസംഗിച്ചു് എന്നെ മനസ്സുതിരിക്കുവാൻ."

"ഗോപീ, പിണങ്ങല്ലെ. ഒച്ചഎടുക്കാതെ പതുക്കെ പറയൂ."

"എന്തിനു പിണങ്ങുന്നു. എന്തിനു പതുക്കെ പറയുന്നു, പരസ്യമായ ഇക്കാര്യങ്ങൾ. സ്വർഗ്ഗം പ്രാപിക്കുവാൻ പത്തു പ്രമാണങ്ങൾ അനുസരിക്കണമെന്നല്ലെ നിങ്ങളുടെ മതശാസനം. അതൊക്കെ ഇക്കാലത്തു് ആരെങ്കിലും അനുസരിക്കുന്നുണ്ടോ? എന്തിനു് അധികം. ഒറ്റക്കാര്യം മാത്രം എടുത്താൽ മതിയല്ലോ. ഞായറാഴ്ച പള്ളിയിൽ പോകണമെന്നും, വേലയെടുക്കരുതെന്നും നിങ്ങൾക്കു കല്പനയില്ലേ? എൻെറ തൊട്ടടുത്തു് താമസിക്കുന്ന മാത്തുവിനെ ജോണി അറിയുന്നതല്ലേ. ജനിച്ചിട്ടു് ഇന്നുവരെ അയാളോ, അയാളുടെ വീട്ടിൽനിന്നു് ആരെങ്കിലുമോ ഒറ്റ ഞായറാഴ്ചയെങ്കിലും പള്ളിയിൽ പോയിട്ടുണ്ടോ? ഒരു ഞായറാഴ്ചയെങ്കിലും മാത്തു വേലയ്ക്കു പോകാതിരിക്കുന്നുണ്ടോ? നിങ്ങളുടെ കത്തനാരന്മാർ ഇതൊക്കെ അറിയുന്നുണ്ടോ? അന്വേഷിക്കുന്നുണ്ടോ?"

"വല്ല മുക്കിലും മൂലയിലും, ആയിരത്തിനൊന്നു് അങ്ങനെ കണ്ടെന്നുവരാം."

"ആയിരത്തിനൊന്നു്! എൻെറ ജോണീ, പരമാർത്ഥം മറച്ചുവയ്ക്കാതെ സത്യം സമ്മതിക്കൂ. നിങ്ങളുടെ കൂട്ടരല്ലെ, ഈ നാട്ടിലെ കച്ചവടക്കാരിൽ കൂടുതൽ പേരും. സത്യവിശ്വാസികളായ ഇവരിൽ ആരെങ്കിലും ഒറ്റ ഞായറാഴ്ചയെങ്കിലും കട അടച്ചു് കച്ചവടം ചെയ്യാതിരിക്കുന്നുണ്ടോ?"

ജോണി ഒന്നും മിണ്ടിയില്ല. സ്വല്പനേരത്തേക്കു് ആ മുറിയിൽ ഒരു നിശ്ശബ്ദത നിറഞ്ഞുനിന്നു. ജോണിയും ഗോപിയും ആ നിശ്ശബ്ദത ഭഞ്ജിച്ചു, സന്ധ്യാവന്ദനംപറഞ്ഞു്, തമ്മിൽ പിരിഞ്ഞു.

ജോണി നേരെ വീട്ടിലേക്കു നടന്നു. ഗോപിയുടെ വിമർശനം, ആരോപണം, അവനെ അസ്വസ്ഥചിത്തനാക്കി, ചിന്താധീനനാക്കി. ജോണി അന്നുണ്ടില്ല. ഉറങ്ങിയില്ല. അതിരാവിലെ പള്ളിയിലേക്കു തിരിച്ചു. "രണ്ടായിരംകൊല്ലത്തെ ക്രിസ്തുമതം." അതവനെ തുറിച്ചുനോക്കി. ഗോപിയുടെ വാക്കുകൾ അവനെ തട്ടിയുണർത്തി, കർമ്മധീരനാക്കി. സാബത്തുനിയമം നിർമ്മിച്ച ദൈവത്തിൻെറമുമ്പിൽ ജോണി മുട്ടുകൾ മടക്കി, കരങ്ങൾ കൂപ്പി, തലകുനിച്ചു്, ഹൃദയം നീറി, പ്രാർത്ഥിക്കുകയാണു് പ്രകാശം ലഭിക്കുവാൻ, ശക്തി പ്രാപിക്കുവാൻ, മാർഗ്ഗദർശനം സ്വീകരിക്കുവാൻ. കുർബ്ബാന കഴിഞ്ഞു് ഉന്മേഷചിത്തനായി അവൻ പുറത്തേക്കിറങ്ങി. അവിടെയുണ്ടായിരുന്ന സ്നേഹിതന്മാരെ വിളിച്ചുകൂട്ടി. പള്ളിവരാന്തയിൽ അവർ ഒരു യോഗം ചേർന്നു. ചർച്ചകൾ നടത്തി. തീരുമാനങ്ങൾ എടുത്തു. പദ്ധതി തയ്യാറാക്കി. വികാരിയച്ചൻെറ അനുമതിയും അംഗീകാരവും സമ്പാദിച്ചു. അങ്ങനെ, ആ സുപ്രഭാതത്തിൽ, പൂമംഗലംപള്ളിയിൽ ഒരു ഇടവക സേവാസംഘം ഉടലെടുത്തു. ജോണി അതിൻെറ കാര്യദർശിയായി.

അമ്പതുനോമ്പിൻെറ ഒന്നാം ഞായറാഴ്ച. മണി മൂന്നടിച്ചു. ഇടവകസേവാസംഘം പ്രാർത്ഥനകഴിഞ്ഞു് പള്ളിയകത്തുനിന്നു് പുറത്തിറങ്ങി. ഈരണ്ടുപേരായി ഇടവകയുടെ ഓരോ ഭാഗത്തേക്കു് അവർ യാത്രതിരിച്ചു. സാബത്തു് ലംഘിക്കുന്നവരെ കണ്ടുപിടിക്കുവാൻ, ആ പാപകൃത്യത്തിൽനിന്നു അവരെ പിന്തിരിപ്പിക്കുവാൻ. സാബത്തിൻെറ പഴയ സുവിശേഷം പ്രസംഗിച്ചുകൊണ്ടു് വീടുകളും കടകളും അവർ കയറിയിറങ്ങി. പലരെയും കണ്ടുമുട്ടി. നേരം സന്ധ്യയായി. അവർ വേലകയറി പള്ളിയിലേക്കു മടങ്ങി. കർത്താവിൻെറമുമ്പിൽ മുട്ടുകുത്തി കണക്കുകൂട്ടി. ആട്ടിപ്പായിച്ചിലും തെറിയും. അതാണു് അന്നത്തെ അവരുടെ വേലക്കൂലി.

അവർ ഒട്ടും വിട്ടുകൊടുത്തില്ല, ഭഗ്നാശരായില്ല. സ്ഥിരോത്സാഹത്തോടെ, തീക്ഷ്ണതാപൂർവ്വം, വിജയംവരെ പരിശ്രമിക്കുന്നതാണെന്നു ശപഥംചെയ്തു. അംഗങ്ങൾവർദ്ധിച്ചു. ഉത്സാഹം വളർന്നു. പദ്ധതി മന്ദംമന്ദം മുമ്പോട്ടുനീ

ങ്ങി. പല ഞായറാഴ്ചകളും കടന്നുപോയി. പക്ഷേ, ഫലം തികച്ചും നിരാശാജനകമായിരുന്നു. സാബത്ത് ലംഘിക്കുന്നവരുടെ സംഖ്യ അന്നും ഇന്നും ഒന്നുതന്നെ. മാത്രമല്ല, ഇടതുപക്ഷത്തിന് ഒരു വാശിയും. പദ്ധതി പൊളിഞ്ഞതുതന്നെ, എന്നൊരു കൂട്ടർ. അവരെക്കെന്തുകാര്യം, എന്നു വേറൊരുകൂട്ടർ.

അന്നു പുതുഞായറാഴ്ചയായിരുന്നു. കുർബ്ബാനകഴിഞ്ഞ്, ഇടവകസേവാസംഘം ആഫീസിന്റെ മുമ്പിൽ ജനങ്ങൾ തടിച്ചുകൂടി നില്ക്കുകയാണ്. സംഘാംഗങ്ങൾ എല്ലാവരും അവിടെ ഹാജരായിട്ടുണ്ട്. ജോണി മുന്നോട്ടുനീങ്ങി. കണ്ണുകൾ എല്ലാം അയാളുടെനേരെ തിരിഞ്ഞു. ഒരു നിശ്ശബ്ദത അവിടെയെല്ലാം പരന്നു. വികാരപരവശനായി ജോണി ഇപ്രകാരം അഭ്യർത്ഥിച്ചു:

“ക്രൈസ്തവചൈതന്യം നിറഞ്ഞുനില്ക്കുന്ന, അയൽക്കാരന്റെ ആത്മരക്ഷയിൽ ആത്മാർത്ഥമായി ആഗ്രഹിക്കുന്ന, സത്യവിശ്വാസത്തിൽ അഭിമാനംകൊള്ളുന്ന, സഭയുടെ വിജയത്തിനുവേണ്ടി ഏതു ത്യാഗവും സഹിക്കുവാൻ സന്നദ്ധതയുള്ള ഈ ഇടവകയിലെ ഓരോ കത്തോലിക്കനും, ഈ ആഹ്വാനം കേൾക്കുമോ, ഈ അഭ്യർത്ഥന സ്വീകരിക്കുമോ, ഈ പ്രസ്ഥാനത്തിൽ ഉള്ളഴിഞ്ഞു സഹകരിക്കുമോ?

“വിജയത്തിന്റെ കനകകവാടം തട്ടിത്തുറക്കുന്നതുവരെ, ഈ കുരിശുയുദ്ധം നീണ്ടുനില്ക്കും. ഈ പ്രാർത്ഥനാസമരം തുടങ്ങുപോകും. ഇനി സമയമില്ല. താമസിച്ചാൽ തോൽവി നിശ്ചയം. സമരത്തിന് സന്നദ്ധരാകുവിൻ. അണിനിരക്കുവിൻ.

“ഞായറാഴ്ചയുടെ പരമ്പരാഗതമായ പരിപാവനത പരിപാലിക്കുവാൻ; ദൈവത്തിന്റെ അധികാരവും നിയമങ്ങളും പുലർത്തി, സാബത്താചരണം സംരക്ഷിച്ച്, ഊർജ്ജിതമാക്കുവാൻ; കുർബ്ബാന മുടക്കിയും കച്ചവടം, കൈത്തൊഴിൽ, കൂലിവേല മുതലായവ ചെയ്തും ഞായറാഴ്ച ലംഘിക്കുന്നവരെ അതിൽനിന്നു പിന്തിരിപ്പിക്കുവാൻ; അവരുടെ മഹാപാപത്തിന് പ്രായശ്ചിത്തംചെയ്ത് പരിഹാരം നേടുവാൻ; ഇന്നുമുതൽ എല്ലാ ഞായറാഴ്ചയും വൈകുന്നേരം 5 മണിമുതൽ 6 മണിവരെ പള്ളിയകത്തുവെച്ച്, ഒരു മണിക്കൂർ പ്രാർത്ഥനാസത്യാഗ്രഹം നടത്തുന്നതാണ്. നിങ്ങൾ ഈ പദ്ധതിയിൽ പങ്കുകൊള്ളുമോ, സഹായസഹകരണങ്ങൾ നൽകി അതിനെ വിജയിപ്പിക്കുമോ?

“സാബത്ത് കീ—ജയ്!”

“ക്രിസ്തുർ സാബത്ത്—സിന്ദാബാദ്!”

പ്രാർത്ഥനാസമരത്തിന്റെ ആദ്യഞായറാഴ്ച സമാഗതമായി. ഇതെന്താണെന്നു കാണുവാൻ ജനങ്ങൾക്കു ജിജ്ഞാസ വളർന്നു. സേവാസംഘത്തിന്റെ ലക്ഷ്യത്തിലും ആദർശത്തിലും അടിയുറച്ച വിശ്വാസവും അതിനോട് അതിരുകടന്ന അനുഭാവവും ഉള്ളവരും, പിന്തുണ നൽകി അതിന്റെ പദ്ധതി വിജയപഥത്തിലെത്തിക്കുവാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരുമായി വളരെപ്പേരുണ്ടായിരുന്നു. കൃത്യസമയത്തിനു മുമ്പുതന്നെ ദൈവാലയം നിറഞ്ഞുകഴിഞ്ഞു. മണി അഞ്ചടിച്ചു. സാബത്തുനിയമം അനുസരിക്കേണ്ടതിന്റെ ആവശ്യകതയെ വ്യക്തമാക്കിയും, സേവാസംഘത്തേയും അതിന്റെ കർമ്മപരിപാടിയേയും മുക്തകണ്ഠം പ്രശംസിച്ചും, അതിനോട് ഉള്ളഴിഞ്ഞ് സഹകരിക്കണമെന്ന് ജനങ്ങളെ ശക്തിയുക്തം ഉദ്ബോധിപ്പിച്ചും ബ. വികാരിയച്ചൻ ഒരു ലഘുപ്രസംഗം ചെയ്തു. അതോടുകൂടി സമരം സമാരംഭിച്ചു.

ചെറിയ മരക്കുരിശ് കരങ്ങളിൽ വഹിച്ചുകൊണ്ട് നിശ്ശബ്ദോജ്ജ്വലമായ ഭക്തിപാരവശ്യത്തോടെ, പള്ളിയുടെ മദ്ധ്യഭാഗത്തു ജോണി മുട്ടിന്മേൽ നിലകൊണ്ടു. സംഘാംഗങ്ങൾ, മൂന്നുപേരായി ജോണിയുടെ പുറകിൽ അണിനിരന്നു. പ്രാർത്ഥനയിൽ ലയിച്ച്, അരമണിക്കൂർ അവർ അങ്ങനെ അനങ്ങാതെ നിന്നു. അനന്തരം വിയാസാക്രാ കഴിച്ചു. ജപമാലചൊല്ലി. ജനങ്ങൾ ഭക്തിപൂർവ്വം അതിൽ പങ്കുകൊണ്ടു. ആറുമണിയോടുകൂടി അന്നത്തെ സമരം സമംഗളം സമാപിച്ചു.

സേവാസംഘത്തിന് അംഗങ്ങളും അനുഭാവികളും അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു. സംഘത്തിന്റെ സമരപരിപാടി ഊർജ്ജിതമായി മുമ്പോട്ടു നീങ്ങുകയാണ്, ഒട്ടും അയവും അമാന്തവും വരാതെ. വിജയത്തിന്റെ പൊൻപുലരി പ്രതീക്ഷിച്ച് അവർ അടരാടുകയാണ്. സന്ധിക്കുള്ള സന്നദ്ധതയും സന്മനസ്സും ആരുംതന്നെ ഇതിനകം പ്രകടമാക്കിയിട്ടില്ലെങ്കിലും വിജയോന്മുഖമായ ഒരു പരിവർത്തനത്തിന്റെ സൂചനകൾ ജനതാമദ്ധ്യത്തിലേക്കു ഇഴഞ്ഞുകയറുന്നതു് തെളിഞ്ഞുകാണാമായിരുന്നു.

പന്തക്കുസ്താതിരുനാളിന്റെ നൊവേന സമാരംഭിച്ചു. കുർബ്ബാനയിലും വാഴ്വിലും മുടങ്ങാതെ ഒമ്പതു ദിവസവും സംഘാംഗങ്ങൾ പങ്കുകൊണ്ടു പ്രാർത്ഥിച്ചു. ഇടവക മുഴുവനും — ആളുതോറും വീടുതോറും — സാബത്താചരണത്തെക്കുറിച്ച് വിപുലമായ പ്രചരണം നടത്തി ഒമ്പതു ദിവസവും അവർ ചുററിസഞ്ചരിച്ചു. വിജയത്തിന്റെ സാദ്ധ്യതകളോ, സൂചനകളോ യാതൊന്നും അവർക്കു ദൃശ്യമായില്ല. അന്തരീക്ഷം അപ്പോഴും കരിനിഴൽ വ്യാപിച്ചു കിടക്കുകയാണ്. പന്തക്കുസ്താതിരുനാളായി. കുർബ്ബാന കണ്ടു, കുർബ്ബാന കൈക്കൊണ്ടു് പരിശുദ്ധ റൂഹായുടെ പ്രകാശവും ശക്തിയും പ്രാർത്ഥിച്ചുകൊണ്ടു് അവർ പുറത്തേക്കിറങ്ങി. അന്തരീക്ഷത്തെ ഭേദിക്കുന്ന ഒരു അട്ടഹാസം—ഹർഷാരവം. പരിശുദ്ധ റൂഹാ അവരിൽ ഉൾപ്രവേശിച്ചു. ശത്രു കീഴടങ്ങി. ജനിച്ചിട്ടു് പള്ളി കാണാത്ത മാത്തുവും കുടുംബവും അവിടെ നില്പുണ്ടു്—സ്വല്പം പുറകോട്ടുനീങ്ങി, സെററുകൂടി നില്ക്കുകയാണ്. അവർ മൂവരും—കപ്പക്കച്ചവടം കാക്കിച്ചുട്ടനും, മുറുക്കാൻകട കുഞ്ഞുവർക്കിയും, പലചരക്കു ചാക്കോയും. അവരുടെ പുറകിലും സ്ഥലംപിടിച്ചിട്ടുണ്ടു് മററനേകംപേർ. കൊല്ലങ്ങൾ പലതും കടന്നുപോയി. എങ്കിലും, അന്നുമുതൽ ഇന്നുവരെ പൂമംഗലം ഇടവകയിൽ ആരുംതന്നെ സാബത്തുവിധം ലംഘിക്കുവാൻ മുതിർന്നിട്ടില്ല—ക്രിസ്തുർ സാബത്ത് സിന്ദാബാദ്!

# ഹിററ്ലരോടു സധീരം ചെറുത്തുനിന്ന കർദ്ദി. ഫബുളാവറിന്റെ മരണശാസനം

(ഫാ. ജോസഫ് പറേടം എം. സി. ബി. എസ്.)

(തുടർച്ച)

മൂന്നു ചെറിയ കല്പനകൾ

എന്റെ വത്സല ക്രിസ്ത്യാനികളേ, നിങ്ങളുടെ ആർച്ചുബിഷപ്പ് തന്റെ അന്ത്യശാസനത്തിൽ മൂന്നു കല്പനകൾ നിങ്ങൾക്കു തരുന്നു. “നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുക” എന്നുള്ളതാണ് ഒന്നാമത്തേത്. മിത്രങ്ങളേയും ഉപകാരികളേയും സ്നേഹിക്കണമെന്നുള്ളതു് അനുക്തസിദ്ധമാണല്ലോ. മിശിഹായുടെ സാന്മാർഗ്ഗികനിയമത്തിന്റെ ഉച്ചകോടിയിൽ നില്ക്കുന്നതാണു ശത്രുസ്നേഹം. സകല ക്രിസ്തേതരസദാചാരങ്ങളേയും ഉല്ലംഘിക്കുന്ന ഒന്നാണിതു്. വാളും രക്തച്ചൊരിച്ചിലുംകൊണ്ടല്ല സഭ സ്ഥാപിതമായിട്ടുള്ളതു്, പ്രത്യുത സ്വർഗ്ഗസ്ഥനായ പിതാവിൽനിന്നു ജന്മമെടുത്തതാണ് അതു് എന്നുള്ളതിനു് ഒരു തെളിവാണു ശത്രുക്കളോടുള്ള സ്നേഹം. വിദ്വേഷവും വിനാശവും വേണ്ടിടത്തോളം ഉപദ്രവമുണ്ടാക്കിക്കഴിഞ്ഞിട്ടുണ്ടു്. മാപ്പുകൊടുക്കുന്ന ഉപവി തൽസ്ഥാനത്തു സ്ഥാപിക്കപ്പെടുകയും, വിദ്വേഷം നശിപ്പിച്ചതിനെ അതു പുനഃസ്ഥാപിക്കയും ചെയ്യണം. ഈ തത്വം നിങ്ങളോടു ഞാൻ ധാരാളം ഉപദേശിച്ചിട്ടുള്ളതാണല്ലോ. മിശിഹാ തന്റെ ശത്രുക്കളോടു ക്ഷമിച്ചതുപോലെ മരണശയ്യയിൽ തന്റെ ശത്രുക്കളോടു ക്ഷമിക്കാത്തവൻ ക്രിസ്ത്യാനി എന്ന പേരിനു തന്നെ അർഹനല്ല. നിങ്ങളുടെ ആർച്ചുബിഷപ്പിന്റെ സുദീർഘജീവിതത്തിൽ അയാൾ പലരുടേയും ശത്രുതയും ഏഷണിയും ഭീഷണികളും സഹിക്കേണ്ടിവന്നിട്ടുണ്ട്. തന്റെ മരണശാസനത്തിൽ അയാൾക്കു് ഏതെങ്കിലും ഉപദ്രവമോ അനീതിയോ വരുത്തിവെച്ചിട്ടുള്ള ഓരോരുത്തരോടും ഹൃദയപൂർവ്വം ക്ഷമിക്കുന്നു. വിശിഷ്യ, 1938 നവം. 11-ാംനു തന്റെ വസതിയെ ആക്രമിക്കുകയും കല്ലെറിയുകയും റേഡിയോ വഴിയോ പ്രസിദ്ധീകരണം വഴിയോ തന്റെ ജനത്തോടും രാജ്യത്തോടുമുള്ള അയാളുടെ സ്നേഹത്തെ സംശയാധീനമാക്കുകയും ചെയ്തിട്ടുള്ളവരോടും അയാൾ ഹൃദയപൂർവ്വം ക്ഷമിക്കുന്നു. “കർത്താവേ, ഈ കുററം അവരുടെ മേൽ ചുമത്തല്ലേ” (നടപടി: 7, 59) എന്നു വി. സ്തേഫാനോസിനോടുകൂടി ഉച്ചരിച്ചുകൊണ്ടു ഞാൻ അന്ത്യശ്വാസം വലിക്കും. ചിലർ ഭീഷണിപ്പെടുത്തിയിട്ടുള്ളതുപോലെ ഒരുപക്ഷേ ക്രൂരമരണമാണ് എന്റെ അവസാനമെങ്കിൽ എന്റെ ഘാതകന്മാരോടു ഞാൻ ക്ഷമിക്കുന്നു; നിയമാനുസൃതമുള്ള ശിക്ഷയ്ക്കു് അവരെ വിധേയരാക്കരുതേ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ അവകാശങ്ങളേയും എന്റെ വിശ്വാസത്തിന്റേയും സഭയുടേയും സ്വാതന്ത്ര്യത്തേയും സമാദരിക്കുന്നതിനുവേണ്ടി കഠിനപദങ്ങൾ സംസാരിക്കേണ്ടിവന്ന സന്ദർഭങ്ങൾ എനിക്കു നേരിട്ടിട്ടുണ്ടു്. ഒരുപക്ഷേ, തന്മൂലം വല്ലവർക്കും മനഃപൂർവ്വമല്ലാത്ത അസുഖത്തിനു ഞാൻ കാരണം കൊടുത്തിട്ടുണ്ടെങ്കിൽ അവരോടും ക്ഷമാപണം ചെയ്യുന്നു. പാപമോചനത്തിനും സകല മനുഷ്യരോടും രമ്യതയിൽ വർത്തിച്ചുകൊണ്ടുള്ള മരണത്തിനും ഇടയാകണമേ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

എന്റെ ദ്വിതീയകല്പനയിൽ നിങ്ങളോടു ഞാൻ യാചിക്കുന്നു, നഷ്ടീഭവിച്ച ദൈവാലയങ്ങൾ പുനരുദ്ധരിക്കണമെന്നു്. മ്യൂനിച്ചിലെ മെത്രാനായിരിക്കുകയിൽ ഒന്നാംലോകമഹാസമരത്തെ പിൻതുടന്ന കൊല്ലങ്ങളിൽ അവിടത്തെ പള്ളികൾ പുനരുദ്ധരിക്കുന്നതിനും നവീനദൈവാലയങ്ങൾ പണിയുന്നതിനും സ്ഥലത്തെ വിശ്വാസികൾ പ്രദർശിപ്പിച്ച മനഃതീക്ഷ്ണത എന്നെ അത്ഭുതപരതന്ത്രനാക്കിയിട്ടുണ്ട്. അന്നത്തേതുതന്നെയാണ് ഇന്നത്തേയും വ്യവസ്ഥിതി. ആകാശത്തിലെ മാരകയുദ്ധത്തിന്റെ ഫലമായി മ്യൂണിച്ചിലും പരിസരങ്ങളിലും അനേകം ദൈവാലയങ്ങൾ തകർന്നു തരിപ്പണമായിട്ടുണ്ടു്. ദൈവത്തിന്റെ ഭവനങ്ങളെല്ലാം പണിയേണ്ട മഹാഭാരമാണ് അതിരൂപതയുടെ ഭാഗധേയമായിത്തീർന്നിട്ടുള്ളതു. ഹിപ്പോയിലെ മെത്രാനായിരുന്ന വി. അഗസ്റ്റിനോസ് മരണശയ്യയിൽ കിടക്കുകയിൽ, മ്ലേച്ഛന്മാരായ വണ്ടാളന്മാർ പട്ടണകവാടങ്ങളെ നിരോധിക്കുകയും അദ്ദേഹത്തിന്റെ ആയുഷ്കാലപ്രയത്നങ്ങളെ മിക്കവാറും നശിപ്പിക്കുകയും ചെയ്യുന്നതു ദർശിക്കുന്നതിനുള്ള ദൗർഭാഗ്യം അദ്ദേഹത്തിനുണ്ടായി. യഥാർത്ഥത്തിൽ, ഇതു തന്നെയാണു നിങ്ങളുടെ ആർച്ചുബിഷപ്പിന്റെ വിധിയും. വേറൊരു ചിന്തയും എനിക്കു സന്താപജനകമായിട്ടുണ്ട്. പൗരോഹിത്യത്തിലേക്കും സന്യാസസഭകളിലേക്കും ലോകമഹായുദ്ധകാലത്തുവന്ന നഷ്ടം പരിഹരിക്കാൻമാത്രം ദൈവവിളിയുണ്ടാകുമോ എന്നു്. ദൈവം മരിച്ചവരുടെയല്ല, ജീവിച്ചിരിക്കുന്നവരുടെ ദൈവമാണ്. അവിടുന്നു നശിപ്പിക്കുകയല്ല, പണിയുകയത്രെ ചെയ്യുന്നതു്. യജമാനന്റെ ഭവനത്തിനുള്ള ശുഷ്കാന്തി അവിടുന്നു ഉജ്ജ്വലിപ്പിക്കും. നഷ്ടീഭവിച്ച ദൈവാലയങ്ങൾ വീണ്ടും അംബരദേശങ്ങളിലേക്കുയരും.

കടശിയായി, എന്റെ ശാസനത്തിലെ മൂന്നാംകല്പന ഇതാണ്: ദേഹവിയോഗംചെയ്ത നിങ്ങളുടെ ആർച്ചുബിഷപ്പിനുവേണ്ടി പ്രാർത്ഥിക്കുവിൻ. ഒരു മെത്രാന്റെ ചുമതല ഗുരുതരമാണ്. അയാൾ പറയുകയോ ചെയ്യുകയോ ചെയ്തിട്ടുള്ള എല്ലാറ്റിനേയുംകാൾ ചുമതലാഭയം, ചെയ്യാതെ വിട്ടുകളഞ്ഞിട്ടുള്ളതിനെപ്പററിയാണ്. മരിച്ചവർക്കുവേണ്ടിയുള്ള ദിവ്യബലിയിലെ പ്രാർത്ഥന ഇപ്രകാരം നിങ്ങൾ എന്നോടുകൂടി ചൊല്ലുവിൻ: “എന്റെ ആത്മാവു് അന്ധകാരത്തിൽ വിഴുങ്ങപ്പെടുന്നതിനു് ഇടയാക്കരുതേ. എന്റെ പേരുകാരനും പ്രധാനദൂതനുമായ മിഖായേൽ മാലാഖാ നിത്യപ്രകാശത്തിലേക്കു് എന്റെ ആത്മാവിനെ ആവഹിക്കട്ടെ. സൈത്തുലേപനത്തിൽ ആരുടെയെല്ലാം നെററിയിൽ ഞാൻ കുരിശടയാളം മുദ്രണംചെയ്തിട്ടുണ്ടോ അവരെല്ലാവരും എനിക്കുവേണ്ടി “ആകാശങ്ങളിലിരിക്കുന്ന” എന്ന നമസ്കാരം ചൊല്ലണം. ഞാൻ പൗരോഹിത്യസ്ഥാനത്തിലേക്കു ഉയർത്തിയിട്ടുള്ളവർ ബലിപീഠത്തിൽ എന്നെ സ്മരിക്കുകയും ചെയ്യട്ടെ.

അനുസ്മരണ

നിങ്ങളോടു യാത്രപറയുന്ന ഈ അവസരത്തിൽ മ്യൂണിച്ച് അതിരൂപതയുടെ ഭരണത്തിൽ, സുഖത്തിലും ദുഃഖത്തിലും വിശ്വസ്തതയോടെ എന്നോടു സഹകരിച്ചിട്ടുള്ളവർക്കെല്ലാവർക്കും ഞാൻ നന്ദിപറയുന്നു. എന്റെ ഭൗമ്യാവശിഷ്ടങ്ങൾ ദൈവജനനിയുടെ ദൈവാലയത്തിലുള്ള മെത്രാന്മാരുടെ ശവകുടീരത്തിലേക്കു കൊണ്ടുപോകയും പള്ളിയിലെ കുരിശിന്റെ കീഴെ എന്റെ ശരീരം സംസ്കരിക്കയും ചെയ്യണം. എന്റെ മുൻമെത്രാസനമായിരുന്ന സ്പയറിലെ ഭരണകാലത്തു എന്നോടൊന്നിച്ചു അദ്ധ്വാനിച്ചിട്ടുള്ള ഇടവകപ്പട്ടക്കാരോടും സന്യാസിവൈദികരോടും എന്റെ സെക്രട്ടറിമാരോടും സെമ്മിനാരിയിലെ എന്റെ പ്രൊഫസ്സർമാരോടും മറേറതെങ്കിലും വിധത്തിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞാൻ കൃതജ്ഞനാണ്. ആത്മപരിപാലനാകൃത്യത്തിൽ അദ്ധ്യാപനം, രോഗപരിചരണം മുതലായ പ്രേഷിതവേലകളാലും പ്രാർത്ഥനകളാലും എന്നെ സഹായിച്ചിട്ടുള്ള സന്യാസിനീസന്യാസികളോടും മററ് എല്ലാവരോടുമുള്ള എന്റെ കടപ്പാട് ഞാൻ ഏററുപറയുന്നു. “നമ്മുടെ പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ ഈശോമിശിഹായിൽനിന്നും കൃപയും സമാധാനവും നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.” (I കോറി: 1, 3). വയോവൃദ്ധനായ നിങ്ങളുടെ ആർച്ചുബിഷപ്പ് കർദ്ദിനാൾ മിഖേൽ തന്റെ ആത്മാവിനെ പിതൃഹസ്തങ്ങളിലും 25 വർഷം ഭരിച്ച തന്റെ അതിരൂപതയെ ക്രൂശിതന്റെ തിരുമുറിവുകളിലും ഭരമേല്പിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധ മാതാവു മാതൃനിർവ്വിശേഷമായ തന്റെ സ്നേഹത്താൽ നമ്മുടെ പട്ടണത്തെ തന്റെ കാപ്പയിൻകീഴു് സംരക്ഷിച്ചുകൊള്ളുമെന്നു ദൃഢമായി ഞാൻ വിശ്വസിക്കുന്നു.

ദുഃഖം സന്തോഷമായി പകരുന്ന ഒരു കാലം വരും. “അവരുടെ കണ്ണുകളിൽനിന്നു കണ്ണുനീരെല്ലാം ദൈവം തുടച്ചുകളയും. ഇനി മരണം ഉണ്ടാകയില്ല. കരച്ചിലോ, മുറവിളിയോ, ദുഃഖമോ” യുദ്ധമോ നാശമോ വിയോഗമോ ഉണ്ടാകയില്ല. വിശ്വാസത്തിന്റെ അടയാളത്തിൽ ഞാൻ നിങ്ങൾക്കു മുമ്പേ പോകുന്നു. ഉടനെയോ പിന്നെയോ നിങ്ങളും എന്നെ അനുഗമിക്കും. പുനരുത്ഥാനദിനം നാം വീണ്ടും കൂടിക്കാണും. “എന്റെ രക്ഷകൻ ജീവിക്കുന്നുവെന്നും ഭൂമിയിൻനിന്നു് ഒടുവിലത്തെ ദിവസം ഞാൻ ഉയിർത്തു് എഴുന്നേല്ക്കുമെന്നും ഞാൻ അറിയുന്നു” (യോബു: 19, 25). ജീവിക്കുന്നവരേയും മരിച്ചവരേയും വിധിക്കുന്നതിനായി മനുഷ്യപുത്രൻ വാനമേഘങ്ങളിൽ വരുമ്പോൾ തന്റെ വലതുവശത്തു നാം സമാഗമിക്കുന്നതിനു ദൈവം ഇടയാക്കട്ടെ.

* (1953 ജനുവരിയിലെ Catholic Mind-ൽനിന്നു് സംഗ്രഹിച്ചതു്)

## അറിയിപ്പ്

ഇരുമ്പയം, വെള്ളൂർ, മേവെള്ളൂർ എന്നിവിടങ്ങളിലെ സത്യദീപം ഏജൻറായി മി. എൻ. പി. വർക്കി നടുപ്പറമ്പിലിനെ നിയമിച്ചിരിക്കുന്നു.

മാനേജർ, സത്യദീപം

മാർ യൗസേപ്പ് പുണ്യവാന്റെ മാദ്ധ്യസ്ഥതയാൽ അസാദ്ധ്യമായി കരുതിയ എന്റെ സുഖക്കേട് മാറിക്കിട്ടിയതിന് ഉപകാരസ്മരണ.

K. Dominic Joseph

വിമർശനവീഥി

# തൊഴിലാളിമർദ്ദനം

## തിരു–കൊച്ചിയിലോ, കമ്മ്യൂണിസ്റ്റ് ജർമ്മനിയിലോ?

ആലപ്പുഴ കയർ ഫാക്ടറി തൊഴിലാളികൾ 35 ദിവസം തുടർന്നു നടത്തിയ പൊതുപണിമുടക്കിനെ പരാമർശിച്ചു് കമ്മ്യൂണിസ്റ്റ് നേതാവായ ആർ. സുഗതൻ എം. എൽ. എ. അവർകൾ പ്രസിദ്ധപ്പെടുത്തിയ പ്രസ്താവനയിൽ തൊഴിലാളികൾക്കെതിരായി തിരുകൊച്ചിയിൽ നടക്കുന്ന മർദ്ദനങ്ങളെ എണ്ണി എണ്ണി പറഞ്ഞുകാണുന്നു:- തൊഴിലാളിവർഗ്ഗം അവരുടെ ജീവിതാവശ്യങ്ങൾക്കുവേണ്ടി നടത്തുന്ന പണിമുടക്കു പൊളിക്കുക; തൊഴിലാളിവർഗ്ഗത്തിന്റെ മൗലികാവശ്യത്തിനു് കഴുത്തിൽ കഠാരിയിറക്കുക; തൊഴിലാളികളുടെ വിപ്ലവപ്രസ്ഥാനത്തെ എതിർക്കുക; നെയ്യാറ്റിങ്കര രാഘവൻ മുതൽ പേട്ട രാജേന്ദ്രൻ വരെയും കോട്ടാത്തല സുരേന്ദ്രൻ വരെയും നിരവധി വീരരക്തസാക്ഷികളുടെ രക്തം വീണ ഈ മണ്ണിൽ അസുരവിത്തുകളെ വിളയിക്കാമെന്നു വ്യാമോഹിക്കുക മുതലായവയാണു് അദ്ദേഹം അപലപിക്കുന്ന തൊഴിലാളിമർദ്ദനങ്ങൾ. ഇവയെല്ലാം യഥാർത്ഥത്തിൽ നടക്കുന്നതു് സോവ്യറ്റ് റഷ്യയിലും അതിന്റെ പിടിയിലുള്ള രാജ്യങ്ങളിലും സൈനികശക്തിയുപയോഗിച്ചു് അധികാരം പിടിച്ചെടുത്തിരിക്കുന്ന കമ്മ്യൂണിസ്റ്റ് ഗവണ്മെന്റുകളുടെ ഭരണത്തിൻകീഴിലുമാണെന്നു് അനേകമനേകം പ്രാവശ്യം ഈ പംക്തികളിൽ വിവരിച്ചിട്ടുള്ള വസ്തുതകളിൽനിന്നു തെളിഞ്ഞിട്ടുള്ളതാണല്ലോ. ഒരു പുതിയ തെളിവു് സോവ്യറ്റ് റഷ്യയുടെ അധീനതയിൽ ഇരിക്കുന്നതും അവർ ഏർപ്പെടുത്തിയിട്ടുള്ള കമ്മ്യൂണിസ്റ്റ് പാവഗവണ്മെന്റിന്റെ ഭരണത്തിലിരിക്കുന്നതുമായ കിഴക്കെ ജർമ്മനിയിൽനിന്നു് ഇപ്പോൾ ലഭിച്ചിട്ടുണ്ടു്. റോയിട്ടരുടെയും മറ്റും കമ്പിസന്ദേശങ്ങളിൽ നൽകിയിട്ടുള്ള വിവരങ്ങൾ താഴെ ചേർക്കാം.

### കമ്മ്യൂണിസ്റ്റ് ജർമ്മനിയിലെ പണിമുടക്കു്

കമ്മ്യൂണിസ്റ്റ് ഭരണത്തിലുള്ള കിഴക്കെ ബർലിനിലെ അനേകായിരം തൊഴിലാളികൾ പണിമുടക്കി ഫാക്ടറികളിൽനിന്നും പുറത്തിറങ്ങി. "ഞങ്ങൾക്കു് സ്വാതന്ത്ര്യതിരഞ്ഞെടുപ്പു വേണം", "സോഷ്യലിസ്റ്റ് യൂണിറ്റി പാർട്ടി (കമ്മ്യൂ: പാർട്ടി) നശിക്കട്ടെ", "ഗ്രോട്ടുവോൾ (പ്രധാനമന്ത്രി) നശിക്കട്ടെ", "ഗവർമ്മെന്റു് നശിക്കട്ടെ" എന്നീ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടു് അവർ പ്രകടനങ്ങൾ നടത്തി. കല്ലുകൾ വലിച്ചെറിയുക, ജനാലകൾ തകർക്കുക, തീകൊളുത്തുക, അപലപനവാക്യങ്ങൾ വിളിച്ചുപറയുക മുതലായ നാശങ്ങളിലും ബഹളങ്ങളിലും അവർ ഏർപ്പെട്ടു. ലഭിച്ചുകൊണ്ടിരുന്ന പ്രതിഫലം വാങ്ങി കൂടുതൽ ജോലിചെയ്യണമെന്നുള്ള കിഴക്കെ ജർമ്മൻ (കമ്മ്യൂണിസ്റ്റ്) ഗവമ്മെന്റിന്റെ അടുത്ത കാലത്തെ ഉത്തരവു് പണിമുടക്കുകാർ നിർബന്ധിച്ചു പിൻവലിപ്പിച്ചു. ബാരിക്കേഡുകൾ (തെരുവുകളിൽ പോലീസു തല്ക്കാലത്തേക്കു കെട്ടിയുണ്ടാക്കുന്ന മാർഗ്ഗതടസ്സങ്ങൾ) തല്ലിപ്പൊളിക്കുകയും സർക്കാർവക ഷാപ്പുകളുടെ ജനാലകൾ തകർക്കുകയും ചെയ്തു. ഒരു സ്ഥലത്തു് അവർ ഒരു ചെങ്കൊടി കത്തിച്ചു. വേറെ ചിലർ കമ്മ്യൂണിസ്റ്റ് "സമാധാന" പ്രസ്ഥാനക്കാരുടെ പോസ്റ്ററുകൾ വലിച്ചു താഴെയിട്ടു. കിഴക്കെ ബർലിന്റെയും പടിഞ്ഞാറെ ബർലിന്റെയും അതിർത്തികൾ ജനങ്ങളെ അറിയിക്കുവാൻ സാധാരണയായി വച്ചുപ്പെട്ടിരുന്ന അടയാളങ്ങൾ വലിച്ചുപറിച്ചിട്ടുകൊണ്ടു് "ഇങ്ങനെ സകല അതിർത്തിതടസ്സങ്ങളും ഇല്ലാതാകും" എന്നു് ആർത്തുവിളിച്ചു. പണിമുടക്കുകാരെ തിരികെ പണിക്കുപോകുവാൻ ഉദ്ബോധിപ്പിക്കുന്നതിനു് ശ്രമിച്ച കമ്മ്യൂണിസ്റ്റുദ്യോഗസ്ഥന്മാർക്കു് പരുക്കൻ മറുപടികൾ കിട്ടി. ന്യായവാദം ചെയ്യാൻ ശ്രമിച്ച അവരിലൊരാളെ ഉന്തിയുന്തി അതിർത്തിയിലേക്കു കൊണ്ടുവന്നു് പടിഞ്ഞാറേ ബർലിനിലേക്കു് തള്ളിയിട്ടു. പണിമുടക്കുകാരുടെ മൂന്നു വലിയ ഗണം സകല വലിയ കമ്മ്യൂണിസ്റ്റ് പരേഡുകളും നടത്തുന്ന മൈതാനത്തു് ഒന്നിച്ചുകൂടി ഒരു പണിമുടക്കുകമ്മിറ്റി ഏർപ്പെടുത്തുവാൻ ശ്രമിച്ചു. കമ്മിറ്റിയുടെ വിജ്ഞാപനത്തിൽ ആവശ്യപ്പെട്ട കാര്യങ്ങളിൽ ഒന്നു ഗവമ്മെന്റു ഉടനടി രാജിവയ്ക്കണമെന്നായിരുന്നു. പണിമുടക്കുകാർ ചില സ്ഥലങ്ങളിൽ തീ കൊളുത്തിയ കുടിലുകളിലും കെട്ടിടങ്ങളിലുംനിന്നു് നീലപ്പുക അന്തരീക്ഷത്തിൽ ഉയരുന്നതായി കണ്ടു. റോയിട്ടരുടെ ഒരു ലേഖകൻ (Vincent Buist) കിഴക്കെ ബർലിന്റെ ഒരു ഭാഗത്തുനിന്നു് അയച്ച ടെലഫോൺസന്ദേശത്തിൽ പറഞ്ഞിരുന്നു, കിഴക്കെ ബർലിൻകാർ "ലീപ്സിഗിലെ തൊഴിലാളികൾ ബർലിന്റെ നേരെ മാർച്ചു് ചെയ്യുകയാണു്, പോലീസ് ഞങ്ങളുടെ പക്ഷത്തുണ്ടു്, ഇപ്പോൾ റഷ്യാക്കാരോടുമാത്രമേ ഞങ്ങൾ ഏറ്റുമുട്ടേണ്ടതായിട്ടുള്ളു" എന്നു വിളിച്ചു പറഞ്ഞുകൊണ്ടു് അദ്ദേഹത്തിന്റെ കാറിനുചുറ്റും ഒന്നിച്ചുകൂടിയെന്നു്. റോയിട്ടരുടെ വേറൊരു ലേഖകൻ, ജനക്കൂട്ടത്തിന്റെ തിക്കലിൽക്കൂടി സാവധാനം കാറോടിച്ചു പോരുമ്പോൾ കിഴക്കെ ബർലിൻകാരായ പലരും അദ്ദേഹത്തിന്റെ അടുത്തുചെന്നു പറഞ്ഞു തിരികെ പോകണമെന്നു്, അല്ലാത്തപക്ഷം അദ്ദേഹത്തിനു കാർ നഷ്ടപ്പെടുമെന്നു്.

### പണിമുടക്കിന്റെ കാരണം പ്രധാനമന്ത്രി വിശദീകരിക്കുന്നു

പണിമുടക്കിന്റെ ഒരു കാരണം കൂലിയില്ലാത്ത വേലചെയ്യണമെന്നുള്ള ഗവർമ്മെന്റിന്റെ ഒരുത്തരവാണെന്നു് സോവ്യറ്റു റേഡിയോ പ്രസ്താവിച്ചതു് മുകളിൽ സൂചിപ്പിച്ചിരുന്നല്ലോ. കെട്ടിടനിർമ്മാണവേലക്കാരും സർക്കാർ മാനേജുമെന്റുകളും തമ്മിലുള്ള അഭിപ്രായവ്യത്യാസങ്ങളെ തുടർന്നാണു് അസ്വാസ്ഥ്യം പുറപ്പെട്ടതെന്നു് സോവ്യറ്റുമേഖലയിലെ റേഡിയോ പ്രസ്താവിച്ചു. പണിമുടക്കിന്റെ കാരണങ്ങളുടെ കൂടുതൽ വിശദീകരണം കമ്മ്യൂണിസ്റ്റ് പ്രധാനമന്ത്രി ഗ്രോട്ടുവോൾ പണിമുടക്കു നടക്കുമ്പോൾ ചെയ്ത ഒരു പ്രസംഗത്തിലും കമ്മ്യൂ: പാർട്ടിയുടെ ഒരു യോഗത്തിലും നൽകുകയുണ്ടായി. അതിപ്രകാരമായിരുന്നു:

രാജ്യത്തിലെ കുറവുകൾ മിക്കവാറും മുഴുവനായി "ഭരണപരവും പോലീസു് സമ്പ്രദായത്തിലുള്ളതുമായ നടപടികളാൽ" നീക്കം ചെയ്യുന്നതിനു് തന്റെ ഗവർമ്മെന്റു് തെറ്റായി ശ്രമിച്ചു. "തങ്ങൾ നിർവ്യാജം ഏറ്റുപറയുന്ന തെറ്റുകൾ" വികസനപദ്ധതികൾ ത്വരിതപ്പെടുത്തുവാനുള്ള പരമാർത്ഥമായ ശ്രമത്തിൽ ചെയ്തുപോയിട്ടുള്ളതാണു്. "ഭരണപരമായ നടപടികൾ നിർബന്ധമായി ഏർപ്പെടുത്തുന്ന സമ്പ്രദായവും പോലീസിന്റെ ഇടപെടലും" ജനങ്ങളുടെ സൃഷ്ടിപരമായ ശക്തികളെ കെടുത്തിക്കളഞ്ഞു; "മദ്ധ്യവർഗ്ഗക്കാരുടെ ചില്ലറ വ്യാപാരങ്ങളെ ഞെക്കിഞെരുക്കി നശിപ്പിക്കുവാൻ അവ കാരണമായി. കിഴക്കെ ജർമ്മനിയിലെ കൃഷിക്കാർ പടിഞ്ഞാറെ ജർമ്മനിയിലേക്കു് ഓടി രക്ഷപെട്ടതും, ഗവർമ്മെന്റിന്റെ ചില നടപടികളെപ്പറ്റി തൊഴിലാളികൾക്കു് നീതിയുക്തമായ അതൃപ്തിയുള്ളതും" ഈ വസ്തുതയ്ക്കു തെളിവാണു്. വിധിനിർണ്ണായകമായ മാറ്റങ്ങൾ വരുത്തുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവർമ്മെന്റു് ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. ആ മാറ്റങ്ങൾ പാർട്ടിയുടെ സെൻട്രൽ കമ്മിറ്റിയുടെ മുമ്പിൽ താമസിയാതെ ഹാജരാക്കപ്പെടും. "ഒരു പുതിയ അദ്ധ്യായം തുറക്കാതെ മറ്റു യാതൊരു സാദ്ധ്യതയുമില്ല." അതടങ്ങിയിരിക്കുന്നതു്, അപ്രധാനമായ നടപടികൾ പ്രാവർത്തികമാക്കുന്നതിലല്ല, പ്രത്യുത "രാജ്യത്തിലെ സാമ്പത്തികവകുപ്പിൽ പുതിയതും അവശ്യാവശ്യകവുമായ ഭേദഗതി വരുത്തുന്നതിലാണു്."

ഡെപ്യൂട്ടി പ്രധാനമന്ത്രി ഈ കുറ്റസമ്മതങ്ങൾ സ്ഥിരീകരിച്ചു പ്രസംഗിച്ചു. "ഭരണപരമായ മാർഗ്ഗങ്ങളാൽ ഉല്പാദനം വർദ്ധിപ്പിക്കുന്നതും, വർദ്ധനവിന്റെ മാനദണ്ഡങ്ങൾ നിർബന്ധിച്ചു് ഏർപ്പെടുത്തി ഉത്തരവുകൾ നൽകുന്നതും തെറ്റാണെന്നു്" അദ്ദേഹം സമ്മതിച്ചു. തന്മൂലം അവ നിർത്തലാക്കപ്പെടുന്നതാണു്. പാർട്ടിനേതാക്കളിൽനിന്നു് പ്രധാനമായും വിമർശനങ്ങൾ നേരത്തെ ലഭിച്ചിട്ടുണ്ടായിരുന്നു. എങ്കിലും തങ്ങളുടെ നേതാക്കളെ വിമർശിക്കുക പാർട്ടിയംഗങ്ങളുടെ അവകാശം മാത്രമല്ല കർത്തവ്യവുമാകുന്നു. ജനങ്ങളുമായി കൂടുതൽ അടുത്ത സമ്പർക്കം ഏർപ്പെടുത്തുകയും തൊഴിലാളികളുടെ വിമർശനങ്ങൾ കൂടുതൽ ശ്രദ്ധിക്കുകയും ചെയ്യുവാൻ പാർട്ടി ശ്രമിക്കേണ്ടതാണു്.

പ്രധാനമന്ത്രിയുടേയും ഡപ്യൂട്ടി പ്രധാനമന്ത്രിയുടേയും ഈ കുറ്റസമ്മതങ്ങളിൽനിന്നു സ്പഷ്ടമായി തെളിയുന്നുണ്ടു്, കമ്മ്യൂണിസ്റ്റ് ബർലിനിലെ തൊഴിലാളികൾ നടത്തിയ ഇത്ര ഭീമമായ പണിമുടക്കിന്റേയും അത്യന്തം പ്രക്ഷുബ്ധമായ പ്രകടനങ്ങളുടേയും അവയിൽ അവർ സ്വീകരിച്ച നശീകരണപ്രവൃത്തികളുടേയും യഥാർത്ഥകാരണങ്ങളെന്താണെന്നു്. ഇതര കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റുകളെപ്പോലെ കിഴക്കെ ജർമ്മനിയിലെ കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റും ഏകപാർട്ടിയുടെ സ്വേച്ഛാഭരണമാണല്ലോ നടത്തുന്നതു്. ഉല്പാദനം വർദ്ധിപ്പിക്കണമെന്ന ഏകലക്ഷ്യംവച്ചു് തൊഴിലാളികളെക്കൊണ്ടു് മൃഗങ്ങളെപ്പോലെ അവർ വേലചെയ്യിക്കും. അഭിപ്രായസ്വാതന്ത്ര്യമോ സംഘടനാസ്വാതന്ത്ര്യമോ അനുവദിക്കാത്തതിനാൽ ഏതു കഷ്ടതയും മൗനമായി സഹിക്കുകയല്ലാതെ അവിടത്തെ തൊഴിലാളികൾക്കു് ഗത്യന്തരമില്ല. അങ്ങനെയുള്ള സഹനം അങ്ങേ അറ്റത്തു് എത്തിയതിന്റെ ഫലമായിട്ടാണു് കിഴക്കെ ബർലിനിലെ തൊഴിലാളികൾ ആയിരക്കണക്കിനു് പണിമുടക്കുവാനും ലഹളയുണ്ടാക്കുവാനും നശീകരണപ്രവൃത്തികളിൽ ഏർപ്പെടുവാനും ഇടയായതു്. തങ്ങളുടെ അവശതകൾക്കെല്ലാം കാരണം കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്റെ ക്രൂരഭരണമാണെന്നുള്ള ബോദ്ധ്യംകൊണ്ടാണു് ഗവർമ്മെന്റു് നശിക്കട്ടെയെന്നും സ്വാതന്ത്ര്യതിരഞ്ഞെടുപ്പു വേണമെന്നും അവർ മുദ്രാവാക്യങ്ങൾ ഉദ്ഘോഷിച്ചതു്.

### പോലീസും പട്ടാളവും പണിമുടക്കുകാരുടെ നേരെ

തങ്ങളുടെ ജന്മാവകാശങ്ങൾക്കുവേണ്ടി, സഹനം മൂർദ്ധന്യത്തിലെത്തിയശേഷം, ഗത്യന്തരമില്ലാതെ പണിമുടക്കുകയും പ്രകടനങ്ങൾ നടത്തുകയും തങ്ങളുടെ നിരാശയെ നശീകരണപ്രവൃത്തികളാൽ വെളിക്കുവിടുകയും ചെയ്ത ആയിരക്കണക്കിനുള്ള ഈ തൊഴിലാളികളോടു് കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്റെ പോലീസും പട്ടാളവും പെരുമാറിയതെങ്ങനെയെന്നും കമ്പിസന്ദേശങ്ങളിൽ കാണുന്നുണ്ടു്.

പ്രകടനക്കാർ പോലീസുമായി ഏറ്റുമുട്ടി. എതിർപ്പു ശക്തിയായപ്പോൾ പട്ടാളം വെടിവച്ചു. രണ്ടു പ്രകടനക്കാർ മരിക്കുകയും വളരെപ്പേർക്കു് പരുക്കു പറ്റുകയും ചെയ്തു. പ്രകടനക്കാരെ നിർദ്ദയം അടിച്ചമർത്താൻ സോവ്യറ്റു ഗവർമ്മെന്റു് അവരുടെ ടാങ്കു് വ്യൂഹങ്ങൾക്കു് കല്പന കൊടുത്തു. ആയിരക്കണക്കിനു തൊഴിലാളികളുടെമേൽ അവർ പീരങ്കിനിറ ഒഴിച്ചു. പത്തു പതിനഞ്ചുപേർക്കു് പരിക്കേറ്റു. രണ്ടു കിഴക്കൻ ജർമ്മൻകാരെ ടാങ്കിനടിയിലിട്ടു ഞെക്കിക്കൊന്നു. ഈ വെടിവയ്പുകൾമൂലം 7 പേർ കൊല്ലപ്പെട്ടതായും 60 പേർക്കു് പരിക്കേറ്റതായും കണക്കാക്കപ്പെട്ടിരിക്കുന്നു. രണ്ടുപേർ മരിച്ചതു് അവരുടെ തലയ്ക്കുമീതെ സോവ്യറ്റുസേന ടാങ്കു് പായിച്ചപ്പോഴാണു്. ഒരു യുവാവിന്റെ തലയ്ക്കു് വെടിവച്ചു് അയാളെ കൊന്നു. ഡസൻ കണക്കിനു് സോവ്യറ്റു് ടാങ്കുകളും കാലാൾ പടയും റഷ്യനധീനജർമ്മനിയിൽനിന്നു് ബർലിനിലേക്കു നീങ്ങി. സോവ്യറ്റുഭടന്മാർ കാവൽനിന്നു് തൊഴിലാളികളെക്കൊണ്ടു് നാശനഷ്ടങ്ങൾ കേടു തീർപ്പിച്ചുകൊണ്ടിരുന്നു. പ്രക്ഷോഭണത്തിൽ പങ്കെടുത്തതിനു് ഒരു പശ്ചിമബർലിൻകാരനെ തൂക്കിക്കൊല്ലാൻ സോവ്യറ്റു് മിലിറ്ററിയധികാരികൾ വിധിക്കുകയും വിധി നടത്തപ്പെടുകയും ചെയ്തു. റോയിട്ടരുടെ ഒരു ലേഖകനെ പോലീസ് തലസ്ഥാനത്തിനു വെളിയിൽവച്ചു് കിഴക്കെജർമ്മൻപോലീസ് ആക്രമിച്ചു. അദ്ദേഹം പ്രസ് കാർഡ് കാണിച്ചിട്ടും ആക്രമണം തുടരുകയാണുണ്ടായതു്. അയാളുടെ അടുത്തു് ജനക്കൂട്ടത്തിൽ നിന്നിരുന്ന ഒരാളുടെ ഇടയിൽ വെടിയുണ്ട ചെന്നു കയറി. കിഴക്കെ ബർലിനിലെ 18 ലക്ഷം ജനങ്ങളെ കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റു് പട്ടാളനിയമത്തിനു് വിധേയരാക്കി. നിശാനിയമവും നടപ്പാക്കി. മൂന്നുപേരിൽ കൂടുതൽ യാതൊരു സ്ഥലത്തും തടിച്ചുകൂടരുതെന്നു് കർശനമായ ഉത്തരവു് ഗവർമ്മെന്റു് പുറപ്പെടുവിച്ചു. ലഹളസ്ഥലങ്ങളുടെ കേന്ദ്രത്തിൽനിന്നു് ഒരു മൈലിലധികം വ്യാസത്തിൽ സകല ഗതാഗതങ്ങളും നിർത്തിവച്ചു. പണിമുടക്കുകാർ പരേഡ് സ്ഥലത്തു് ഒരു പണിമുടക്കുകമ്മിറ്റി രൂപീകരിക്കുവാൻ കൂടുകയും നേതാക്കന്മാർ ജനക്കൂട്ടത്തോടു പ്രസംഗിച്ചുകൊണ്ടിരിക്കുകയും ചെയ്തപ്പോൾ 6 സോവ്യറ്റു് ടാങ്കുകൾ യന്ത്രത്തോക്കുകളോടും പീരങ്കികളോടുംകൂടി പടയണിയായിവന്നു് ജനക്കൂട്ടത്തിന്റെ നേരെ പാഞ്ഞുകയറി. ഇങ്ങനെ പോകുന്നു ആ പണിമുടക്കിയ അനേകായിരം തൊഴിലാളികളുടെമേൽ കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്റെ പോലീസും പട്ടാളവും പെരുമാറിയ വിധം!

ഈ സംഭവങ്ങളിൽനിന്നെല്ലാം എന്താണു തെളിയുന്നതു്? അമേരിക്കൻ പ്രസിഡൻറു് ഐസനോവറിന്റെ പ്രസ് കോൺഫറൻസിലെ വാക്കുകളിൽ പറഞ്ഞാൽ, "ഇരുമ്പുമറയുടെ പിന്നിൽ സൗഭാഗ്യവാന്മാരായിട്ടാണു് ജനങ്ങൾ കഴിഞ്ഞുകൂടുന്നതെന്നുള്ള കമ്മ്യൂണിസ്റ്റുകഥകൾ അയഥാർത്ഥങ്ങളാണെന്നു്" ഈ സംഭവങ്ങൾ തെളിയിക്കുന്നു. തിരുകൊച്ചിയിലെ പണിമുടക്കുകാരോടും വിപ്ലവപ്രസ്ഥാനക്കാരോടുമുള്ള പോലീസിന്റെ പെരുമാറ്റമെവിടെ, കിഴക്കെ ബർലിനിലെ പണിമുടക്കുകാരോടുള്ള അവിടത്തെ കമ്മ്യൂണിസ്റ്റ് ഗവർമ്മെന്റിന്റെ പോലീസിന്റേയും പട്ടാളത്തിന്റേയും പെരുമാറ്റമെവിടെ? എത്ര നെയ്യാറ്റിങ്കര രാഘവന്മാരും പേട്ട രാജേന്ദ്രന്മാരും കോട്ടാത്തല സുരേന്ദ്രന്മാരും പ്രാഥമികജന്മാവകാശങ്ങളുടെപേരിൽ കമ്മ്യൂ: ജർമ്മനിയിൽ യഥാർത്ഥരക്തസാക്ഷികളായി വീരമരണം പ്രാപിച്ചിരിക്കുന്നു? വഴിപിഴച്ച നേതാക്കളുടെ പ്രേരണയാൽ വാരിക്കുന്തവും മുളകുപൊടിയും മറ്റും കൈയിലേന്തി ലഹളയ്ക്കു പുറപ്പെട്ടതിനാൽ വെടിയേറ്റുമരിച്ച വയലാറിലെ തൊഴിലാളികൾ രക്തസാക്ഷികളായി വാഴ്ത്തപ്പെടുന്നുണ്ടെങ്കിൽ, അവരുടെ സ്മരണയ്ക്കായി കൊല്ലന്തോറും രക്തസാക്ഷിദിനം കൊണ്ടാടുന്നുണ്ടെങ്കിൽ, എത്ര കൂടുതൽ ന്യായത്താൽ ആ വാഴ്ത്തലും കൊണ്ടാട്ടവും കമ്മ്യൂണിസ്റ്റുജർമ്മനിയിൽ നടക്കേണ്ടതാണു്. വയലാർ ലഹളക്കാലത്തു് തിരുവിതാംകൂർ സ്റ്റേറ്റു് കോൺഗ്രസ്സ് പ്രസിഡൻറായിരുന്ന ശ്രീ പട്ടംതാണുപിള്ള ചെയ്തിട്ടുള്ള പ്രസംഗങ്ങളിലും പ്രസ്താവനകളിലും ആ ലഹളക്കാരുടെ ഭീകരപ്രവർത്തനങ്ങൾക്കു സാക്ഷ്യം വഹിച്ചിട്ടുണ്ടു്: "കമ്മ്യൂണിസ്റ്റുതൊഴിലാളികളെ ഭയന്നു് ചേർത്തലയിലെ ജനങ്ങൾ ജീവിക്കുന്നതു ഞാൻ നേരിട്ടു കണ്ടു. അവരുടെ ആക്രമണങ്ങൾക്കു് വിധേയമായ എല്ലാ ഗൃഹങ്ങളും തീവയ്ക്കപ്പെട്ട വീടുകളും ചാപ്രാകളും സന്ദർശിച്ചു. നിർബന്ധപൂർവ്വം കമ്മ്യൂണിസ്റ്റുകാരാൽ നീതരായ പല തൊഴിലാളികളേയും കണ്ടു. അനേകംപേർ വന്നുകണ്ടു് അവരുടെ അനുഭവകഥകൾ വിവരിച്ചു." ഈ ഓർമ്മയും ബോധവും നല്ലപോലെ ഉള്ളിലുള്ളതുകൊണ്ടായിരിക്കാം, തിരു-കൊച്ചിയിലെ പോലീസിന്റേയും മറ്റും തൊഴിലാളിമർദ്ദനങ്ങളുടെ റിപ്പോർട്ടുകൾക്കും അവയെ പരാമർശിക്കുന്ന പ്രസ്താവനകൾക്കും അനേകം കോളങ്ങൾ തുറന്നുകൊടുക്കുന്ന "കേരളകൗമുദി" കമ്മ്യൂണിസ്റ്റുജർമ്മനിയിലെ ഈ ഭയങ്കരമർദ്ദനങ്ങളുടെ റിപ്പോർട്ടുകൾക്കു് വളരെ ചുരുക്കം സ്ഥലംമാത്രം ചെലവഴിച്ചാൽ മതിയെന്നു് നിശ്ചയിച്ചതു്. വൃത്താന്തപത്രമല്ലെങ്കിൽ, പ്രചരണപത്രമാണെങ്കിൽ, അതിലധികം പ്രതീക്ഷിക്കുവാൻ ആർക്കും ന്യായമില്ലല്ലോ!

———

# Sathya Deepam

Vol. 26 Ernakulam July 1, 1953 No. 43


## HIGH-VOLTAGE FAITH

Allesandro Volta, acknowledged as a great scientist especially in the field of electricity where his name has been given to a unit of power, had this to say about his faith:

"I have always, and do now, consider the Catholic religion as the only true and infallible one, and I thank the good God that He has granted me the grace to be a Catholic. I am firmly resolved to live and die in this faith, with the hope of obtaining eternal life. I acknowledge the Catholic faith as a gift of God. I acknowledge it as a supernatural faith. I have spared no human means to strengthen my faith, to conquer every doubt that might arise. I have studied the principles of my faith thoroughly. I have read many books, some in favour of, and some opposed to my faith, and I have become strengthened in my conviction that the Catholic religion is not opposed to reason, and that every right-minded person must acknowledge and love this religion."

## STRANGER'S EULOGY

William Gladstone, celebrated British Prime Minister under Queen Victoria, was no particular friend of the Catholic Church, as was evidenced on various occasions, but among his writings can be found this remarkable testimony:

"The Catholic Church has marched for 1500 years at the head of civilization. She has harnessed to her chariot, as the horses of a triumphal car, the chief intellectual forces of the world; her greatness, her glory, her grandeur and majesty have been almost, though not absolutely, all that in these respects the world has to boast of.

"Her children are more numerous than the children of all other sects combined; she is every day enlarging the boundaries of her vast empire; her altars are raised in every clime, and her missionaries are to be found wherever there are men to be taught the evangel of immortality and souls to be saved.

"And this wondrous church, which is as old as Christianity as universal as mankind, is today, after its twenty centuries of age, as fresh and vigorous and as fruitful as on the day when the Pentecostal fires were showered upon the earth."

# വിവിധവൃത്താന്തങ്ങൾ

### ഡള്ളെസിന്റെ പര്യടനം ശുഭദായകം തന്നെ

അമേരിക്കൻ സെക്രട്ടറി ഓഫ് സ്റ്റേയിറ്റ് തന്റെ പൗരസ്ത്യ ദേശപര്യടനത്തിനിടയ്ക്കു ഇൻഡ്യയിൽ കഴിച്ചുകൂട്ടിയ ദിവസങ്ങൾ സർവ്വഥാ ശുഭദായകമായിരുന്നു. നെഹ്റുവുമായി 6 മണിക്കൂറോളം അദ്ദേഹം കഴിച്ചുകൂട്ടി. പല പ്രമുഖ ഭാരതീയനേതാക്കന്മാരുമായി പ്രശസ്തനായ ആ രാജ്യതന്ത്രജ്ഞൻ പരിചയപ്പെട്ടു. സമുദായോദ്ധാരണപരമായ പല പദ്ധതികളുടെയും പ്രവർത്തനം സംബന്ധിച്ചു അദ്ദേഹം നേരിട്ടുകണ്ടു മനസ്സിലാക്കി. കമ്മ്യൂണിററി പ്രോജക്ററുകൾ ഡള്ളെസിന്റെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിച്ചു. മടക്കത്തിനുമുമ്പു നടത്തിയ പ്രസ്സ് കോൺഫറൻസിൽ അദ്ദേഹം പറഞ്ഞു: സന്ദർശനം അത്യന്തം ഫലപ്രദായകമായിരുന്നു. മി. നെഹ്റുവും ഞാനുമായി തുറന്ന അഭിപ്രായവിനിമയം നടത്തി. ഞങ്ങൾ ഇപ്പോൾ മുമ്പിലത്തേതിൽ വളരെ കൂടുതലായി അന്യോന്യം മനസ്സിലാക്കിയിട്ടുണ്ടെന്നു ഞാൻ അറിയുന്നു.

### പ്രസ്സ് കോൺഫറൻസിലെ ചോദ്യോത്തരങ്ങൾ

ഡൽഹിയിലെ യു. എസ്. എമ്പസിയിൽവച്ചു ഡള്ളെസ് നടത്തിയ പ്രസ്സ് കോൺഫറൻസിൽ ഗണനീയന്മാരായ പല പത്രപ്രവർത്തകന്മാർ സന്നിഹിതരായിരുന്നു. ചോദ്യങ്ങൾ എഴുതി അയക്കുന്നതിനു് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. വിവിധ വിഷയങ്ങളെ പരാമർശിച്ചുള്ള ഒട്ടേറെ ചോദ്യങ്ങൾ അദ്ദേഹത്തിനു ലഭിച്ചു. അതിൽ പതിനഞ്ചു ചോദ്യങ്ങൾക്കുമാത്രം ഉത്തരം പറയുന്നതിനേ സമയമുണ്ടായിരുന്നുള്ളു. എന്നാൽ പ്രസ്തുത ഉത്തരങ്ങൾകൊണ്ടു മററു പ്രശ്നകർത്താക്കളുടെയും ചോദ്യങ്ങൾക്കെല്ലാം സമാധാനം വരത്തക്കവണ്ണം വിശദമായും രേഖാമൂലമായുമാണു് അദ്ദേഹം മറുപടികൾ നൽകിയതു്. ആധുനിക രാഷ്ട്രീയസ്ഥിതിഗതികളെ സ്ഫുടമായി പ്രത്യക്ഷമാക്കിയ ആ ഉത്തരങ്ങൾ സകലരുടെയും പ്രശംസയ്ക്കു വിഷയീഭവിക്കയുണ്ടായി.

### എത്രനാളത്തേക്കു് ഇതു സാധിക്കും?

അനുഗ്രഹങ്ങളുടെ പിതാവെന്ന നിലയിൽ സകല രാജ്യങ്ങൾക്കും സഹായവർഷം ചെയ്യുന്ന അമേരിക്കൻ പരിപാടി എത്രനാളത്തേക്കു തുടരാൻ സാദ്ധ്യമാകുമെന്നും, അമേരിക്കൻ നികുതിദായകന്മാർക്കു ഇതിൽ പ്രതിഷേധമുണ്ടാകയില്ലയോ എന്നുമാണു ഒരു ലണ്ടൻ പത്രപ്രതിനിധി ചോദിച്ചതു്. മററു രാജ്യങ്ങൾ കഷ്ടപ്പാടിന്റെ കടലിൽ നീന്തിവലയുമ്പോൾ അമേരിക്കാ സമ്പൽസമൃദ്ധിയുടെ ഒരു ദ്വീപായി കഴിയുക സാദ്ധ്യമല്ലെന്നു അമേരിക്കാക്കാർക്കു അറിയാമെന്നും, അതിനാൽ സ്വയോദ്ധാരണത്തിനായി പരിശ്രമിക്കുന്ന രാജ്യങ്ങളുടെ നിലയെ ഉന്നമിപ്പിക്കുന്നതിലേക്കു കഴിയുന്നത്ര സഹായം നൽകുന്നതിൽ അമേരിക്കൻ നികുതിദായകന്മാർ ഒരിക്കലും വിമുഖത പ്രദർശിപ്പിക്കുന്നില്ലെന്നുമായിരുന്നു അദ്ദേഹത്തിന്റെ മറുപടി. പരരക്ഷയ്ക്കായുള്ള ഈ നടപടികൾ സ്വയരക്ഷയ്ക്കും ആവശ്യകമാണെന്നു അവർക്കു അറിയാമെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു.

### രക്ഷാസമിതിയോ സാമ്പത്തികോദ്ധാരണമോ?

മദ്ധ്യപൂർവ്വപ്രദേശങ്ങൾക്കു് ഇപ്പോൾ അവശ്യാവശ്യകമായിരിക്കുന്നതു ഒരു രക്ഷാസമിതിയെക്കാൾ സാമ്പത്തികോദ്ധാരണപദ്ധതികളല്ലയോ എന്നായിരുന്നു ടൈംസ് ഓഫ് ഇൻഡ്യാ പ്രതിനിധിയുടെ പ്രശ്നം. വിദ്യാഭ്യാസം, കൃഷി, വ്യവസായം മുതലായ മാർഗ്ഗങ്ങളിൽക്കൂടി ഈ പ്രദേശങ്ങളിലെ സാമ്പത്തികനില ഉയർത്തുക എന്നുള്ളതാണു ഒന്നാമത്തെ ആവശ്യമെന്നുള്ളതിനു യാതൊരു സംശയവുമില്ല. കമ്മ്യൂണിസത്തിന്റെ നില ഉറപ്പാതിരിക്കുന്നതിനുള്ള മാർഗ്ഗവും ഇതുതന്നെ. എന്നാൽ പുറത്തുനിന്നുള്ള ആക്രമണത്തെ തടയേണ്ടതും അതുപോലെ ആവശ്യമായ ഒരു സംഗതിയാണു്. ഈ രാജ്യങ്ങൾ ഒററതിരിഞ്ഞു നിന്നാൽ അവരെക്കൊണ്ടു് ഈ വിഷയത്തിൽ ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. അതുകൊണ്ടാണു് ഒന്നുചേന്നു ഏതെങ്കിലും തരത്തിലുള്ള ഒരു രക്ഷാസമിതി ഉണ്ടായിരിക്കണമെന്നു ഞാൻ പറയുന്നതു് എന്നു ഡള്ളെസ് മറുപടിപറഞ്ഞു.

### സ്തംഭനാവസ്ഥ നീക്കാൻ എന്തുകൊണ്ടു ശ്രമിക്കുന്നില്ല?

സമാധാനകാംക്ഷികളാണെന്നു അമേരിക്കയും റഷ്യയും പറയുന്നുണ്ടു്. മറുകക്ഷിയാണു സമാധാനലംഘനത്തിനു കാരണമെന്നു രണ്ടുകൂട്ടരും അന്യോന്യം കുററാരോപണം ചെയ്തുകൊണ്ടിരിക്കുന്നതല്ലാതെ വാസ്തവത്തിൽ ഒന്നും നടക്കുന്നില്ല. ഈ നില മാററാൻ എന്തുകൊണ്ടാണു അമേരിക്കാ ശ്രമിക്കാത്തതു്? ഇതായിരുന്നു ഒരു ചോദ്യം. അമേരിക്കാ ഇതിലേക്കു പാട്ടുള്ള ശ്രമങ്ങളെല്ലാം ചെയ്യുന്നുണ്ടെന്നും, എന്നാൽ റഷ്യാ അവിടെയെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടാക്കുന്നു എന്നുമായിരുന്നു ഡള്ളെസിന്റെ മറുപടിയുടെ ചുരുക്കം. അദ്ദേഹം പറഞ്ഞു: റഷ്യ കൊറിയായിൽ കൈയേററം നടത്തിയെന്നു യു. എൻ. വിധി പറഞ്ഞു. കൊറിയൻയുദ്ധം റഷ്യ വിചാരിച്ചാൽ അവസാനിപ്പിക്കാം, അവരതു ചെയ്യുന്നില്ല. ലാവോസിലെ ആക്രമണം അവർക്കു അവസാനിപ്പിക്കാൻ കഴിയും. പക്ഷേ അതു ചെയ്യുന്നില്ല. ഏഴുവർഷമായി ആലോചനയിലിരിക്കുന്ന ഓസ്ട്രിയൻ സന്ധി രൂപവൽക്കരിക്കാൻ അവർക്കു സാധിക്കും. അതിനു് ഒരുമ്പെടുന്നില്ല. ഇങ്ങനെ പലതും പറയാനുണ്ടു്. ഇതൊക്കെ ഈ നിലയിൽ കിടക്കുന്ന കാലത്തോളം അമേരിക്കാ എത്രതന്നെ ശ്രമിച്ചാലും സ്തംഭനാവസ്ഥ നീങ്ങുന്നതല്ലെന്നാണു എനിക്കു പറയാനുള്ളതു്.

### കമ്മ്യൂണിസ്റ്റുവിരുദ്ധനയം ഏഷ്യയിൽ ഫലപ്രദമാകുന്നില്ല

ഡൽഹിയിലെ ഒരു പത്ര ഏജൻസിയുടെ പ്രതിനിധി ചോദിച്ചു: കമ്മ്യൂണിസത്തെ തടഞ്ഞുനിറുത്തുകയാണല്ലോ അമേരിക്കൻ നയം. എന്നാൽ ഏഷ്യയിൽ അതു ഫലപ്രദമാകാത്തതെന്താണു്? ഡള്ളെസ് മറുപടിപറഞ്ഞു: ലോകത്തിലെ മൂന്നിലൊന്നോളം വരുന്ന 80 കോടിയോളം ജനങ്ങളെ കമ്മ്യൂണിസ്റ്റുകാർ ഇന്നു അവരുടെ വലയത്തിലാക്കിയിട്ടുണ്ടു്. യാതൊരു സന്മാർഗ്ഗനിയമവുമില്ലാത്ത ഒരു കൂട്ടരാണു കമ്മ്യൂണിസ്റ്റുകാർ. സന്മാർഗ്ഗനിയമമില്ലാത്തിടത്തു ജനാധിപത്യമുണ്ടാകയില്ല. അതിനാൽ വിദ്യാഭ്യാസംവഴി സന്മാർഗ്ഗബോധമുണ്ടാകണം. കൊറിയായിൽ ആ പരിശീലനമാണു ഞങ്ങൾ നടത്തിയതു്. അതു മിക്കവാറും ഫലോദർക്കമായിത്തീരുകയും ചെയ്തു. അപ്പോഴാണു ജനാധിപത്യത്തിന്റെ ആ പരീക്ഷണം വിഫലമാക്കാൻതന്നെ കല്പിച്ചുകൂട്ടിക്കൊണ്ടു കമ്മ്യൂണിസ്റ്റുകാർ അവിടേക്കു ഇരച്ചുകയറിയതു്. അതിനാൽ ഞങ്ങളുടെ കമ്മ്യൂണിസ്റ്റു് വിരുദ്ധ നടപടികൾ ഏഷ്യയിൽ ഫലപ്രദമാകുന്നില്ലെന്നു പറഞ്ഞുകൂടാ.

### അമേരിക്ക എന്തുകൊണ്ടു കമ്മ്യൂണിസത്തെ ഭയപ്പെടുന്നു?

ഇൻഡ്യാ കമ്മ്യൂണിസത്തെ ഭയപ്പെടാതിരിക്കയിൽ ഇത്ര മഹാശക്തിയായ അമേരിക്കാ എന്തുകൊണ്ടാണു് അതിനെ ഇത്ര ഭയപ്പെടുന്നതു് എന്നായിരുന്നു വേറൊരു ചോദ്യം. ഡള്ളെസ് തന്റെ മറുപടിയിൽ പറഞ്ഞു: അമേരിക്കായ്ക്കു കമ്മ്യൂണിസത്തെ തെല്ലും ഭയപ്പെടാനില്ല. കമ്മ്യൂണിസ്റ്റുരാജ്യങ്ങൾ ഒരു യുദ്ധത്തിനു മുതിന്നാൽ അവ തകരുകയേയുള്ളു. എന്നാൽ അമേരിക്കായുടെ ഭയം അതല്ല. ഒരു യുദ്ധം പൊട്ടിപ്പുറപ്പെടാനുള്ള സാദ്ധ്യതകൾ നാലുവഴിക്കും കാണുന്നുണ്ടു്. അങ്ങനെ ഒരു യുദ്ധം ഇനി ഉണ്ടായാൽ ലോകത്തിനു ആകമാനം ഉണ്ടാകാവുന്ന നാശങ്ങൾ നിരവധിയായിരിക്കും. ഇതു കണ്ടുകൊണ്ടു അതു തടയാൻ പാട്ടുള്ള പദ്ധതികൾ സ്വീകരിക്കാതിരുന്നാൽ അതു പരമമൗഢ്യമായിരിക്കയില്ലയോ? ഈ കാരണത്താലാണു് അമേരിക്കാ ഇക്കാര്യത്തിൽ സദാ മുന്നിട്ടുനിന്നു പ്രവർത്തിക്കുന്നതു്. അതു പേടികൊണ്ടാണെന്നു വിചാരിക്കുന്നതാണു അബദ്ധം.

### മതമർദ്ദനപരാതി സ്വേച്ഛാധിപനെ അറിയിച്ചിട്ടുണ്ടു്

ടിറേറാ ബ്രിട്ടനിൽ എത്തിയ അവസരത്തിൽ അദ്ദേഹത്തിന്റെ മതമർദ്ദനപരിപാടികളെപ്പററി കത്തോലിക്കർക്കുള്ള പ്രതിഷേധം അദ്ദേഹത്തെ അറിയിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു പല നിവേദനങ്ങൾ കത്തോലിക്കരുടെ വകയായി ചർച്ചിലിനു സമർപ്പിച്ചിരുന്നു. ചർച്ചിൽ അതേപ്പററി യാതൊന്നും സംസാരിച്ചു ഇല്ലെന്നായിരുന്നു ആദ്യറിപ്പോർട്ടുകൾ. എന്നാൽ ചർച്ചിൽ ആ പരാതികളെല്ലാം തന്റെ അതിഥിയെ ഏല്പിച്ചതായും, അദ്ദേഹം അതെപ്പററി സഗൗരവം ചിന്തിക്കുന്നതാണെന്നു വാക്കുകൊടുത്തിട്ടുള്ളതായും ഇപ്പോൾ സൂക്ഷ്മമായി അറിയുന്നു. ഏതത്സംബന്ധമായി ടിറേറായുമായി നേരിട്ടു കണ്ടു സംസാരിച്ചു ചില പാർലമെൻറു മെമ്പർമാർ വഴിക്കാണു് ഈ വിവരം പുറത്തുവന്നിട്ടുള്ളതു്. അതിനാൽ എന്തെങ്കിലും ചില വ്യതിയാനങ്ങൾ അടുത്തുതന്നെ യൂഗോസ്ലാവിയായിൽ ഉണ്ടായേക്കുമെന്നു അഭിജ്ഞകേന്ദ്രങ്ങൾ പ്രതീക്ഷിക്കുന്നു. പാശ്ചാത്യശക്തികളെ മുഴുവൻ അവഗണിച്ചു മുന്നോട്ടുപോകാൻ ടിറേറാക്കു കരുത്തുണ്ടാകുന്നതല്ല.

---

## ബാലരക്തസാക്ഷി

ആഫ്രിക്കായിലെ കെനിയാ പ്രവിശ്യ "മൗ മൗ" എന്ന ഭീകരപ്രവർത്തകരുടെ വിഹാരരംഗമാണല്ലോ. ഈയിടെ അവർ മരിയാനോ എന്ന ഒരു കത്തോലിക്കാ ബാലനെ രക്തസാക്ഷിമകുടം ചൂടിച്ചിരിക്കുന്നു. കികുയു വർഗ്ഗത്തിൽപ്പെട്ട അവൻ ഒരു ലീജിയൻ പ്രവർത്തകനായിരുന്നു. അവന്റെ സേവനങ്ങളെ അഭിനന്ദിച്ചു മാർപ്പാപ്പ "പ്രൊ എക്ലേസിയാ എത്തു പൊന്തിഫിച്ചെ" എന്ന ബഹുമതിമുദ്ര കല്പിച്ചനുവദിച്ചതാണു്. കെനിയായിലെ മെത്രാൻ അവനതു കൊടുക്കാൻ നിശ്ചയിച്ചിരുന്നതിന്റെ തലേദിവസം അവൻ "മൗ മൗ"ക്കാരുടെ കൈയിൽപ്പെട്ടു. വിശ്വാസത്യാഗം അഥവാ മരണം—രണ്ടിലൊന്നു തിരഞ്ഞെടുക്കാൻ അവൻ നിർബദ്ധനായി. അവൻ ഉചിതമായ ഭാഗം തിരഞ്ഞെടുത്തു. ശത്രുപക്ഷക്കാർ അവന്റെ കഥ കഴിക്കയുംചെയ്തു. ഏതാനും ദിവസങ്ങൾക്കുശേഷം അവന്റെ ശരീരം നദിയിൽനിന്നും കണ്ടെടുത്തു. കഴുത്തു കണ്ടിച്ചിരുന്നു. നെഞ്ചു കുത്തിത്തുറന്നിരുന്നു. അതിനും പുറമെ ഒരു കൈ അവർ ഛേദിച്ചുകളകയും ചെയ്തിരുന്നു.

മൗ മൗ അവന്റെ കഥ കഴിക്കുമെന്നു അവനു് നേരത്തെ അറിയാമായിരുന്നു. അവൻ പറഞ്ഞിരുന്നതു് ഇപ്രകാരമാണു്: "ക്രിസ്തുവിനുവേണ്ടി മരിക്കാൻ ഞാൻ സന്നദ്ധനാണു്. അവർ എന്റെ ശരീരത്തെ കൊന്നേക്കും. ആത്മാവിനെ കൊല്ലാൻ അവർക്കു സാധിക്കയില്ല."

മരിയാനോടൊപ്പം ജോസഫ് ഗദ്സെരൊ, ഡോമിനിക് നയോട്ടു എന്ന മററു രണ്ടു ക്രിസ്ത്യാനികളും വധിക്കപ്പെട്ടു.

കികുയു വർഗ്ഗത്തിൽ ഇപ്പോൾ 12 കത്തോലിക്കാ പുരോഹിതരുണ്ടു്. അവരിൽ നാലുപേർ ഈയിടെയാണു് അഭിഷിക്തരായതു്. ഇററലിയിലെ "കൺസൊലാത്താ" സഭയിൽപ്പെട്ട വൈദികരാണു് അവിടെ മിഷൻവേല ചെയ്യുന്നതു്. അവരുടെ മിഷന്റെ സുവർണ്ണജൂബിലി ഈയിടെ ആഘോഷിക്കുകയുണ്ടായി.